**കെ.എസ്.എ.-കെ.എച്ച്.ആർ-123/എസ്.2/2023** **തീയതി 03.02.2023**

**കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയുടെ**
**2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**

[1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് - 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം - 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്].

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.ഹരികുമാർ.റ്റി.കെ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.01.2022 മുതൽ 30.06.2022 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.ചാക്കോ.റ്റി, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.ജസ്റ്റിൻ രാജ്.എഫ്, അസിസ്റ്റന്റ് ഓഡിറ്റ് |
| | 3. ശ്രീ.മധു.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 4. ശ്രീ.നവനീത്.ബി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **നിർവ്വഹണാധികാരികൾ** | |
| മാനേജിംഗ് ഡയറക്ടർ | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ<br>(01.04.2016 മുതൽ 31.05.2016 വരെ) |
| | ശ്രീ.എസ്.മുരളീധരൻ<br>(01.06.2016 മുതൽ 14.06.2016 വരെ ഇൻ-ചാർജ്) |
| | ശ്രീ.ബി.മന<br>(17.06.2016 മുതൽ 16.08.2016 വരെ അഡീഷണൽ ചാർജ്) |
| | ശ്രീ.ജി.അശോക് ലാൽ<br>(17.08.2016 മുതൽ 31.03.2017 വരെ) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ.എസ്.മുരളീധരൻ<br>(01.04.2016 മുതൽ 15.06.2016 വരെ) |
| | ശ്രീ.ജയൻ.എം.<br>(15.06.2016 മുതൽ 01.12.2016 വരെ) |
| | ശ്രീമതി.ഇന്ദു.എസ്<br>(31.12.2016 മുതൽ 31.03.2017 വരെ) |

| | | |
|---|---|---|
| ഫിനാൻസ് ഓഫീസർ | ശ്രീ.മോഹനൻ.എസ്<br>(01.04.2016 മുതൽ 30.06.2016 വരെ) |
| | ശ്രീമതി.ഷീന.സി.കുട്ടപ്പൻ<br>(12.07.2016 മുതൽ 31.03.2017 വരെ) |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.ജി.വേണുഗോപാൽ<br>(01.04.2016 മുതൽ 31.07.2016 വരെ) |
| | ശ്രീ.ഷാജി.എസ്<br>(01.08.2016 മുതൽ 31.03.2017 വരെ) |

**ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കുകൾ**

കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ 2016-17 സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി ആസ്ഥാനകാര്യാലയത്തിലെ വരവ്-ചെലവ് കണക്കുകളും 6 യൂണിറ്റുകളിലെ വരവ് കണക്കുളും പരിശോധിച്ചു. യൂണിറ്റുകളിലെ വരവ് നോട്ടിന്റെ പ്രസക്ത ഖണ്ഡികകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഓഡിറ്റ് റിപ്പോർട്ടിന് നാല് ഭാഗങ്ങളുണ്ട്.

| | |
|---|---|
| ഭാഗം - I | ആമുഖം, പൊതു അവലോകനം, സ്ഥാപനത്തിലെ പൊതു പ്രവണതകൾ, ആഭ്യന്തര നിയന്ത്രണം, ഓഡിറ്റ് നിർദ്ദേശങ്ങൾ മുതലായവ. |
| ഭാഗം - II | വരവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. |
| ഭാഗം - III | ചെലവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. |
| ഭാഗം - IV | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും. |

## ഭാഗം - I

**ആമുഖം**

1955-ലെ ട്രാവൻകൂർ-കൊച്ചി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII അനുസരിച്ച് 19.06.1973-ലെ സർക്കാർ ഉത്തരവ് (കൈ) 146/73/HD പ്രകാരം സ്ഥാപിതമായതും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുമായ ഒരു പങ്കാളിത്ത സ്ഥാപനമാണ് കേരള ഹെൽത്ത് റിസർച്ച് & വെൽഫയർസൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്). കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും, തിരുവനന്തപുരത്ത് രജിസ്റ്റേഡ് ആസ്ഥാന കാര്യാലയമുള്ളതുമായ ഈ സ്ഥാപനത്തിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ആറ് മേഖലാ കാര്യാലയങ്ങളുമുണ്ട്.

പ്രവർത്തന ലക്ഷ്യം

- സർക്കാർ ആതുരാലയങ്ങളിലെ രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് കേരള സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുക.
- തനത് ഫണ്ട്, സർക്കാർ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സംഭാവന, വായ്പ എന്നിവ വിനിയോഗിച്ച് സർക്കാർ ആതുരാലയങ്ങളിൽ രോഗികളുടെ താമസത്തിനും ചികിത്സയ്ക്കും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് പരിപാലിക്കുക.
- പേ വാർഡുകളിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് വായ്പകൾ തിരിച്ചടക്കുകയും ബാക്കിയുള്ള പണം സർക്കാർ ആതുരാലയങ്ങളിലെ രോഗികളുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും ചെയ്യുക.
- രോഗികളുടെ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുക.
- ഡിസ്ചാർജ് ചെയ്യപ്പെടുന്ന മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന രോഗികൾക്ക് പുനരധിവാസം ഒരുക്കുക.
- രോഗികളുടെ സ്ഥിതിവിവരകണക്കുകൾ, ആരോഗ്യപരവും ശാസ്ത്രീയവുമായുള്ള അറിവുകളുടെ ശേഖരണം, പ്രസിദ്ധീകരണം, പ്രചരണം.

**ഭരണനിർവ്വഹണം**

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ ഭരണ നിർവ്വഹണത്തിന് രണ്ട് സമിതികൾ ഉണ്ട്.

◆ സൊസൈറ്റിയുടെ മുഴുവൻ അംഗങ്ങളും ഉൾപ്പെടുന്ന ജനറൽ ബോഡി.

◆ കേരള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ചെയർമാനും, വൈസ് ചെയർമാനും, മാനേജിംഗ് ഡയറക്ടറുമുൾപ്പെടെ കുറഞ്ഞത് 7 പേരും പരമാവധി 15 പേരും ഉൾപ്പെട്ട ഭരണ നിർവ്വഹണ സമിതി (Governing body)

സ്ഥാപനത്തിന്റെ ഭരണച്ചുമതല ഗവേണിംഗ് ബോഡിക്കാണ്. മുഖ്യഭരണ നിർവ്വഹണ

ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറാണ്. മാനേജിംഗ് ഡയറക്ടർക്ക് കീഴിൽ 6 മേഖലാ മാനേജർമാരും, ആസ്ഥാന കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും, ഫിനാൻസ് ഓഫീസറും പ്രവർത്തിക്കുന്നു.

**യൂണിറ്റുകൾ**

സർക്കാർ ആതുരാലയത്തിലെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിവിധ മേഖലകളിലായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ താഴെപ്പറയുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

| തിരുവനന്തപുരം മേഖല | |
|---|---|
| **എ) പേവാർഡുകൾ** | |
| 1) | മെഡിക്കൽ കോളേജ്, തിരുവനന്തപുരം (Old & Delux) |
| 2) | എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം (Old & Delux) |
| 3) | വനിതാ- ശിശു ആശുപത്രി, തൈക്കാട്, തിരുവനന്തപുരം |
| 4) | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 5) | ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട |
| 6) | താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം |
| 7) | റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം |
| 8) | പഞ്ചകർമ്മ ആശുപത്രി, പൂജപ്പുര, തിരുവനന്തപുരം |
| 9) | ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര |
| 10) | ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| 11) | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ് |
| 12) | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല |
| 13) | ഗവൺമെന്റ് ആയുർവേദ ആശുപത്രി, നെയ്യാറ്റിൻകര |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ** | |
| 1) | എ.സി.ആർ.ലാബ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം. |
| 2) | എ.സി.ആർ.ലാബ്, വനിതാ-ശിശു ആശുപത്രി, തൈക്കാട്. |
| 3) | എ.സി.ആർ.ലാബ്, എം.എൽ.എ. ഹോസ്റ്റൽ, തിരുവനന്തപുരം. |
| 4) | എ.സി.ആർ.ലാബ്, പേരൂർക്കട |
| 5) | എ.സി.ആർ.ലാബ്, ആസ്ഥാനകാര്യാലയം |
| 6) | കാത്ത് ലാബ് & ഐ.സി.യു - മെഡിക്കൽ കോളേജ്, തിരുവനന്തപുരം. |
| 7) | എൻഡോസ്കോപ്പി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം. |
| 8) | അൾട്രാസൗണ്ട് സ്കാൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം. |

| | |
|---|---|
| 9) | അൾട്രാസൗണ്ട് സ്കാൻ, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം. |
| സി) | ഐ.പി.പി. പ്രസ്സ്, തിരുവനന്തപുരം |

| കൊല്ലം മേഖല | |
|---|---|
| **എ) പേവാർഡുകൾ** | |
| 1 | ജില്ലാ ആശുപത്രി, കൊല്ലം |
| 2 | ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം |
| 3 | ജനറൽ ആശുപത്രി, പത്തനംതിട്ട |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, അടൂർ |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ** | |
| 1 | എ.സി.ആർ.ലാബ്, വിക്ടോറിയ ആശുപത്രി, കൊല്ലം. |

| കോട്ടയം മേഖല | |
|---|---|
| **എ) പേവാർഡുകൾ** | |
| 1 | മെഡിക്കൽ കോളേജ് , കോട്ടയം |
| 2 | ഐ.സി.എച്ച്, കോട്ടയം |
| 3 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചങ്ങനാശ്ശേരി |
| 5 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പാല |
| 6 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കാഞ്ഞിരപ്പള്ളി |
| 7 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ |
| 8 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വൈക്കം |
| 9 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല |
| 10 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് |
| 11 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മാവേലിക്കര |
| 12 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം |
| 13 | വനിതാ-ശിശു ആശുപത്രി, ആലപ്പുഴ |
| 14 | ജനറൽ ആശുപത്രി, ആലപ്പുഴ |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ** | |

| | |
|---|---|
| 1 | എ.സി.ആർ. ലാബ്, മെഡിക്കൽ കോളേജ്, കോട്ടയം |
| 2 | എ.സി.ആർ. ലാബ്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് |
| 3 | എൻ.ഐ.സി.ലാബ്, മെഡിക്കൽ കോളേജ്, കോട്ടയം |

| തൃശ്ശൂർ മേഖല | |
|---|---|
| **എ) പേവാർഡുകൾ** | |
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ |
| 2 | ജനറൽ ആശുപത്രി, എറണാകുളം |
| 3 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൃപ്പൂണിത്തുറ |
| 4 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ |
| 5 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം |
| 6 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ആലുവ |
| 7 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വടക്കൻ പറവൂർ |
| 8 | മെഡിക്കൽ കോളേജ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ |
| 9 | ജനറൽ ആശുപത്രി, തൃശ്ശൂർ |
| 10 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഇരിങ്ങാലക്കുട |
| 11 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊടുങ്ങല്ലൂർ |
| 12 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വടക്കാഞ്ചേരി |
| 13 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട് |
| 14 | മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ |
| 15 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി |

| കോഴിക്കോട് മേഖല | |
|---|---|
| **എ) പേവാർഡുകൾ** | |
| 1 | മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 2 | മെഡിക്കൽ കോളേജ്, മഞ്ചേരി |
| 3 | ജില്ലാ ആശുപത്രി, പാലക്കാട് |
| 4 | ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട് |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരിന്തൽമണ്ണ |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂർ |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പൊന്നാനി |

| | |
|---|---|
| 8 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ |
| 9 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി |
| 10 | സാമൂഹിക ആരോഗ്യകേന്ദ്രം, നെന്മാറ |
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറ്റൂർ |
| 13 | ഐ.എം.സി.എച്ച്, കോഴിക്കോട് |
| 14 | വനിതാ-ശിശു ആശുപത്രി, കോട്ടപ്പറമ്പ |
| 15 | ജില്ലാ ആശുപത്രി, മാനന്തവാടി |
| 16 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി |
| 17 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി |
| 18 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വടകര |
| 19 | ജനറൽ ആശുപത്രി, താമരശ്ശേരി |
| 20 | ജനറൽ ആശുപത്രി, നാദാപുരം |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ്** | |
| 1 | എ.സി.ആർ.ലാബ്, മെഡിക്കൽ കോളേജ്, മഞ്ചേരി |
| 2 | എ.സി.ആർ.ലാബ്, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 3 | സി.റ്റി.സ്കാൻ മെഡിക്കൽ കോളേജ്, മഞ്ചേരി |
| 4 | സി.റ്റി.സ്കാൻ മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 5 | വീഡിയോ എൻഡോസ്കോപ്പി, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 6 | എക്കോ കാർഡിയോഗ്രാം, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 7 | യു.എസ്.ജി സ്കാൻ മെഡിക്കൽ കോളേജ്, മഞ്ചേരി |

| **കണ്ണൂർ മേഖല** | |
|---|---|
| **എ) പേ വാർഡുകൾ** | |
| 1 | ജില്ലാ ആശുപത്രി, കണ്ണൂർ |
| 2 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |
| 3 | ജനറൽ ആശുപത്രി, കാസർഗോഡ് |
| 4 | ജനറൽ ആശുപത്രി, പയ്യന്നൂർ |
| 5 | ആയുർവേദ ആശുപത്രി, പരിയാരം |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് |

| ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ് | |
|---|---|
| 1 | എ.സി.ആർ.ലാബ്, ജനറൽ ആശുപത്രി, പയ്യന്നൂർ |
| 2 | എ.സി.ആർ.ലാബ്, കൂത്തുപറമ്പ് |
| 3 | എ.സി.ആർ.ലാബ്, കാഞ്ഞങ്ങാട് |

**ഓഡിറ്റിന് വിധേയമാക്കിയ യൂണിറ്റുകൾ**

1. പേവാർഡ്, ജില്ലാ ആശുപത്രി, നെടുമങ്ങാട്
2. പേവാർഡ്,  ജില്ലാ ആശുപത്രി, കൊല്ലം
3. എ.സി.ആർ.ലാബ്, എം.സി.എച്ച്, കോഴിക്കോട്
4. പേ വാർഡ്, മാതൃകാ ജില്ലാ ആശുപത്രി, പേരൂർക്കട
5. പേവാർഡ്, മെഡിക്കൽ കോളേജ്, കോട്ടയം
6. പേവാർഡ്, മെഡിക്കൽ കോളേജ്, നെഞ്ചുരോഗാശുപത്രി, തൃശ്ശൂർ

## പൊതു അവലോകനം

### 1.1 വാർഷിക കണക്ക് യഥാസമയം ഹാജരാക്കിയില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫോറത്തിലും എക്സിക്യൂട്ടീവ് അധികാരി തയ്യാറാക്കി ആ സാമ്പത്തിക വർഷം അവസാനിച്ച ശേഷം നാലുമാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ 31.7.2017 നുള്ളിൽ ഓഡിറ്റിനായി സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ 09.11.2021 നാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർവർഷങ്ങളിലെ കണക്കുകൾ നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല.

### 1.2 ക്യാഷ് ബുക്ക്, ലഡ്ജർ, അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

പണം കൈകാര്യം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും T.R-7 എ ഫോമിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതുണ്ട്. (കേരള ട്രഷറി കോഡ് റൂൾ 92-എ). സ്ഥാപനത്തിൽ അത്തരത്തിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ഓരോ ചെലവിനങ്ങളും പ്രത്യേകമായി വീക്ഷിക്കുന്നതിന് ലഡ്ജർ അനിവാര്യമാണ്. എന്നാൽ സ്ഥാപനത്തിൽ ലഡ്ജറുകൾ എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഡി.ഡി.രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഫിക്സഡ് അസറ്റ് രജിസ്റ്റർ മുതലായവ ഒന്നും തന്നെ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. കോടിക്കണക്കിന് തുകയുടെ വരവു ചെലവുകൾ ഉള്ള സ്ഥാപനത്തിൽ മേൽ രജിസ്റ്ററുകൾ പരിപാലിക്കാത്തത് ഗൗരവമായി കാണുന്നു.

### 1.3. യൂണിറ്റുകളിൽ സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ അധീനതയിലുള്ള പേവാർഡുകൾ, എ.സി.ആർ. ലാബുകൾ, ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ രസീതു ബുക്കുകൾ, റീഫണ്ട് വൗച്ചറുകൾ, റീയേജന്റുകൾ, ആൻജിയോ കിറ്റുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

വൻതുകയുള്ള റീയേജന്റുകൾ സ്റ്റോക്കിലെടുത്തു വിനിയോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നത് മൂലം സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്നുണ്ട്. (ഉദാ- എ.സി.ആർ.ലാബ്, എം.സി.എച്ച്, കോഴിക്കോട് ഭാഗം.2 ൽ വിവരിക്കുന്നുണ്ട്). രസീതുകളുടെയും റീഫണ്ട് വൗച്ചറുകളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്നും, റീയേജന്റുകളുടെ സ്റ്റോക്ക് വിനിയോഗ വിവരങ്ങൾ ശരിയായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട മേഖലാമാനേജർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## 1.4 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് 09.11.2021 നാണ് ഓഡിറ്റിന് സമർപ്പിച്ചത്. ഇതു സംബന്ധിച്ച് 09.05.2022-ന് നൽകിയ ഓഡിറ്റ് അന്വേഷണം-22 ന് 14.6.2022, 21.6.2022 തീയതികളിൽ ലഭ്യമാക്കിയ മറുപടി, അനുബന്ധരേഖകൾ എന്നിവ കൂടി പരിശോധിച്ച ശേഷമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ -12 Creditors for Expenses ൽ EPF payable Employees, Power, Fuel & Water എന്നീ ഹെഡുകളിൽ യഥാക്രമം 14,67,541/, 1,25,00,000/ എന്നീ തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ മുൻകാല വാർഷിക കണക്കുകളിലെ ആവർത്തനമാണ്.

2. (i) ഷെഡ്യൂൾ-13-Other Liabilities- KCWWF Payable- 16,34,607/- (Ledger Account) പ്രകാരം 01.04.2016-ലെ മുന്നിരിപ്പ് 17,05,008/-രൂപയും തൻവർഷ വരവ് 5,28,057/- രൂപയും ഒടുക്ക് 5,98,458/-രൂപയും നീക്കിയിരിപ്പ് - 16,34,607/- രൂപയും.

(ii) VAT Payable IPP Press 3,05,881/ VAT Payable – Sale of scrap - 33,969/ - VAT Payable – Tender Schedule – 1,31,726/ - എന്നീ തുകകൾ മുൻ വാർഷിക കണക്കിലെ ആവർത്തനമാണ്. ബാധ്യതയായി നിലനിർത്തിയിരുന്ന പ്രസ്തുത തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല/ഒടുക്കിയിട്ടില്ല. നിയമാനുസൃതം ഒടുക്കുവരുത്തേണ്ട തുകകൾ യഥാസമയം ഒടുക്കിയിട്ടില്ലായെന്ന് വാർഷികകണക്കുകൾ വ്യക്തമാക്കുന്നു.

3. ഷെഡ്യൂൾ-13-Other Liabilities-ൽ താഴെപ്പറയുന്ന ഹെഡുകളിലെ തുക മുൻവാർഷിക കണക്കിലെ ആവർത്തനമാണ്.

| | |
|---|---|
| GPAIS Payable | 600/- |
| GPAIS Payable | 5400/- |
| HBA | 1593/- |
| Pending Salary | 1080/- |
| Refund of Advance Payable | 316/- |
| SLI Payable Permanent H.O & Regions | 100/- |
| VPF Payable | 3,804/- |

പ്രസ്തുത ബാധ്യതകൾ തുടരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

## 1.5 വൗച്ചർ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ പരിപാലിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചറുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് ബില്ലുകൾ റദ്ദാക്കി പാസ് ഓർഡർ രേഖപ്പെടുത്തുന്നില്ല.
2. ചെലവ് തുകകൾക്കുള്ള ബില്ലുകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ എല്ലാ വൗച്ചറുകളിലും ഉൾപ്പെടുത്തുന്നില്ല.
3. TDS ഒടുക്കിയ വൗച്ചറുകളിൽ ആകെ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.
4. മാഞ്ഞുപോയ അവസ്ഥയിലുള്ള തെർമൽ പ്രിന്റിംഗ് മെഷീൻ ബില്ലുകളും വൗച്ചറുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ യഥാർത്ഥ പകർപ്പ് കൂടി ചേർത്തിട്ടില്ല.
5. സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളിൽ നിന്നും ഇംപ്രസ്റ്റ് തുകകളുടെ റീക്കൂപ്പ്മെന്റിനായി അയയ്ക്കുന്ന ചെലവ് രേഖകൾക്കൊപ്പം ബില്ലുകളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റുകൾ ചേർത്തിട്ടില്ല.
6. സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് തുകകൾ പരസ്പരം മാറ്റുമ്പോൾ, പ്രസ്തുത തുകകൾ ക്രഡിറ്റ് ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല.
7. റീയേജന്റുകൾക്ക് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ കൈയെഴുത്ത് പ്രതികളാണ് വൗച്ചറുകളോടൊപ്പം ചേർത്തിട്ടുള്ളത്.
8. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിൽ, സാക്ഷ്യപ്പെടുത്തിയ മസ്റ്റർ റോളുകൾ ഉൾപ്പെടുത്തുന്നില്ല.
9. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ ഇനങ്ങളിൽ കുറവ് വരുത്തി അതാത് ഹെഡുകളിൽ ഒടുക്കുന്ന തുകകളുടെ ചെലാനുകൾ ഉൾപ്പെടുത്തിയിട്ടില്ല.
10. വിവിധ റീജിയനുകളിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ ഇന്ധന ചെലവ് തുകകൾ റീക്കൂപ്പ് ചെയ്തു നൽകുന്നതിൽ അതാത് വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ, അതാത് വർഷം ഇന്ധന ക്ഷമതാ പരിശോധനാ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം എന്നിവ ഉൾപ്പെടുത്തുന്നില്ല.

ഓരോ വൗച്ചറിലെയും ചെലവിനെ സാധൂകരിക്കുന്ന എല്ലാ രേഖകളുടെയും അസലുകൾ ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 1.6 വാഹന പരിപാലനം - അപാകതകൾ

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ആസ്ഥാന കാര്യാലയത്തിൽ KL 01 BJ-7669 Ford Fiesta, KL01 AL-220 Maruti Suzuki Baleno എന്നീ വാഹനങ്ങളാണ് 2016-17 വർഷം ഉപയോഗിച്ചിരുന്നത്. ഇവയുടെ ലോഗ്ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന

അപാകതകൾ/ പൊരുത്തക്കേടുകൾ കാണുന്നു.

1. G.O.(Rt)No.582/75/PW, തീയതി-05.05.1975 പ്രകാരം വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ നടത്തണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ KL 01 BJ-7669 28.06.2014 നും KL 01 AL-220 27.11.2014 നും ശേഷം ഇന്ധന ക്ഷമതാ പരിശോധന നടത്തിയിട്ടില്ല.

2. സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച 1971-ലെ ചട്ടം -33 പ്രകാരം യാത്ര തുടങ്ങുന്നതിനു മുമ്പ് തന്നെ ലോഗ്ബുക്കിൽ യാത്ര സംബന്ധിച്ച് ആവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരം, മറ്റ് വിവരങ്ങൾ, യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. KL 01 AL-220 വാഹനം 28.06.2016-ന് ശേഷം ഉപയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. ചട്ടം -41 പ്രകാരം ഓരോ മാസവും തൻമാസ ഇന്ധന ഉപയോഗം, യാത്രാ ചെയ്ത ദൂരം എന്നിവയുടെ സംക്ഷിപ്തം അവസാന പ്രവൃത്തി ദിവസം ലോഗ് ബുക്കിൽ രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ KL 01 BJ-7669 ന്റെ 06/2016, KL 01 AL-220 ന്റെ 11/2016, 12/2016, 01/2017, 02/2017 മാസങ്ങളിലെ പ്രതിമാസ സാക്ഷ്യപത്രം എഴുതിയിട്ടില്ല.

4. KL 01 BJ-7669 വാഹനത്തിൽ 2016 ഒക്ടോബർ മാസം ആകെ 302.43 ലിറ്റർ ഡീസൽ നിറച്ചിട്ടുണ്ടെങ്കിലും പ്രതിമാസ സംക്ഷിപ്തത്തിൽ 283.28 ലിറ്റർ എന്നും ടാങ്ക് ബാലൻസ് ഇല്ല എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. ചില മാസങ്ങളിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധിശേഷിയേക്കാൾ കൂടുതൽ ഇന്ധനം ടാങ്ക് ബാലൻസ് ഉള്ളതായി പ്രതിമാസ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ടാങ്ക് ബാലൻസ് (ലിറ്റർ) | |
|---|---|---|
| | KL 01 AL-220 | KL 01 BJ -7669 |
| 30.04.2016 | 76.67 | 57.62 |
| 31.05.2016 | 86.98 | 81.76 |
| 30.05.2016 | 95.41 | --- |
| 30.07.2016 | 100.24 | 51.6 |
| 31.08.2016 | 104.98 | 52.18 |
| 29.09.2016 | 181.22 | -- |
| 29.10.2016 | 175.34 | --- |

6. KL 01 AL-220 Maruti Suzuki Baleno കാർ ലോഗ് ബുക്ക് പ്രകാരം 15.02.2017 വരെയാണ് ഉപയോഗിച്ചിട്ടുള്ളത്. അതിന് ശേഷം ഉപയോഗിക്കാത്ത പ്രസ്തുത വാഹനം പൊതുമരാമത്ത്വകുപ്പ്/ആരോഗ്യവകുപ്പ് മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് വില നിശ്ചയിച്ച് ലേലം ചെയ്ത തുക മുതൽക്കൂട്ടുന്നതിന് നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം മുൻ റിപ്പോർട്ടുകളിലും പ്രതിപാദിച്ചിട്ടുണ്ട്. വർഷം കഴിയുന്തോറും വാഹനത്തിന്റെ മൂല്യം കുറയുമെന്നതിനാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്ന് ഈയിനത്തിൽ നഷ്ടം ഉണ്ടാകുകയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 22.06.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണം - 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1.7 വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ യഥാസമയം ഒടുക്കുന്നില്ല – വൻതുക കുടിശ്ശിക

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ വിവിധ യൂണിറ്റുകളുടെ വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവ യഥാസമയം ഒടുക്കാത്തതിനാൽ ഈയിനങ്ങളിൽ 2016-17 വൻതുക കുടിശ്ശികയുള്ള തായി ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**I വെള്ളക്കരം**

| ക്രമ നം. | കൺസ്യൂമർ നമ്പർ | ബിൽ നമ്പർ | കുടിശ്ശിക(₹) |
|---|---|---|---|
| 1 | PKG/6746/N | 23386141/19.01.2017 | 4,18,854 |
| 2 | VAZ/4973/N | 22521442/13.12.2016 | 98,52,882 |
| 3 | KPR/5245/N | 22851476/26.12.16 | 2,41,49,916 |
| 4 | KPR/4024/N | 22851485/26.12.16 | 9,11,91,920 |
| 5 | NTA/942/N | 24210598/23.02.17 | 2,40,679 |
| 6 | TLN/264/N | 23720623/04.02.17 | 12,08,305 |
| 7 | MNT/1348/N | 22940101/03.01.17 | 19,98,102 |
| 8 | KGO/36/N | 23974119/14.02.17 | 73,89,405 |
| 9 | PL-1/372/N | 22014579/03.01.17 | 16,87,175 |
| 10 | PTA/273/N | 23525346/25.01.17 | 48,86,036 |
| 11 | MCH/187/N | 20321436/25.08.16 | 5,44,51,060 |

| II . വൈദ്യുതി ചാർജ് | | | |
|---|---|---|---|
| 1 | 1346 | 0776/11-2016 | 43,880 |
| 2 | 7110 | 0772/11-2016 | 15,506 |
| 3 | 5065 | 2083/11-2016 | 19,097 |
| 4 | 4810 | 0090/11-2016 | 42,812 |
| 5 | 1959 | 0347/12-2016 | 10,366 |
| 6 | 8757 | 1923/12-2016 | 2,11,198 |
| 7 | 5065 | 0185/12-2016 | 8,947 |

കുടിശ്ശിക തുക ഒടുക്കാതെ ദ്വൈമാസ ചാർജ് മാത്രം ഒടുക്കുകയാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (38/10.6.2022, 40/13.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ കൃത്യമായി ഒടുക്കേണ്ടത് ഉപഭോക്താവിന്റെ ബാധ്യതയാണ്. ഇവ ഒടുക്കാതെ കുടിശ്ശികയാക്കുന്നത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ ഭരണപരമായ വീഴ്ചയായി വിലയിരുത്തുന്നു. ഇവ കുടിശ്ശികയായി തുടരുന്നത്മൂലം ഭാവിയിൽ പിഴപ്പലിശ ഉൾപ്പെടെ വൻതുക ഒടുക്കേണ്ട സാഹചര്യം സംജാതമാകും. ഇത് സ്ഥാപനത്തിന് അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകും. ഇക്കാര്യത്തിൽ മാനേജ്മെന്റിന്റെ അടിയന്തിരശ്രദ്ധയുണ്ടാകേണ്ടതാണ്.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വൈദ്യുതി വാട്ടർ കണക്ഷനുകളുടെ കൺസ്യൂമർ നമ്പരുകൾ, താരിഫ്, കുടിശ്ശിക ഉൾപ്പെടെ സമ്പൂർണ്ണ വിവരങ്ങൾ ശേഖരിച്ച് ആസ്ഥാന കാര്യാലയത്തിൽ ക്രോഡീകരിക്കേണ്ടതും KSEB, KWA അധികൃതരുമായി ബന്ധപ്പെട്ട് ബില്ലുകൾ യഥാസമയം ലഭ്യമാക്കുന്നതിനും ബിൽ തുക കേന്ദ്രീകൃതമായി ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1.8 അച്ചടി മാധ്യമങ്ങളിൽ പരസ്യം നൽകുന്നത് - കൂടുതൽ ശ്രദ്ധ അനിവാര്യം

സ.ഉ.(സാ.ധാ.) നം.1/2011/ഐ.&പി.ആർ.ഡി, തീയതി-04.01.2011 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ അച്ചടി മാധ്യമങ്ങളിൽ പരസ്യം നൽകുമ്പോൾ 15% കിഴിവ് ലഭിക്കുമെന്ന വ്യവസ്ഥയുണ്ട്.

2016-17 കാലയളവിൽ നൽകിയ പരസ്യങ്ങളിൽ ചിലതിന് കിഴിവ് ലഭിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രസിദ്ധീകരണം | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക | ലഭിക്കേണ്ട കിഴിവ് |
|---|---|---|---|---|---|
| 1 | മാതൃഭൂമി | 429/16-17 | 476207/26.5.2016 | 6279 | 942 |
| 2 | ഹലോ കേരള | 1145/16-17 | 653298/24.5.2016 | 2500 | 375 |

| | | | | | |
|---|---|---|---|---|---|
| 3 | സിറ്റി ടൈംസ് | 1939/16-17 | 869125/07.02.2017 | 5000 | 750 |

ഈ വിഷയത്തിന്മേൽ നൽകിയഓഡിറ്റ് അന്വേഷണത്തിന് (നം.35, തീയതി - 07.06.2022) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഓരോ വർഷവും പല പ്രസിദ്ധീകരണങ്ങളിലായി നിരവധി പരസ്യങ്ങൾ നൽകുന്നുണ്ട്. 2016-17 സാമ്പത്തികവർഷം 1,82,551/-രൂപ പരസ്യം നൽകിയതിന് ചെലവഴിച്ചിട്ടുണ്ട്. സർക്കുലേഷൻ കുറവുള്ളതും പരിമിതമായ എണ്ണം മാത്രം പ്രസിദ്ധീകരിക്കുന്നതുമായ പല പ്രസിദ്ധീകരണങ്ങളിലും പരസ്യം നൽകിയതായി കാണുന്നു. ഇത്തരം പ്രവണത ഒഴിവാക്കണമെന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

പത്രമാധ്യമങ്ങളിൽ പരസ്യം നൽകുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള നിരക്ക് മാത്രം നൽകുന്നതിനും സർക്കാർ നിർദ്ദേശാനുസരണമുള്ള കിഴിവ് ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1.9 തസ്തിക നിർണ്ണയം നടത്താതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു - നിയമനങ്ങൾ പി.എസ്.സിയിൽ നിക്ഷിപ്തമാക്കി ചട്ടങ്ങൾ രൂപീകരിക്കുന്നില്ല.

G.O.(MS)No.98/2000/H&FWD, dated-22.4.2000 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള KHRWS സ്പെഷ്യൽ റൂളിൽ അംഗീകൃത സർവ്വകലാശാല ബിരുദം, Manual of Office procedure, Account Test (higher) എന്നീ യോഗ്യതകളുള്ളവരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കാമെന്നും ഇവർക്ക് 3:2:1 എന്ന റേഷ്യോയിൽ യഥാക്രമം ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവരുടെ ജോലിഭാരം കണക്കാക്കി തസ്തിക നിർണ്ണയം നാളിതുവരെയും നടത്തിയിട്ടില്ല. സൊസൈറ്റി ജീവനക്കാർക്ക് G.O.(MS)No.74/2015/ H&FWD, dated 16.04.2015 ൽ അനുവദിച്ച 2009 ശമ്പളപരിഷ്ക്കരണ ഉത്തരവിൽ ജൂനിയർ അസിസ്റ്റന്റിന്റെ ഒരു തസ്തികയ്ക്ക് മാത്രമാണ് ₹ 11620-20740 ശമ്പളനിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ തൻവർഷം (2016-17) 3 ഉദ്യോഗസ്ഥരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലും 1 ഉദ്യോഗസ്ഥനെ സീനിയർ അസിസ്റ്റന്റ് തസ്തികയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം.13/2016-17, തീയതി 22.4.2022)യ്ക്ക് മറുപടിയായി, KHRWS ൽ അതാതുകാലം ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക എന്നിവ കണക്കാക്കി പ്രൊപ്പോസൽ നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണ ഉത്തരവ് സർക്കാരിൽ നിന്നും ലഭിക്കാറുള്ളതെന്നും അപ്രകാരം 9-ാം ശമ്പളപരിഷ്കരണ കാലയളവിൽ ഒരാൾ മാത്രമാണ് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്നതായി കാണുന്നതെന്നും ഈ ഒരു തസ്തിക സൊസൈറ്റിയുടെ ആസ്ഥാന കാര്യാലയത്തിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലാത്തതിനാൽ ആകെ 13 ജീവനക്കാർ നിലവിൽ ക്ലറിക്കൽ ജോലികൾ ചെയ്തു വരുന്നുവെന്നും സൊസൈറ്റിയിലെ മുഴുവൻ ജീവനക്കാരുടെയും തസ്തികനിർണ്ണയം നടത്തുന്നതിനായി സർക്കാരിലേക്ക് നല്കിയ പ്രൊപ്പോസൽ പ്രകാരം (നം. എ.6/3166/19, KHRWS, dtd -26.5.2017 ) work study യുടെ പ്രാരംഭ പ്രവർത്തനങ്ങൾ P&ARD ആരംഭിച്ചിട്ടുണ്ടെന്നും രേഖാമൂലം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

P&ARD-യുമായി ബന്ധപ്പെട്ട് work study നടത്തി തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതും, നിയമനങ്ങൾ സുതാര്യവും നീതിപൂർവ്വമാക്കുന്നതിന് നിയമനചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1.10 വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത ജീവനക്കാരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു - സ്പെഷ്യൽ റൂളിന് വിരുദ്ധം.

G.O.(MS) No.98/2000/H&FWD, dated-22.4.2022 പ്രകാരം അംഗീകൃത സർവ്വകലാശാല ബിരുദവും, MOP, Account Test (H) എന്നീ വകുപ്പുതല പരീക്ഷ വിജയിച്ച 2 വർഷം പ്രവർത്തിപരിചയമുള്ളവരുമായ PWK Gr.I തസ്തികയിൽ സൊസൈറ്റിയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും സ്ഥാനക്കയറ്റത്തിലൂടെയോ, ഇവരുടെ അഭാവത്തിൽ ഈ യോഗ്യതകളുള്ളവരിൽ നിന്നും നേരിട്ടോ (ഇതിൽ സൊസൈറ്റി ജീവനക്കാർക്ക് മുൻഗണന നല്കിയിട്ടുണ്ട്. ) ആണ് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തേണ്ടത്.

എന്നാൽ ഈ വ്യവസ്ഥകൾ മറികടന്ന് മേൽ യോഗ്യതകൾ ഇല്ലാത്തവരും PWA ആയി ജോലി ചെയ്തു വന്നിരുന്നവരുമായ 2 ജീവനക്കാരെ ജൂനിയർ അസിസ്റ്റന്റ് ആയി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ആസ്ഥാനകാര്യാലയത്തിൽ നിയമിച്ചിരിക്കുന്നു. ഇതു കൂടാതെ, ആസ്ഥാനകാര്യാലയത്തിൽ കാഷ്യർ കം ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനെ PWK ആയും IPP പ്രസ്സിൽ ബൈൻഡർ ആയ ജീവനക്കാരനെ കാഷ്യർ തസ്തികയിലും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പകരം, ഇവരുടെ പഴയ തസ്തികകളിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ ദിവസവേതന/ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ നിയമിച്ചിരിക്കുന്നു.

സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യത ഇല്ലാത്ത ജീവനക്കാരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തിരികെ PWA ആയും PWK ആയി ജോലി ചെയ്യുന്ന ജീവനക്കാരനെ തിരികെ കാഷ്യർ-കം-ടൈപ്പിസ്റ്റ് ആയും മാറ്റി നിയമിക്കേണ്ടതാണ്. (മേൽ പരാമർശിച്ച മറ്റ് ജീവനക്കാരൻ തസ്തികയിൽ നിന്നും 31.5.2022 ൽ വിരമിച്ചിട്ടുണ്ട്.)

സൊസൈറ്റിയിൽ ഒഴിവ് വരുന്ന തസ്തികകളിൽ employment exchange (Compulsory Notification of Vacancies Act) 1959 ലെ വ്യവസ്ഥകൾക്ക് വിധേയമായി employment exchange വഴി നിയമനം നടത്തേണ്ടതാണ്.

## 1.11 റീയേജന്റുകളുടെ സ്റ്റോക്ക് കേന്ദ്രീകൃത രീതിയിൽ സൂക്ഷിക്കുന്നില്ല.

സൊസൈറ്റിയുടെ ഉടമസ്ഥതയിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്ന ACR ലാബുകളിലേയ്ക്കാവശ്യമായ റീയേജന്റുകൾ, കൺസ്യൂമബിളുകൾ എന്നിവ വാങ്ങുന്നതിന് ആസ്ഥാന കാര്യാലയത്തിൽ നിന്നും വിതരണ ഉത്തരവ് നൽകുകയും , ആയത് പ്രകാരം അതാത് ലാബുകളിൽ വിതരണം ചെയ്യപ്പെടുന്നവ മാന്വലായി സ്റ്റോക്കിലെടുക്കുകയും ആയതിന്റെ ബില്ലുകൾ തിരികെ(ആസ്ഥാന കാര്യാലയത്തിൽ) ലഭിക്കുന്ന മുറയ്ക്ക് അവയുടെ വില ബന്ധപ്പെട്ട കമ്പനികൾക്ക് അനുവദിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത ബില്ലുകൾ യഥാവിധി പരിശോധിയ്ക്കാതെ expiry Date കഴിഞ്ഞ സാധനങ്ങൾക്കും തുക അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (വിശദാംശങ്ങൾ ഖണ്ഡിക നം.3.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്യപ്പെടുന്നവയുടെ എണ്ണം, ഓരോ ദിവസത്തെയും ഉപയോഗം, അതിനനുസരിച്ചുള്ള സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നത്, ഓരോ ടെസ്റ്റിൽ നിന്നും സ്ഥാപനത്തിന് ലഭിക്കുന്ന വരവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ആസ്ഥാനകാര്യാലയത്തിൽ ലഭ്യമല്ല. ACR ലാബുകളിൽ നടത്തിയിട്ടുള്ള പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിൽ വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുമുണ്ട്.

ആയതിനാൽ മേൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ തയ്യാറാക്കി ഇന്റർനെറ്റ് സഹായത്തോടെ ഏത് ACR ലാബിലെയും റീ ഏജന്റുകളും മറ്റുള്ളവയുടെയും സ്റ്റോക്ക്, ഓരോ ടെസ്റ്റിൽ നിന്നും ലഭിക്കുന്ന വരവ്, പ്രതിദിന ആകെ തുക എന്നിവ ആസ്ഥാന കാര്യാലയത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതും , അപ്രകാരം ACR ലാബുകളിലെ സ്റ്റോക്ക് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കേണ്ടതുമാണ്.

## 1.12 നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് താത്കാലിക നിയമനങ്ങൾ നടത്തുന്നു.

G.O.(MS).146/1973/HD, തീയതി 19.6.1973 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Rules & Regulations of the KHRWS Rule 21(i) അനുസരിച്ച് ₹600 ഉം അതിൽ കൂടുതൽ അടിസ്ഥാനശമ്പളമുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂറായുള്ള അനുവാദം ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം

G.O.(Rt) 1789/2006/H & FWD, Dated - 19.5.2007-ൽ സൊസൈറ്റി ജീവനക്കാർക്ക് 2004 ശമ്പള പരിഷ്കരണം അനുവദിച്ചതോടൊപ്പം നൽകിയിട്ടുള്ള നിബന്ധന നം. VI ൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിയ്ക്കാൻ പാടുള്ളൂ എന്നും, നിബന്ധന VII ൽ അപ്രകാരം (സർക്കാർ അനുമതിയോടെ) പുതിയ തസ്തിക സൃഷ്ടിയ്ക്കാതെ നിയമനം നടത്തരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. താത്കാലിക ജീവനക്കാർക്ക് 02/2017-ലെ ശമ്പളം അനുവദിച്ച വൗച്ചർ (നം.2113/2016-17, ചെക്ക് നം.882954, തീയതി 6.3.2017) പരിശോധിച്ചതിൽ സൊസൈറ്റിയുടെ വിവിധ റീജിയനുകളുടെ കീഴിൽ ജീവനക്കാർ (താത്കാലികാടിസ്ഥാനത്തിൽ) ജോലി ചെയ്യുന്നു. ഇവർക്ക് തൻവർഷം പ്രതിഫലം ഇനത്തിൽ ആകെ ₹ 6,53,38,474/- നല്കിയിട്ടുണ്ട്.

05.01.1988-ലെ സർക്കുലർ നം.39483/G.2/87/LBR പ്രകാരം PSC യുടെ പരിധിയിൽപ്പെടാത്ത സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (Compulsory Notification of Vacancies) Act 1959 ലെ വ്യവസ്ഥകൾ അനുസരിച്ച് നികത്തണമെന്നും എല്ലാ സ്ഥാപനമേധാവികൾക്കും ഇത് നടപ്പിലാക്കുന്നതിനുള്ള വ്യക്തിപരമായ ഉത്തരവാദിത്തമുണ്ടെന്നും വ്യവസ്ഥ ചെയ്യുന്നു. തുടർന്ന് സർക്കുലർ നം. 25941/G.2/2013/LBR, തീയതി-05.02.2014, നം.104713/G.2/തൊഴിൽ, തീയതി - 26.12.2016 എന്നിവ പ്രകാരവും ഈ നിർദ്ദേശങ്ങൾ ആവർത്തിച്ചിട്ടുണ്ട്.

തൻവർഷം (2016-17) താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ തസ്തിക ഇവരെ നിയമിച്ച തസ്തികകൾ സൃഷ്ടിച്ച സർക്കാർ ഉത്തരവുകൾ മുതലായവ ലഭ്യമാക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറി (നം.10/2016-17, തീയതി -13.4.2022) യ്ക്ക് മറുപടി നൽകിയിട്ടില്ല.

ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി താത്കാലിക നിയമനങ്ങൾ നേരിട്ട് നടത്തിയതിന്റെ കാരണം വിശദീകരിയ്ക്കേണ്ടതാണ്.

### 1.13 സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ വിടുതൽ ചെയ്യുന്നതിനു മുമ്പ് പുതിയ ജീവക്കാരൻ ചുമതലയെടുത്തു - അധിക ചെലവ് ഒഴിവാക്കണം

പേ ബിൽ രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥർ സ്ഥലംമാറ്റം ലഭിച്ച് സൊസൈറ്റിയിൽ നിന്നും വിടുതൽ ചെയത് പോകുന്നതിനു മുമ്പ് പ്രസ്തുത തസ്തികയിൽ പുതുതായി നിയമനം ലഭിച്ച ഉദ്യോഗസ്ഥർ ചാർജ്ജ് എടുക്കുന്നതു കാരണം രണ്ടു പേർക്കും ഒരേ ദിവസത്തെ ശമ്പളം അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**I. സ്ഥലം മാറ്റം ലഭിച്ച ഉദ്യോഗസ്ഥൻ:**

| | | |
|---|---|---|
| പേര് | - | ശ്രീ.ജയൻ.എം |
| സേവന കാലയളവ് | - | 15.06.2016 മുതൽ 01.12.2016 FN. |

ശമ്പളം നല്കിയ കാലയളവ് - 15.06.2016 - 30.11.2016

11/16 ലെ ആകെ ശമ്പളം - ₹77833 (വൗച്ചർ നം.1564/16-17,ചെക്ക് നം. 901850/1.12.16)

ഒരു ദിവസത്തെ (30.11.2016 ലെ) ശമ്പളം - ₹ 2594

## II. പകരം നിയമിതനായ ഉദ്യോഗസ്ഥൻ:

പേര് - ശ്രീ.എം.അബ്ദുൾ കലാം

സേവന കാലയളവ് - 30.11.2016 മുതൽ 30.12.2016 വരെ.

ശമ്പളം നല്കിയ കാലയളവ് - 30.11.2016 മുതൽ 30.12.2016 വരെ

30.11.2016 ലെ ആകെ ശമ്പളം - 77833 (വൗച്ചർ നം. 1564/16-17, ചെക്ക് നം. 901850/1.12.16)

ഒരു ദിവസത്തെ (30.11.2016 ലെ) ശമ്പളം - ₹2594 (വൗച്ചർ നം. 1980/16-17, ചെക്ക് നം. 867155/13.02.17)

ഇത്തരത്തിലെ അധിക ചെലവ് ഒഴിവാക്കാനായി പുതിയ ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സൊസൈറ്റിയിൽ ലഭിക്കുന്നമുറയ്ക്ക് നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥനെ വിടുതൽ ചെയ്ത ശേഷം പുതിയതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ചാർജ്ജ് എടുക്കുന്നതിന് സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1.14 സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനുള്ള നടപടികൾ വൈകുന്നു - താത്പര്യപത്രം ക്ഷണിച്ചതിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമല്ല.

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ചട്ടം 21(I), 21(VI) എന്നിവ പ്രകാരം മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ അടിസ്ഥാന ശമ്പളം 600/- രൂപയ്ക്ക് മുകളിലുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അതുപോലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണ്. 01.11.1990-ലെ G.O.(MS)2000/90/H&FWD പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യു.എസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 22.04.2000-ലെ സർക്കാർ ഉത്തരവ് 98/2000/ H&FWD പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യു.എസ് ലെ അംഗീകൃത തസ്തികകളും അനുബന്ധ യോഗ്യതകളും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ പുറത്തിറക്കി ഇതിൻപ്രകാരം 35 സ്ഥിരം തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എ.സി.ആർ. ലാബുകളിലേയും, റീജയണൽ ഓഫീസുകളിലേയും അംഗീകൃത തസ്തികകൾ ഏതൊക്കെയാണെന്ന് സ്പെഷ്യൽ റൂൾസിൽ വ്യക്തമല്ല.

സ്പെഷ്യൽ റൂൾസ് കാലികമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. 25.02.2006-ലെ സ.ഉ.(സാ.ധാ.).674/2005/ H&FWD പ്രകാരം ഒരു സമിതി രൂപീകരിച്ചുവെങ്കിലും തുടർ നടപടികളെടുത്ത വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

30.10.2015-ലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, MD-യുടെ ഉത്തരവ് നമ്പർ A7/428/14/KHRWS പ്രകാരം " Invitation for Competition offers for the preparation of revised special Rules and Staff Pattern (Re-structuring of KHRWS) ന വേണ്ടി താത്പര്യപത്രം (Expression of Interest) ക്ഷണിക്കുകയും ചെയ്തു. ഇതിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർക്ക് 04.04.2022 ൽ ഓഡിറ്റ് അന്വേഷണം-7 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പെഷ്യൽ റൂൾസ് കാലാനുസൃതമായി മാറ്റം വരുത്താനുള്ള സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1.15 സൗജന്യ ചികിത്സാ പദ്ധതികളിലുൾപ്പെട്ട രോഗികളുടെ ലാബ് പരിശോധന ഫീസ് തിരികെ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

സംസ്ഥാന സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളായ RSBY (Rashtriya Swasthya Bima Yojana), JSSK (Janani Shishu Surakshna Karyakram), RBSK (Rashtriya Bal Swasthya Karyakram), ആരോഗ്യകിരണം തുടങ്ങിയ നിരവധി പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് KHRWS എ.സി.ആർ ലാബുകൾ പണം ഈടാക്കാതെ പരിശോധനകൾ നടത്തുകയും പിന്നീട് സർക്കാരിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്തു നൽകുകയും ചെയ്യുന്നു. 2016-2017 കാലഘട്ടത്തിൽ ഇത്തരത്തിൽ സൗജന്യലാബ് പരിശോധന നടത്തിയതിനു ശേഷം സർക്കാരിൽ നിന്ന് പണം റീ-ഇംബേഴ്സ് ലഭിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധരേഖകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 26.03.2022-ൽ ഓഡിറ്റ് അന്വേഷണം-5 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാരിന്റെ വിവിധ പദ്ധതികളിൽപ്പെട്ടവർക്ക് നൽകുന്ന സൗജന്യ ലാബ് പരിശോധനാചെലവുകൾ റീ-ഇംബേഴ്സ് ചെയ്തുകിട്ടാനുള്ള നടപടിയെടുക്കണമെന്നും ആയതിന് യഥാവിധമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1.16 മരാമത്ത് പ്രവൃത്തികളിൽ അപാകതകൾ ആവർത്തിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഉടനീളം അപാകതകളുണ്ടാകുന്നു. ആയത് ആവർത്തിക്കുന്ന പ്രവണതയാണുള്ളത്. അപാകതകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടി നിയമങ്ങൾ പാലിക്കുന്നില്ല. ടെണ്ടർ ചെയ്യുമ്പോൾ ഒരൊറ്റ ടെണ്ടറാണ് ലഭിക്കുന്നതെങ്കിൽ റീ ടെണ്ടർ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.
2. സമയബന്ധിതമായി കരാർ ചമയ്ക്കുന്നില്ല.
3. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൃത്യത ഇല്ല.
4. പൂർത്തീകരണകാലാവധിക്കുള്ളിൽ ഒരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല.

5. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ട സാഹചര്യങ്ങളിൽ ആയത് തയ്യാറാക്കുന്നില്ല.
6. VAT കോംപൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല.
7. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഫൈനൽ ബിൽ നൽകുന്നതിന് മാത്രമായി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നു.
8. 1973-ലെ റൂൾസ് & റഗുലേഷൻ സെക്ഷൻ-21 പ്രകാരം 10 ലക്ഷം രൂപയിൽ അധികരിച്ചുള്ളവയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുന്നില്ല.
9. വർക്ക് ബിൽ, എം.ബുക്ക് എന്നിവയിലെ തുകകളിൽ വ്യത്യാസം.
10. വർക്ക് ബിൽ, അനുബന്ധരേഖകൾ എന്നിവ ക്രമീകരിച്ച് ഫയൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ എഞ്ചിനീയറിംഗ് വിഭാഗംപ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റൂൾസ്, പി.ഡബ്ല്യൂ.ഡി. മാന്വൽ, അനുബന്ധ ഉത്തരവുകൾ എന്നിവ പാലിച്ച് പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.(ഈ വിഷയത്തിലെ വിശദാംശങ്ങൾ ഭാഗം III ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1.17 മാനേജിംഗ് ഡയറക്ടറുടെ ക്ഷാമബത്ത കുടിശ്ശികയിൽ നിന്നും രണ്ട് തവണ ഇ.പി.എഫ് വിഹിതം ഈടാക്കി.

മാനേജിംഗ് ഡയറക്ടർ, ശ്രീ.കെ.ആർ. ഹരീന്ദ്രനാഥിന്റെ 01.01.16 - 30.04.16 വരെയുള്ള ക്ഷാമബത്ത കുടിശ്ശികയിൽ നിന്നും ഇ.പി.എഫ്. വിഹിതമായ ₹ 1,633/ രണ്ട് തവണ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. (ആയതിന്റെ ചെല്ലാനുകൾ ഹാജരാക്കിയിട്ടുമില്ല.) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (₹) |
|---|---|---|---|
| 1 | 768/16-17 | 996886/25.7.16 | 1,633 |
| 2 | 503/16-17 | 476253/21.6.16 | 1,633 |
| **ആകെ** | | | **3,266** |

ശ്രീ.കെ.ആർ.ഹരീന്ദ്രനാഥ് 31.5.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചു. ആകയാൽ അദ്ദേഹത്തിന്റെ ഇ.പി.എഫ്. അക്കൗണ്ട് പരിശോധിച്ച് മേൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് തുകകളും (₹1,633/-വീതം) അദ്ദേഹത്തിന്റെ അക്കൗണ്ടിൽ വരവായിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

Intentionally Left Blank

## ഭാഗം II

## (വരവ് ഇനങ്ങളിലെ പരാമർശങ്ങൾ)

### 2.1 ജില്ലാ ആശുപത്രി, കൊല്ലം

കൊല്ലം ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേവാർഡുകളുടെ 2016-17 മുതൽ 2019-20 വരെയുള്ള വരവ് ഓഡിറ്റിൻമേലുള്ള പ്രസക്ത ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

#### 1. തുക ഒടുക്കിയതിൽ കുറവ് - 2,500 രൂപ നഷ്ടം

ദിവസേനയുള്ള രസീതു വരവുകൾ ക്യാഷ് ബുക്കിൽ ചേർത്ത് ബാങ്കിൽ അടയ്ക്കുന്നതിൽ രണ്ട് രസീതുകളിലെ തുകയിൽ ക്യാഷ് ബുക്കിൽ ചേർത്ത് അടവാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബുക്ക് നം./ രസീത് നം./തീയതി | പേര് /തുക | അക്കൗണ്ട് ചെയ്ത തുക (₹) | വ്യത്യാസം (₹) |
|---|---|---|---|---|
| 1 | 89611/04.10.19 | ജിജി ₹1500 | 500 (1500 എന്നത് 500 രൂപയായി രസീത് തിരുത്തി ) | 1000 |
| 2 | 84771/20.06.19 | ജോസഫ് ₹1500 | ക്യാൻസൽ ചെയ്തതായി കാണിച്ചിരിക്കുന്നു. അലോട്ട്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. രസീതിന്റെ ഒറിജിനലും സൂക്ഷിച്ചിട്ടില്ല. | 1500 |
| **ആകെ** | | | | **2,500/-** |

ഓഡിറ്റ് എൻക്വയറി നം.4/17.12.2021 പ്രകാരം കൊല്ലം ജില്ലാ ആശുപത്രി ലേ സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി അക്കൗണ്ട് ചെയ്ത 2,500/- രൂപ ബാങ്കിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

#### 2. പേ വാർഡ് വരവ് ഒടുക്കിയതിലെ കാലതാമസം

പേ വാർഡ് വാടകയായി പിരിക്കുന്ന തുകയിൽ നിന്നും അതാത് ദിവസത്തെ റീഫണ്ട് നൽകിയശേഷം തൊട്ടടുത്ത പ്രവൃത്തി ദിവസം കെ.എച്ച്.ആർ.ഡബ്ല്യു.എസ് അക്കൗണ്ടിൽ ഒടുക്കുന്ന രീതിയാണ് യൂണിറ്റുകൾ അവലംബിക്കുന്നത്. ഓഡിറ്റ് കാലയളവിൽ 05.09.2016 ന് ശേഷം 23.9.2016 നാണ് അതുവരെയുള്ള വരവ് തുകയായ 1,00,900/-രൂപ അക്കൗണ്ടിൽ

ഒടുക്കിയിട്ടുള്ളതെന്ന് ക്യാഷ് ബുക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തി. ഇത് സംബന്ധിച്ച് 17.12.2021-ന് ലേ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണം 5-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(സാധാ) നം.938/75/എച്ച്.ഡി, തീയതി - 03.04.1975 പ്രകാരം പേ വാർഡ് വാടകയിനത്തിൽ പിരിക്കുന്ന തുക ഓരോ ആഴ്ചയിലും KHRWS ന്റെ അക്കൗണ്ടിൽ ഒടുക്കു വരുത്തണമെന്ന് നിർദ്ദേശമുണ്ട്. പേവാർഡ് വരവ് തുക ഒടുക്കുന്നതിൽ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കേണ്ടതും സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

### 3. പേ വാർഡ് കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കണം

1976 ൽ ആരംഭിച്ച ഇരുനിലകളിലായി 26 മുറികളുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പഴയ പേ വാർഡ് കെട്ടിടത്തിലെ മുറികൾ രോഗികൾക്ക് അനുവദിക്കാനാവാത്ത വിധം ശോചനീയാവസ്ഥയിലാണ്. മുറികളിലെ സീലിംഗ് അടർന്നുവീഴുന്ന സ്ഥിതിയിലാണ്. ചുവരുകളിൽ ഈർപ്പം നിലനിൽക്കുന്നത് കാരണം പെയിന്റും പ്ലാസ്റ്ററിംഗും പൊളിഞ്ഞിളകുന്ന അവസ്ഥയിലാണ് എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ അവസ്ഥയിൽ മുറികൾ രോഗികൾക്ക് അനുവദിക്കാനാവില്ല. ശൗചാലയങ്ങളിൽ എക്സ്ഹോസ്റ്റ് സംവിധാനം, എയർ ഹോളുകളിൽ കൊതുകുവല എന്നിവ സ്ഥാപിക്കാത്തതും അപാകതയാണ്. പ്രസ്തുത കെട്ടിടത്തിൽ 2011 ന് ശേഷം യാതൊരു അറ്റകുറ്റപ്പണികളും നടത്തിയിട്ടില്ല. പേ വാർഡ് കെട്ടിടം അനിവാര്യമായ സിവിൽ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തി രോഗികൾക്കനുവദിക്കുന്നതിനുള്ള നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് സ്വീകരിക്കേണ്ടതാണ്.

ജനതാ പേ വാർഡ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. എന്നാൽ ആയതിലെ 3-ാം നിലയിലെ മുറികൾ രോഗികൾക്ക് നൽകുന്നതിന് അനുയോജ്യമായ റാമ്പ് സൗകര്യം ചെയ്തിട്ടില്ല. ആവശ്യങ്ങൾക്ക് അനുസൃതമായി ലക്ഷ്യബോധത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ആയതുപ്രകാരം പ്രവർത്തികൾ നടത്താത്തതുമൂലം KHRWS ന് ഇത്തരത്തിലുള്ള നഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. മെയിന്റനൻസിനായി വൻതുകകൾ ചെലവഴിക്കുന്നുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2.2 ജില്ലാ ആശുപത്രി, നെടുമങ്ങാട്

നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡു കളുടെ 2016-17 മുതൽ 2019-20 വരെയുള്ള വരവ് ഓഡിറ്റിൻമേലുള്ള പ്രസക്ത ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

### 1) വരവ് തുക അക്കൗണ്ട് ചെയ്തതിൽ ₹ 2000 കുറവ്

പരിശോധനയ്ക്കായി ഹാജരാക്കിയ രസീതുകളും ക്യാഷ് ബുക്കുകളും പരിശോധിച്ചതിൽ ₹ 2000 കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബുക്ക് നം./രസീത് നം./തീയതി | തുക (₹) | അക്കൗണ്ട് ചെയ്ത തുക (₹) | കുറവ് തുക (₹) |
|---|---|---|---|---|
| 1 | 2897/289662<br>19.08.16 | 2000 | 500 | 1500 |
| 2 | 5575/557416<br>09.01.19 | 2800 | 2300 | 500 |
| **ആകെ** | | | | **2,000/-രൂപ** |

ഇത് സംബന്ധിച്ച് നെടുമങ്ങാട് ഗവ.ആശുപത്രി ലേ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/22.12.2021) മറുപടിയായി കുറവ് വന്ന തുക സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കത്ത് നൽകുകയും തുടർന്ന് വിശദമായ മറുപടി നൽകുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

അക്കൗണ്ട് ചെയ്തതിൽ കുറവ് വന്ന ₹2,000/-രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

### 2) മുറി വാടക ഈടാക്കിയതിൽ കുറവ് - നഷ്ടം 8,500/-രൂപ

അലോട്ട്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാടക കണക്കാക്കി ഈടാക്കിയതിലെ അപാകതകൾ മൂലം 8,500/-രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേ വാർഡ് ഇനം./ റൂം നമ്പർ | പേര് | ഉപയോ ഗിച്ച തീയതി/ ദിവസം | പ്രതി ദിന വാടക | ആകെ ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | പഴയത്6 | ലേഖ | 20.12.19-13.04.19(51) | 300 | 15300 | 14400 | 900 |
| 2 | പഴയത് 7 | ചന്ദ്രമതി | 20.5.19-26.05.19(6) | 300 | 1800 | 1500 | 300 |
| 3 | പഴയത് 8 | അക്ഷയ കൃഷ്ണ | 24.06.19-01.07.19(7) | 300 | 2100 | 1500 | 600 |
| 4 | പഴയത് 8 | ഷൈലജ | 30.10.19-12.11.19(12) | 300 | 3600 | 3300 | 300 |
| 5 | ജനത 9 | ആദികേശൻ | 29.11.19-5.12.19(6) | 400 | 2400 | 2000 | 400 |
| 6 | ജനത 9 | ശകുന്തള | 9.1.2020-15.1.2020(6) | 400 | 2400 | 2000 | 400 |
| 7 | ജനത 10 | ലതിക | 29.11.19-5.12.19 | 400 | 2400 | 2000 | 400 |
| 8 | ജനത 17 | നിഷിദ | 23.06.19-01.07.19(8) | 400 | 3200 | 2400 | 800 |
| 9 | ജനത 17 | രാജൻ | 4.8.19-11.08.19(7) | 400 | 2800 | 2000 | 800 |
| 10 | ജനത 17 | കൃഷ്ണദേവ് | 30.09.19-8.10.19(8) | 400 | 3200 | 2400 | 800 |
| 11 | ജനത 17 | പ്രഭാകരൻ | 11.04.19-19.04.19(8) | 400 | 3200 | 2400 | 800 |
| 12 | ജനത 18 | അസീം | 13.05.19-21.05.19(8) | 400 | 3200 | 2000 | 1200 |
| 13 | ജനത 18 | കൃഷ്ണൻ നാടാർ | 09.10.19-18.10.19(9) | 400 | 3600 | 3200 | 400 |
| 14 | ജനത 19 | അരുൺ | 5.10.19-11.10.19(6) | 400 | 2400 | 2000 | 400 |
| | | | ആകെ | | | | 8,500 |

മേൽ തുകയെ സംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി 3/23.12.2021 ലേ സെക്രട്ടറിക്ക് നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി

ഈടാക്കിയ 8,500/-രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2.3 മെഡിക്കൽ കോളേജ്, കോട്ടയം

മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേവാർഡുകളുടെ 2016-17 മുതൽ 2019-20 വരെയുള്ള വരവ് ഓഡിറ്റിൻമേലുള്ള പ്രസക്ത ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

### 1. വരവ് തുകകൾ പൂർണ്ണമായി ബാങ്കിൽ ഒടുക്കുന്നില്ല.

പേവാർഡ് വാടകയിനത്തിലെ വരവ് തുക തൊട്ടടുത്ത ദിവസത്തിൽ പൂർണ്ണമായി ബാങ്കിൽ ഒടുക്കു വരുത്തുന്നില്ല. ഓരോ ദിവസവും അധിക തുകകൾ കൈയ്യിൽ സൂക്ഷിക്കുന്നത് താല്ക്കാലിക പണാപഹരണമാണ്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വരവ് തുക (മുന്നിരിപ്പ് ഉൾപ്പെടെ) | ബാങ്കിൽ അടവാക്കിയ തുക | കൈയ്യിരിപ്പ് തുക |
|---|---|---|---|
| 06.04.19 | 58600 | 29950 | 27300 (1350 രൂപ റീഫണ്ട്) |
| 08.04.19 | 53450 | 33650 | 16900 (2900 - റീഫണ്ട്) |
| 11.04.19 | 115700 | 16900 | 95050 (3750 - റീഫണ്ട്) |
| 02.05.19 | 150700 | 80650 | 69300 (750 - റീഫണ്ട്) |
| 10.02.20 | 53400 | 27000 | 25950 (450 - റീഫണ്ട്) |

07.09.2019 മുതലുള്ള തുകകൾ 16.09.2019 വരെ ബാങ്കിൽ അടയ്ക്കാതെ കൈവശം സൂക്ഷിച്ചിരുന്നു. 17.09.2019 ലാണ് 1,22,680/- രൂപ ബാങ്കിൽ ഒടുക്കിയിട്ടുള്ളത്. ഒരു ദിവസത്തെ വരവ് തുക മുഴുവനായി തൊട്ടടുത്ത ബാങ്ക് പ്രവൃത്തി ദിനത്തിൽ തന്നെ ബാങ്കിൽ അടവാക്കേണ്ടതാണ്. അതാത് ദിവസത്തെ വരവിൽ നിന്ന് റീഫണ്ട് അനുവദിക്കാവുന്നതാണ്.

### 2. പേ വാർഡുകളുടെ ഭൗതിക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തണം.

മെഡിക്കൽ കോളേജിന് അനുബന്ധിച്ച് രണ്ട് കെട്ടിടങ്ങളിലായി പേ വാർഡുകൾ സ്ഥാപിച്ചിരിക്കുന്നു. മുറികളുടെ തരം,എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറികളുടെ തരം | എണ്ണം |
|---|---|---|
| 1 | S.Special | 34 |
| 2 | Delux | 11 |
| 3 | AType | 30 |
| 4 | B Type | 1 |
| 5 | A Special | 14 |
| 6 | Teacher's Room | 5 |

ഡീലക്സ് 11 മുറികളും സ്പെഷ്യൽ 34 മുറികളും 10.05.2018 ൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് നവീകരിച്ചിട്ടുണ്ട്. എന്നാൽ 203 മുതൽ 211, Delux 214, 216, 218,219,220 (A type) 302 മുതൽ 309, (S Special), 315 മുതൽ 324, 401 മുതൽ 412, 418 മുതൽ 421 (A Type) എന്നീ മുറികളിൽ ഓക്സിജൻ വിതരണ സംവിധാനമില്ല. ഇവയിൽ 302 - 309, 315-324 നമ്പർ മുറികളുടെ പുറത്തെ ചുമരിലൂടെ ഓക്സിജൻ പൈപ്പ്‌ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മുറികളിൽ കണക്ഷനുകൾ നല്കിയിട്ടില്ല. ഇതുകാരണം അടിയന്തര സാഹചര്യത്തിലുള്ള രോഗികൾക്ക് മുറികൾ അനുവദിയ്ക്കാനാ കാത്ത അവസ്ഥയുള്ളതിനാൽ മുറികൾ ബുക്ക് ചെയ്യുന്ന രോഗികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നു. 101 മുതൽ 124 വരെ നമ്പറുള്ള മുറികൾ ഒഴികെ പേ വാർഡിൽ ഒരിടത്തും ജനറേറ്റർ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ വൈദ്യുതി ഇല്ലാത്ത സമയത്ത് രോഗികൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ബോധ്യപ്പെട്ടു. മെഡിക്കൽ കോളേജിൽ നിന്നും സ്ഥാപിച്ചിട്ടുള്ള ഫയർ എക്സ്റ്റിൻഗ്യൂഷർ റീ ഫില്ലിംഗ് കാലാവധി 08.12.2020 ൽ അവസാനിച്ചതിന് ശേഷം റീഫില്ലിംഗ് നടത്തിയിട്ടില്ല.

കോട്ടയം മേഖലയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന മേഖലാ മാനേജരുടെ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ/ ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഇന്റർനെറ്റ് സൗകര്യം എന്നിവ നൽകിയി ട്ടില്ല.

പരിശോധന ദിവസം ആകെ 21 മുറികൾ ഒഴിഞ്ഞ് കിടന്നിരുന്നു. അന്വേഷണത്തിൽ, സർക്കാർ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള രോഗികൾക്ക് പേ വാർഡുകളിൽ മുറി എടുക്കാനുള്ള വ്യവസ്ഥ ഇല്ലാത്തതിനാലാണ് ഇപ്രകാരം ഒഴിവ് വരുന്നതെന്ന് ബോധ്യപ്പെട്ടു. മുറികൾ ഒഴിഞ്ഞുകിടക്കുന്നത് വരുമാനനഷ്ടത്തിന് കാരണമാകുന്നു. ഇത് ഒഴിവാക്കുന്നതിനായി പ്രസ്തുത വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. സർക്കാരുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് പേ വാർഡ് കൂടുതൽ രോഗീസൗഹൃദമാക്കേണ്ടതാണ്.

## 2.4 മെഡിക്കൽ കോളേജ്, നെഞ്ചുരോഗാശുപത്രി, തൃശ്ശൂർ

തൃശ്ശൂർ, മുളങ്കുന്നത്തുക്കാവ്, മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിലെ

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡുകളുടെ 2016-17 മുതൽ 2019-20 വരെയുള്ള വരവ് ഓഡിറ്റിൻമേലുള്ള പ്രസക്ത ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

**1. പേ വാർഡിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടത് അനിവാര്യം.**

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പഴയ കോംപ്ലക്സിൽ Pulmonology and Oncology വകുപ്പുകൾ മാത്രം പ്രവർത്തിക്കുന്ന ബ്ലോക്കിനോട് ചേർന്ന് 3 നിലകളിലായി സൊസൈറ്റി പേ വാർഡുകൾ സ്ഥാപിച്ചിരിക്കുന്നു. ഇതിൽ ആകെ 33 മുറികളുണ്ട്. ഇതിൽ ഒരോന്നുവീതം പേവാർഡ് ഓഫീസായും നേഴ്സിംഗ് സ്റ്റേഷനായും പ്രവർത്തിക്കുന്നു. പ്രതിദിന വാടക നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറിയുടെ തരം | പ്രതിദിന വാടക നിരക്ക് |
|---|---|---|
| 1 | Delux | 390 |
| 2 | A-Type | 390 |

മെഡിക്കൽ കോളേജിലെ മറ്റ് വകുപ്പുകൾ 0.5 km അകലെയുള്ള പുതിയ ബ്ലോക്കിലേക്ക് മാറ്റിയതിനാൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് സൊസൈറ്റി പേവാർഡ് അനുവദിക്കാനാവില്ല. കൂടാതെ സർക്കാർ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വമുള്ളവർ പേവാർഡുകളിൽ പ്രവേശനം നിഷേധിച്ചിട്ടുള്ളതിനാലും നാമമാത്ര രോഗികൾ മാത്രമാണ് പേവാർഡിൽ മുറി എടുക്കുന്നത്. 23.03.2022 ലെ ഭൗതിക പരിശോധനാ വേളയിൽ 12(A Type), 14 (Deluxe) എന്നീ മുറികളിൽ മാത്രമാണ് രോഗികൾ ഉണ്ടായിരുന്നത്. ഇപ്രകാരം, ഭീമമായ വരുമാന നഷ്ടമാണ് സൊസൈറ്റിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പേവാർഡിന്റെ നടത്തിപ്പിനായി ദിവസവേതനാടിസ്ഥാ നത്തിൽ ഹൗസ് കീപ്പർ -1 (പ്രതിദിനം ശമ്പളം രൂപ -600), ക്ലീനർമാർ-2 (പ്രതിദിനം രൂപ-300 വീതം) എന്നിങ്ങനെ ആകെ 3 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ശമ്പള ചെലവിനുള്ള തുക പോലും വാടക ഇനത്തിൽ ലഭിക്കുന്നില്ല. കൂടാതെ, വൈദ്യുതി, വെള്ളം, കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് തുക വേറെ കണ്ടെത്തേണ്ടിയും വരുന്നു. ഈ സാഹചര്യത്തിൽ മെഡിക്കൽ കോളേജ് പുതിയ ബ്ലോക്കിനടുത്ത് പുതിയ പേ വാർഡ് കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ചും നിലവിലെ കെട്ടിടം മറ്റ് പ്രയോജനപ്രദമായി ആവശ്യങ്ങൾക്ക് ഉപയോഗയോഗ്യ മാക്കുന്നതിനെക്കുറിച്ചും സാധ്യതാപഠനം നടത്തേണ്ടതാണ്.

പേവാർഡിലെ നിലവിലെ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. മുറികളിൽ ഓക്സിജൻ കണക്ഷൻ നൽകിയിട്ടില്ല.
2. ഫയർ എക്സ്റ്റിൻഗ്യൂഷറുകൾ സ്ഥാപിച്ചിട്ടില്ല.
3. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

4. രണ്ടാം നില (Second floor) യിലേക്ക് Ramp നിർമ്മിച്ചിട്ടില്ല.

5. Flouresent tubelights ഉപയോഗിക്കുന്നത് വൈദ്യുത ചാർജ്ജ് ഇനത്തിൽ കൂടുതൽ തുക ചെലവഴിക്കുന്നതിന് കാരണമാകുന്നു.

അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.5 എ.സി.ആർ.ലാബ് മെഡിക്കൽ കോളേജ്, കോഴിക്കോട്

കോഴിക്കോട് മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എ.സി.ആർ. ലാബിന്റെ 2012-13 മുതൽ 2015-16 വരെയുള്ള വരവ് ഓഡിറ്റ് റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ

കേരള ട്രഷറി കോഡ് ചട്ടം-92 (i),(ii) എന്നിവ പ്രകാരം സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന ഒരോ ഉദ്യോഗസ്ഥനും നിശ്ചിത മാതൃകയിലുള്ള (T.R.7A) ഒരു ക്യാഷ്ബുക്ക് പരിപാലിക്കണമെന്നും എല്ലാപണമിടപാടുകളും യഥാസമയം സാക്ഷ്യപ്പെടുത്തണമെന്നും, ചട്ടം-92 എ (iii) പ്രകാരം ക്യാഷ് ബുക്ക് കൃത്യമായി ക്ലോസ് ചെയ്യണമെന്നും ഓഫീസ് മേധാവി തുകയുടെ കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തണമെ ന്നും വ്യവസ്ഥയുണ്ട്.

എ.സി.ആർ.ലാബിലെ ക്യാഷ് ബുക്ക് പരിപാലനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. പകരം ഓരോ ദിവസത്തെയും തുക രേഖപ്പെടുത്തി പ്രതിമാസ സംഗ്രഹം എഴുതുന്ന ഒരു രജിസ്റ്ററാണ് പരിപാലിച്ച് വരുന്നത്.

II. 2014 ജൂലായ് മുതൽ ഒക്ടോബർ വരെ ക്യാഷ് ബുക്കിലെ തുക കൂട്ടി സംഗ്രഹം എഴുതിയിട്ടില്ല.

III. ക്യാഷ് ബുക്ക് കാഷ്യറോ, ചീഫ് ലാബ് ടെക്നീഷ്യനോ സാക്ഷ്യപ്പെടുത്തുന്നില്ല.

IV. കാഷ്യർ തയ്യാറാക്കുന്ന പ്രതിമാസ വരവ്, ഒടുക്ക് വിവരങ്ങളുടെ പത്രിക മേഖലാ മാനേജർ മുഖേന ആസ്ഥാന കാര്യാലയത്തിലേക്ക് അയക്കുന്നുണ്ടെങ്കിലും മേഖലാ മാനേജർ ക്യാഷ് ബുക്കോ അനുബന്ധ രജിസ്റ്ററുകളോ നാളിതുവരെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

V. 2014-നവംബർ, ഡിസംബർ മാസങ്ങളിൽ ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.

ക്യാഷ്ബുക്ക് എഴുതാത്തത് സംബന്ധിച്ച് 13.01.2022-ന് നൽകിയ ഓഡിറ്റ് അന്വേഷണം - 3 ന് " ഇതിനുള്ള വിശദീകരണം പ്രസ്തുത കാലയളവിൽ ചുമതല വഹിച്ചിരുന്ന ക്യാഷ്യറിനേ നല്കാനാവൂ" എന്നാണ് ചീഫ് ലാബ് ടെക്നീഷ്യൻ മറുപടി നൽകിയിട്ടുള്ളത്. പണമിടപാടുകളെ സംബന്ധിച്ച സുപ്രധാന രേഖയായ ക്യാഷ് ബുക്ക് കൃത്യമായി പരിപാലിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ കൃത്യവിലോപമാണ്. ഇത്

സംബന്ധിച്ച് പ്രസ്തുത കാലയളവിൽ ചുമതല വഹിച്ചിരുന്ന ക്യാഷ്യറിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വരവ്, ചെലവ് (ഒടുക്ക്) വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് (Two column cash book) പരിപാലിക്കേണ്ടതും പ്രതിദിന, പ്രതിമാസ സംഗ്രഹം എഴുതി ക്യാഷ്യർ, ചീഫ് ലാബ് ടെക്നീഷ്യൻ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ മേഖലാ മാനേജർ ക്യാഷ് ബുക്കും അനുബന്ധ രേഖകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2. ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മികച്ച നിലവാരം കൈവരിക്കേണ്ടത് അനിവാര്യം

കോഴിക്കോട് മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ ഒരു പ്രധാന ഡയഗ്നോസ്റ്റിക് യൂണിറ്റാണ് ACRL. ലാബിന്റെ പ്രവർത്തനം പൊതുവിൽ അവലോകനം ചെയ്യുതിന്റെയും ഇതുമായി ബന്ധപ്പെട്ട് 14.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണം -14 ന് ചീഫ് ലാബ് ടെക്നീഷ്യൻ നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ ലാബിന്റെ പ്രവർത്തനത്തിൽ പലവിധ പോരായ്മകൾ/പരിമിതികൾ നിലവിലുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വിവിധ വിഭാഗങ്ങളിലായി 78 ലധികം പരിശോധനകൾ നടത്തുന്ന ലാബിൽ 13 മെഷീനുകൾ/അനലൈസറുകളാണുള്ളത്. ഇവയിൽ 15.06.2007-ൽസ്ഥാപിച്ച SYMEX XT-1800 i, 05.03.2016-ൽ സ്ഥാപിച്ച VECTOR-BC 5300 ഹെമറ്റോളജി അനലൈസറുകൾ പ്രവർത്തനരഹിതമാണ്. മെഷീനുകളുടെ Q.C.(Quality Control), Calibration എന്നിവ ലാബ് തലത്തിൽ നടത്തുന്നുണ്ടെങ്കിലും R.A, CRP പരിശോധനകൾക്ക് മാത്രമാണ് മെഡിക്കൽ കോളേജ് മൈക്രോബയോളജി വകുപ്പിൽ നിന്നുള്ള External Q.C. ഉള്ളത്. 2015 ൽ സ്ഥാപിച്ച ABGA അനലൈസർ ഇടയ്ക്കിടെ തകരാറിലാവുന്നുണ്ട്. ഇതിന് ഒരു Back up Analyser ആവശ്യമാണ്. റീയേജന്റുകൾ, ലാബ് ഉപകരണങ്ങൾ, ഗ്ലാസ് വെയറുകൾ എന്നിവ സൂക്ഷിക്കാൻ സ്റ്റോർ റൂം സൗകര്യം ഇല്ല. ലാബിനുള്ളിലെ ഊഷ്മാവ് ക്രമീകരിക്കുന്ന എയർ കണ്ടീഷനറുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല.

ACR ലാബിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ IMAGE സംവിധാനം വഴിയാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. ACRL ന് IMAGE ൽ സ്വന്തമായി രജിസ്ട്രേഷൻ ഇല്ല. ലാബിനുള്ളിലേക്കുള്ള പ്രവേശനകവാടത്തിനടുത്തായാണ് ക്ലീനിംഗിനുള്ള വാഷ് ബേസിനുകൾ ക്രമീകരിച്ചിരിക്കുന്നത് പരിശോധനയ്ക്ക് ശേഷമുള്ള സാമ്പിളുകൾ ഈ സ്ഥലത്ത് കൈകാര്യം ചെയ്യുന്നത് ആരോഗ്യകരമല്ല. ക്ലീനിംഗ് ഏരിയ അവിടെ നിന്ന് മാറ്റുകയോ പ്രവേശന കവാടം മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടത് പരിഗണിക്കേണ്ടതാണ്.

മൂന്ന് ഷിഫ്റ്റുകളിലായി 25 ജീവനക്കാരും ഒരു കാഷ്യറും നിലവിൽ ലാബിൽ

പ്രവർത്തിച്ചുവരുന്നു. കാഷ്യർ ഒഴികെ മറ്റെല്ലാവരും കരാർ/ദിവസവേതനാടിസ്ഥാനത്തിലുള്ള വരാണ്. വനിതാ ജീവനക്കാരാണ് അധികവും ഉള്ളതെങ്കിലും സുരക്ഷിതമായ സ്റ്റാഫ് റൂം സൗകര്യമില്ല. രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേകഅലവൻസോ, റിഫ്രഷ്മെന്റ് സൗകര്യമോ ഏർപ്പെടുത്തിയിട്ടില്ല. ക്യാഷ് കൗണ്ടറിൽ ക്ലീനർ തസ്തികയിലുള്ള ജീവനക്കാരെയാണ് ബില്ലിംഗ് ജോലികൾക്ക് നിയോഗിച്ചിരിക്കുന്നത്. ലാബിന്റെ ജോലിഭാരവും ജീവനക്കാരുടെ എണ്ണവും, യോഗ്യതയും അനുസരിച്ച് ജീവന ക്കാരുടെ പുന:ക്രമീകരണം ആവശ്യമാണ്.

ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, പുതിയ പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സാധ്യതാ പഠനം നടത്തിയും NABH അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് അംഗീകാരം നേടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### 3. ബാങ്കിൽ തുക ഒടുക്കിയില്ല – നഷ്ടം ₹ 87,905/-

ക്യാഷ് ബുക്ക് പ്രകാരം 16.10.2015 ന് ബാങ്കിൽ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള 87,905/- സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (A/c.No.30573338680) വരവായിട്ടില്ലാ യെന്ന് ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തി.

ഇതു സംബന്ധിച്ച് 13.01.2022 ന് നൽകിയ ഓഡിറ്റിന് അന്വേഷണം 4–ന് '87905/ രൂപ 16.10.2015 ന് ACRL അക്കൗണ്ടിൽ ഒടുക്കിയതിന്റെ പേ-ഇൻ-സ്ലിപ്പ് കൗണ്ടർ ഫോയിൽ ഉണ്ടെങ്കിലും ബാങ്ക് പാസ് ബുക്കിലും, സ്റ്റേറ്റ്മെന്റിലും തുക വന്നിട്ടില്ല' എന്ന് ചീഫ് ലാബ് ടെക്നീഷ്യൻ മറുപടി നൽകിയിട്ടുണ്ട്. 2015 ഒക്ടോബർ മാസത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള ഒടുക്ക് (₹23,45,580), ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അക്കൗണ്ട് വരവ് (₹22,57,675) എന്നിവയിലും ₹ 87905 /- ന്റെ വ്യത്യാസം പ്രകടമാണ്. ആയതിനാൽ തുക അക്കൗണ്ടിൽ വന്നിട്ടില്ലായെന്ന് വ്യക്തമാണ്. ബാങ്ക് അക്കൗണ്ടിൽ തുക വരവാകാ ത്തതിനാൽ ₹ 87905 /- നഷ്ടമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ വിഷയത്തിൽ പ്രസ്തുത കാലയളവിലെ കാഷ്യറിൽ നിന്നും വിശദീകരണം തേടേണ്ടതും കെ.എച്ച്.ആർ.ഡബ്ല്യു.എസ് ആസ്ഥാനകാര്യാലയത്തിലെ അക്കൗണ്ട്സ് വിഭാഗം പേ-ഇൻ-സ്ലിപ്പ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതും തുക നഷ്ടമായെങ്കിൽ പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 12.06.2013-ലെ സ.ഉ.(അച്ചടി)നം.282/13/ധന പ്രകാരം 18% പലിശ ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

### 5. വരവ് തുക മുഴുവൻ ബാങ്കിൽ ഒടുക്കാതെ കൈവശം സൂക്ഷിക്കുന്നു - താൽക്കാലിക പണാപഹരണം

കേരള ഫിനാൻഷ്യൽ കോഡ് (KFC) വാല്യം -1 ആർട്ടിക്കിൾ 7(2) പ്രകാരം ഓരോ ദിവസത്തെയും വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ

ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ വരവ് തുക ഭാഗികമായി മാത്രം ബാങ്കിൽ ഒടുക്കിയ ശേഷം വലിയ തുകകൾ കാഷ്യർ കൈവശം സൂക്ഷിക്കുന്നതായി ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മാസം | മുന്നിരിപ്പ് | വരവ് | ഒടുക്ക് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2012 | ഏപ്രിൽ | 38340 | 1018825 | 1016425 | 40740 |
| 2012 | മെയ് | 40740 | 1148655 | 1151090 | 38305 |
| 2012 | ജൂൺ | 38305 | 981500 | 949805 | 70000 |
| 2012 | ജൂലൈ | 70000 | 1160580 | 1195070 | 35510 |
| 2012 | ആഗസ്റ്റ് | 35510 | 839695 | 811895 | 63310 |
| 2012 | സെപ്റ്റംബർ | 63310 | 1121275 | 1079355 | 105230 |
| 2012 | ഒക്ടോബർ | 105230 | 1194840 | 1247340 | 52730 |
| 2012 | നവംബർ | 52730 | 1400655 | 1404210 | 49175 |
| 2012 | ഡിസംബർ | 49175 | 1171550 | 1185915 | 34810 |
| 2013 | ജനവരി | 34810 | 1397660 | 1385975 | 46495 |
| 2013 | ഫെബ്രുവരി | 46495 | 1377600 | 1370545 | 53550 |
| 2013 | മാർച്ച് | 53550 | 1509645 | 1488875 | 74320 |
| 2013 | ഏപ്രിൽ | 74320 | 1411385 | 1444730 | 40975 |
| 2013 | മെയ് | 40975 | 1347935 | 1342690 | 46220 |
| 2013 | ജൂൺ | 46220 | 1375355 | 1329325 | 92250 |
| 2013 | ജൂലൈ | 92250 | 1423490 | 1450895 | 64845 |
| 2013 | ആഗസ്റ്റ് | 64845 | 1800870 | 1815595 | 50120 |
| 2013 | സെപ്റ്റംബർ | 50120 | 1710510 | 1594090 | 166540 |
| 2013 | ഒക്ടോബർ | 166540 | 1704055 | 1806415 | 64180 |
| 2013 | നവംബർ | 64180 | 1681635 | 1593270 | 152545 |
| 2013 | ഡിസംബർ | 53325 | 1500505 | 1499700 | 54130 |
| 2014 | ജനവരി | 54585 | 1749275 | 1748015 | 55845 |
| 2014 | ഫെബ്രുവരി | 55845 | 1509425 | 1503945 | 61325 |
| 2014 | മാർച്ച് | 60065 | 1678510 | 1688015 | 50560 |
| 2014 | ഏപ്രിൽ | 50560 | 1566140 | 1553125 | 63575 |

| | | | | | |
|---|---|---|---|---|---|
| 2014 | മെയ് | 63575 | 1727805 | 1735005 | 56375 |
| 2014 | ജൂൺ | 56375 | 1647830 | 1640500 | 63705 |
| 2014 | ജൂലൈ | 63675 | 1582360 | 1585660 | 60375 |
| 2014 | ആഗസ്റ്റ് | 60375 | 1956225 | 1903485 | 113115 |
| 2014 | സെപ്റ്റംബർ | 113115 | 1823840 | 1872505 | 64450 |
| 2014 | ഒക്ടോബർ | 64450 | 1923795 | 1929170 | 59075 |
| 2014 | നവംബർ | 62075 | 1789750 | 1734560 | 117265 |
| 2014 | ഡിസംബർ | 117265 | 1857340 | 1908250 | 66355 |
| 2015 | ജനവരി | 66355 | 2013165 | 1989085 | 90435 |
| 2015 | ഫെബ്രുവരി | 90435 | 1800325 | 1822820 | 67940 |
| 2015 | മാർച്ച് | 67940 | 1760530 | 1761905 | 66565 |
| 2015 | ഏപ്രിൽ | 66565 | 1985040 | 1988970 | 62635 |
| 2015 | മെയ് | 63055 | 2105345 | 2042730 | 125650 |
| 2015 | ജൂൺ | 125650 | 2518270 | 2562940 | 80980 |
| 2015 | ജൂലൈ | 80980 | 2408940 | 2402705 | 85215 |
| 2015 | ആഗസ്റ്റ് | 85215 | 2321915 | 2354070 | 53060 |
| 2015 | സെപ്റ്റംബർ | 53060 | 1731220 | 1710700 | 73580 |
| 2015 | ഒക്ടോബർ | 73580 | 2357460 | 2257675 | 173365 |
| 2015 | നവംബർ | 85460 | 2208130 | 2213010 | 80580 |
| 2015 | ഡിസംബർ | 80580 | 2204015 | 2206840 | 77755 |
| 2016 | ജനവരി | 77755 | 2402495 | 2361710 | 118540 |
| 2016 | ഫെബ്രുവരി | 118540 | 2257295 | 2304155 | 71980 |
| 2016 | മാർച്ച് | 71980 | 2430595 | 2412015 | 90560 |

ഇത് സംബന്ധിച്ച് 14.01.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണം 12-ന് ഇപ്രകാരം തുക കൈവശം സൂക്ഷിച്ചതിന് അന്നത്തെ ക്യാഷ്യർക്ക് മാത്രമേ വിശദീകരണം നൽകാനാവൂ എന്നാണ് ചീഫ് ലാബ് ടെക്നീഷ്യൻ മറുപടി നൽകിയിട്ടുള്ളത്.

ACRL ൽ ഉണ്ടാകുന്ന ദൈനംദിന/ആകസ്മിക ചെലവുകൾക്ക് ഇംപ്രസ്റ്റ് അനുവദിച്ചിട്ടില്ല. ഇത്തരം ചെലവുകൾ ചീഫ് ലാബ് ടെക്നീഷ്യൻ നടത്തിയശേഷം മേഖലാ കാര്യാലയത്തിലെ ഇംപ്രസ്റ്റ് തുകയിൽ ക്രമീകരിച്ച് നൽകുന്നതാണ് രീതി. ആയതിനാൽ കാഷ്യർ ഓരോ മാസവും ഇത്രയും തുക അനാവശ്യമായി കൈവശം സൂക്ഷിച്ചത്

താൽക്കാലികപണാപഹരണമായി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട കാഷ്യർമാരിൽ നിന്നും മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേഖലാ/ആസ്ഥാന കാര്യാലയങ്ങളിൽ നിന്നും യൂണിറ്റുകളുടെ കണക്കുകൾ പരിശോധിക്കാത്തത് ഇത്തരം ക്രമക്കേടുകൾക്ക് കാരണമാകുന്നുണ്ട്. ഇത്തരം പ്രവണതകൾ ഫലപ്രദമായി നിയന്ത്രിക്കാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഫിനാൻസ് ഓഫീസറുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്. അക്കൗണ്ടിംഗിലെ സുതാര്യത, തുക ഒടുക്കുന്നതിലെ കൃത്യത എന്നിവ പാലിക്കാൻ യൂണിറ്റ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകണമെന്നും ശിപാർശ ചെയ്യുന്നു.

Intentionally Left Blank

## ഭാഗം III

## (ചെലവിനങ്ങളിലെ നിരീക്ഷണങ്ങൾ)

### 3.1 കാലാഹരണപ്പെട്ട റീയേജന്റുകൾ വാങ്ങി ACR ലാബ് പരിശോധനയ്ക്ക് പയോഗിച്ചത് അംഗീകരിക്കുന്നില്ല - 63,840/-രൂപ നിരാകരിക്കുന്നു.

കെ.എച്ച്.ആർ.ഡബ്ല്യു.എസ് എം.ഡിയുടെ 03.02.2017 ലെ ഉത്തരവ് നമ്പർ A.3/1409/13 അനുസരിച്ച് Biowel inc, സിബി ഭവൻ, പട്ടം, പ്ലാമൂട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് വിവിധതരം റീയേജന്റുകൾ വാങ്ങിയതിന് പ്രതിഫലമായി 9,90,976/-രൂപ നൽകുകയുണ്ടായി (വൗച്ചർ നം. 1976/16-17, ചെക്ക് നമ്പർ 596922, തീയതി 10.02.2017, കാനറാ ബാങ്ക് 90777). പ്രസ്തുത ബില്ലുകൾ പരിശോധിച്ചതിൽ നിന്ന് 13.07.2016 ലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്, എം.ഡിയുടെ ഉത്തരവ് നമ്പർ എ.3/2215/16 പ്രകാരം ഇൻവോയ്സ് നം. B.1/8B 784/16-17, തീയതി - 10.11.2016 പ്രകാരം ലഭ്യമാക്കിയ Trop T (AQT 90 Flex Lott 12012, DC No.5740) എന്ന റീയേജന്റ് ഒരു യൂണിറ്റിന് 63840/-രൂപ നൽകി വാങ്ങിയിരുന്നു. പ്രസ്തുത റീയേജന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന എ.സി.ആർ ലാബിന് നൽകുകയും, പ്രസ്തുത സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ നമ്പർ XI/15 പേജ് നമ്പർ 59 ൽ 10.11.2016 തീയതിയിൽ സ്റ്റോക്കിലെടുത്തതായി സ്റ്റോർ ഇൻ-ചാർജ് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

Biowel inc സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചതിൽ മേൽ വിവരിച്ച റിയേജന്റിന്റെ കാലാവധി 6/2016-ൽ അവസാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 6/2016-ൽ ഉപയോഗകാലാവധി (expiry date) പൂർത്തീകരിച്ച റീയേജന്റ് 10.11.2016 ൽ വാങ്ങി എ.സി.ആർ ലാബിൽ പരിശോധനയ്ക്ക് ഉപയോഗിച്ചിത്, സ്ഥാപനത്തിന്റെ വിശ്വാസ്യതയും പൊതുജനങ്ങളുടെ ആരോഗ്യസുരക്ഷയേയും ബാധിക്കുന്ന പ്രശ്നമായതിനാൽ ഈ വിഷയം 31.3.2022-ലെ ഓഡിറ്റ് അന്വേഷണം നമ്പർ 27/2022 പ്രകാരം കെ.എച്ച്.ആർ. ഡബ്ല്യു.എസ്. എം.ഡിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, വിശദീകരണം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 06.06.2022 ൽ കെ.എച്ച്.ആർ.ഡബ്ല്യു. എസ്.എം.ഡി നമ്പർ 126/ACRL/2022 പ്രകാരം നൽകിയ വിശദീകരണത്തിൽ 10.11.2016-ൽ കൈപ്പറ്റിയ റീയേജന്റിന്റെ കാലാവധി 6/2017 ലാണെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയി രിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇൻവോയ്സിലെ രേഖപ്പെടുത്തലുകളെപ്പറ്റി യാതൊരു വിശദീകരണവും നൽകിയിട്ടില്ല. സ്ഥാപനം നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് പണം നൽകിയിരിക്കുന്നത്. ഇൻവോയ്സിൽ പ്രസ്തുത റീയേജന്റിന്റെ expirydate 6/2016 എന്ന് വ്യക്തമാക്കി യിരിക്കുന്നതിനാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് എം.ഡി. നൽകിയ വിശദീകരണം അംഗീകരിക്കാനാകില്ല.

കാലാവധി കഴിഞ്ഞ റീയേജന്റിനായി ചെലവഴിച്ച 63,840/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് പ്രസ്തുത തുക ഈടാക്കേണ്ടതാണ്.

**3.2 മാനേജിംഗ് ഡയറക്ടറുടെ ആർജ്ജിതാവധി ടെർമിനൽ സറണ്ടർ - ചട്ട വിരുദ്ധമായി അനുവദിച്ച - ₹1,18,853/- നിരാകരിക്കുന്നു.**

കേരഫെഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിനെ 23.6.2014 ലെ സ.ഉ.(സാധാ) നം.2055/2014/H&FWD പ്രകാരം സാധാരണ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേക്ക് നിയമിച്ചു. 24.06.2014 ൽ ടിയാൻ എം.ഡി. ആയി ചാർജ്ജ് എടുക്കുകയും 24.06.2015-ലെ സ.ഉ.(സാധാ) നമ്പർ 1924/H&FWD പ്രകാരം ഡെപ്യൂട്ടേഷൻ സേവനത്തിൽ നിന്ന് ടിയാൻ വിരമിക്കുന്ന 31.05.2016 വരെ നീട്ടി നൽകി.

കേരഫെഡ് എം.ഡിയുടെ 25.02.2016-ലെ നടപടിക്രമം നമ്പർ KFD/ADM-1/ 2016/2176 പ്രകാരം 20.02.2016-ലെ G.O.(P)No.7/2016/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പളപരിഷ്കരണം 01.07.2014 മുതൽ കേരഫെഡിലും നടപ്പിലാക്കാൻ തീരുമാനിച്ചു. പ്രസ്തുത ഉത്തരവിൽ കെ.എസ്.ആർ. ചട്ടങ്ങൾ ബാധകമായിട്ടുള്ള സ്ഥാപനമാണ് കേരഫെഡ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ ശമ്പളം 01.07.2014 പ്രാബല്യത്തിൽ 89,000/- രൂപയായി നിജപ്പെടുത്തി. (ശമ്പളതോത് 60900 - 103600.)

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് എം.ഡി-ആയി സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ ആർജ്ജിതാവധി താഴെപ്പറയും പ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

| കാലഘട്ടം | ദിവസം | ആർജ്ജിതാവധികളുടെ എണ്ണം | ആകെ ആർജ്ജിതാവധി |
|---|---|---|---|
| 24.6.2014 -31.3.2015 | 281 | 25 6/11 | 25 6/11 |
| 01.04.2015 -31.3.2016 | 366 | 33 3/11 | 58 9/11 |
| 01.04.2019 ൽ SEL 30 എണ്ണം | --- | 30 | 28 9/11 |
| 1.4.16 - 31.05.2016 | 61 | 5 6/11 | 34 4/11 |
| **ബാക്കി** | | **34 4/11** | |

കേരഫെഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 07.06.2016-ലെ നമ്പർ കെ.എഫ്.ഡി./ADM-2/Gra/2016/457 കത്ത് പ്രകാരം 24.6.2014 മുതൽ 31.5.2016 വരെ ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എം.ഡി ആയി പ്രവർത്തിച്ച കാലഘട്ടത്തിലെ (1 വർഷവും 342 ദിവസവും) ആനുപാതിക ഗ്രാറ്റുവിറ്റി 1,16,965/-രൂപ കേരഫെഡിന് നൽകണമെന്ന് നിർദ്ദേശിച്ചു. 14.06.2016 ൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കത്ത് നമ്പർ

എ.8/1531/14/KHRWS പ്രകാരം ഇക്കാര്യത്തിൽ സർക്കാരിനോട് സ്പഷ്ടീകരണം തേടിയെങ്കിലും സർക്കാർ മറുപടി നൽകാത്തതിനാൽ തുക നൽകിയിട്ടില്ല.

കേരഫെഡ് അഡ്മിനിസ്റ്റ്രേറ്റീവ് ഓഫീസറുടെ 05.07.2016-ലെ നമ്പർ KFD/ADM-1/2016/759 കത്ത് പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.എം.ഡി ആയി സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ ആർജ്ജിച്ച ആർജ്ജിതാവധി 01.04.2016 ൽ സറണ്ടർ ചെയ്തതിനുശേഷമുള്ള 34 4/11 ആർജ്ജിതാവധിക്ക് തുല്യമായ തുക 1,18,853/-രൂപ ടിയാന് നൽകാനായി കേരഫെഡിന് നൽകണമെന്ന് നിർദ്ദേശിച്ചു. 15.07.2016 കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.എം.ഡിയുടെ ഉത്തരവ് നമ്പർ എ.8-1531/14/ KHRWS പ്രകാരം 1,18,853/-രൂപയുടെ ചെക്ക് (നം.996836,തീയതി-16.07.2016 /എസ്.ബി.റ്റി 2085) കേരഫെഡിന് നൽകി. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം -1 ചട്ടം -151 പ്രകാരം 'An officer transferred to foreign service may not without the sanction of the Government accept a pension or gratuity from his foreign employer' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ.ആർ.കെ.ഹരീന്ദ്രകുമാറിനെ നിയമിച്ച സർക്കാർ ഉത്തരവിലും പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നു. ഇക്കാര്യത്തിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എം.ഡി.യോട് 02.06.2022 ലെ ഓഡിറ്റ് അന്വേഷണം.30 പ്രകാരം വിശദീകരണം തേടിയിരുന്നു. 08.06.2022 ൽ എം.ഡി. നൽകിയ കത്ത് നമ്പർ A.11-35/2022/KHRWS പ്രകാരം ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ (A.8-1531/14/KHRWS) ഓഡിറ്റിന് ലഭ്യമാക്കിയെങ്കിലും യാതൊരു വിശദീകരണവും ലഭ്യമാക്കിയില്ല. ചട്ട വിരുദ്ധമായി കേരഫെഡിന് നൽകിയ 1,18,853/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. 1,18,853/-രൂപ കേരഫെഡിൽ നിന്നോ ഉത്തരവാദിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 3.3 കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടില്ല – പിഴ ഒടുക്കിയത് - നഷ്ടം 1,90,199/- രൂപ

കോഴിക്കോട് മെഡിക്കൽ കോളേജിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, C.T സ്കാൻ യൂണിറ്റ് ആരംഭിച്ചപ്പോൾ H.T. ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ഇ.ബി-യുമായി കരാറിലേർപ്പെടാത്തതിനാൽ പ്രതിമാസ വൈദ്യുതി ബില്ലിനോടൊപ്പം പിഴയിനത്തിൽ തുക ഒടുക്കിയിട്ടുള്ളതായി ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. കെ.എസ്.ഇ.ബി സ്പെഷ്യൽ ഓഫീസർ (റവന്യൂ) നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസുകളിൽ 'penalty for non-exe.of agmt.' എന്നയിനത്തിലാണ് പിഴ കണക്കാക്കിയിട്ടുള്ളത്. 2016-ഏപ്രിൽ മുതൽ 2017 ജനുവരി വരെ പിഴയിനത്തിൽ തുക ഒടുക്കിയിട്ടുണ്ട്. 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പിഴത്തുക ഒഴിവാക്കിയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | വൗച്ചർ നം. | ചെക്ക് നമ്പർ/തീയതി | പിഴ തുക |
|---|---|---|---|---|
| 1 | 04/2016 | 139/16-17 | 475999/20.4.2016 | 23,141 |
| 2 | 05/2016 | 414/16-17 | 476192/25.4.2016 | 22,143 |
| 3 | 06/2016 | 563/16-17 | 996478/22.6.2016 | 22,406 |
| 4 | 07/2016 | 749/16-17 | 996860/20.7.2016 | 21,303 |
| 5 | 08/2016 | 970/16-17 | 997013/26.08.2016 | 21,722 |
| 6 | 09/2016 | 1232/16-17 | 653368/6.10.2016 | 20,252 |
| 7 | 10/2016 | 1338/16-17 | 653449/25.10.2016 | 20,252 |
| 8 | 11/2016 | 1527/16-17 | 901815/26.11.2016 | 19,937 |
| 9 | 12/2016 | 1735/16-17 | 901986/31.12.2013 | ---- |
| 10 | 01/2017 | 1813/16-17 | 869035/16.01.2017 | 19,043 |
| **ആകെ** | | | | **1,90,199/-** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/തീയതി-06.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 2011 മുതൽ ഈയിനത്തിൽ പിഴ ഒടുക്കി വരുന്നുണ്ട്. ഈ വിഷയം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ന്റെ മുൻവർഷ റിപ്പോർട്ടുകളിലും പ്രതിപാദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിൽ മേഖലാ മാനേജരുടെ കാര്യാലയവും ആസ്ഥാന കാര്യാലയത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുമ്പോഴാണ് കെ.എസ്.ഇ.ബി യുമായി നിയമാനുസൃതമായ കരാറിലേർപ്പെടാതെ ഒരോ വർഷവും ലക്ഷക്കണക്കിന് രൂപ പിഴ ഒടുക്കി സ്ഥാപനത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നത് എന്നത് ഗൗരവതരമാണ്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സ്ഥാപന മേധാവിയുടെയും കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് കാലയളവിൽ പിഴയിനത്തിൽ ഒടുക്കിയ 1,90,199/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 12/2016-ൽ വൈദ്യുതി ചാർജിനത്തിൽ പിഴ ഉൾപ്പെടെ 99,640/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ഡിമാന്റ് നോട്ടീസ് ഹാജരാക്കാത്തതിനാൽ പിഴ തുക പ്രത്യേകം കണ്ടെത്താൻ കഴിഞ്ഞില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 99,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പിഴയിനത്തിൽ ഒടുക്കിയ 1,90,199/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വകയിരുത്തേണ്ടതാണ്.

## 3.4 വെള്ളക്കരം പിഴ ഒടുക്കിയത് - നഷ്ടം 67,073/ രൂപ

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ വിവിധ യൂണിറ്റുകളുടെ വെള്ളക്കരത്തോടൊപ്പം പിഴപ്പലിശ കൂടി കേരള ജല അതോറിറ്റിക്ക് ഒടുക്കിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കൺസ്യൂമർ നം. | കാലയളവ് | വൗച്ചർ നം. | ചെക്ക് നം./ തീയതി | പിഴ തുക |
|---|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രി പേവാർഡ്, പുനലൂർ | 38 ND | 01/2016 - 03/2016 | 289/16-17 | 476097/ 11.05.2016 | 22,497 |
| 2 | താലൂക്ക് ആശുപത്രി പേവാർഡ്, പുനലൂർ | 391 ND | 01/2016 - 03/2016 | 289/16-17 | 476097/ 11.05.2016 | 19,935 |
| 3 | താലൂക്ക് ആശുപത്രി പേവാർഡ്, മൂവാറ്റുപുഴ | MPA/7720/ N | ലഭ്യമല്ല. | 391/16-17 | 476175/ 24.05.2016 | 838 |
| 4 | താലൂക്ക് ആശുപത്രി പേവാർഡ്, ഹരിപ്പാട് | H-11 | 09/2015- 05/2016 | 627/16-17 | 996779/ 02.07.2016 | 1,002 |
| 5 | ജില്ലാ ആശുപത്രി പേവാർഡ്, നെടുമങ്ങാട് | NDD/911 /N | 05/2016- 07/2016 | 812/16-17 | 996901/ 30.07.2016 | 1,968 |
| 6 | ജനറൽ ആശുപത്രി പേവാർഡ്, നെയ്യാറ്റിൻകര | NTA/438 /N | 24.6.2016- 25.8.2016 | 1095/16-17 | 653257/ 09.09.2016 | 16,401 |
| 7 | താലൂക്ക് ആശുപത്രി പേവാർഡ്, മൂവാറ്റുപുഴ | MPA/7720/ N | 14.7.2016- 09.9.2016 | 1265/16-17 | 653257/ 09.09.2016 | 531 |
| 8 | ഗവ.ആയുർവേദ ആശുപത്രി പേവാർഡ്, നെയ്യാറ്റിൻകര | NTA/1092/N | 08/2016- 10/2016 | 1474/16- 17 | 901781/ 18.11.2016 | 322 |
| 9 | ജനറൽ ആശുപത്രി പേവാർഡ്, നെയ്യാറ്റിൻകര | NTA/438/N | 29.08.2016- 24.10.2016 | 1551/16-17 | 901837/ 30.11.2016 | 655 |
| 10 | താലൂക്ക് ആശുപത്രി പേവാർഡ് പാറശ്ശാല | PSS/8/N | 09/2016- 11/2016 | 1557/16-17 | 901843/ 30.11.2016 | 145 |
| 11 | താലൂക്ക് ആശുപത്രി പേവാർഡ്,മൂവാറ്റുപുഴ | MPA/7720/ N | 09/2016- 11/2016 | 1556/16-17 | 901842/ 30.11.2016 | 246 |
| 12 | ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട് | PKG/11831/N | 09/2016- 11/2016 | 1559/16-17 | 901845/ 30.11.2016 | 908 |
| 13 | IMCH പേവാർഡ്, കോഴിക്കോട് | 3/MC-ND | 1.10.2016- 31.10.2016 | 15601/16- 17 | 901846/ 30.11.2016 | 478 |
| 14 | താലൂക്ക് ആശുപത്രി പേവാർഡ്, ആലുവ | ALM/4782/ N | 28.9.2016 29.11.2016 | 1724/16- 17 | 901976/ 28.12.2016 | 117 |
| 15 | ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട് | PKG/11831/N | 03.11.2016- 27.1.2017 | 1896/16-17 | 869094/ 27.01.2017 | 1,030 |
| | **ആകെ** | | | | | **67,073** |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/06.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. യൂണിറ്റുകളിലെ വെള്ളക്കരം യഥാസമയം ഒടുക്കാതെ കുടിശ്ശിക വരുത്തുന്നതിനാലാണ് വെള്ളക്കരത്തോടൊപ്പം പിഴപ്പലിശ കൂടി ഒടുക്കേണ്ടി വന്നത്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി വിലയിരുത്തുന്നു. പിഴയിനത്തിൽ ഒടുക്കിയ 67,703/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3.5 സേവനാനുകൂല്യങ്ങൾ ആശ്രിതർക്ക് അനുവദിച്ചത് - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല - ₹ 28,87,494 തടസ്സപ്പെടുത്തുന്നു ആർജ്ജിതാവധി ടെർമിനൽ സറണ്ടർ പരിധിയിൽ കൂടുതൽ നൽകി - ₹ 3,77,712/- നിരാകരിക്കുന്നു

സൊസൈറ്റിയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ അവരവരുടെ ആശ്രിതർക്ക് അനുവദിച്ചതായി ബന്ധപ്പെട്ട വൗച്ചറുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളായ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ, ജീവനക്കാരുടെ മരണ സർട്ടിഫിക്കറ്റുകൾ, തുകകൾ കൈപ്പറ്റിയ അനന്തരാവകാശികളുടെ തിരിച്ചറിയൽ രേഖകൾ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല. ടെർമിനൽ സറണ്ടർ ഓഫ് EL 180 ദിവസത്തെ പരിധിയിൽ കവിഞ്ഞും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | ഉത്തരവ് നം./ തീയതി | ജീവനക്കാരുടെ പേരും തസ്തികയും | ടെർമിനൽ സറണ്ടർ തുക | അധികം അനുവദിച്ച ദിവസം | കൂടുതൽ അനുവദിച്ച തുക | DCRG തുക | ആകെ തുക (vi-ix) | അനന്തരാവകാശികളുടെ പേരും ബന്ധവും | നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| i | ii | iii | iv | v | vi | viii | viiii | ix | x | xi | xii |
| 1 | 460/ 16-17 | 476214/ 31.05.2016 | A8/1358/16 KHRWS 23.05.16 | | | | | | | ശ്രീമതി. ലിസി, ഭാര്യ | 151587/- |
| 2 | 461/16- | 476215/ | | | 454761/- | 289-180= | 171519/- | | 4,54,761/- | ശ്രീ.അർ | 151587/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 17 | 31.0<br>5.20<br>16 | | | | 109 | | | | ജ്ജുൻ,<br>മകൻ | |
| 3 | 462<br>/16-<br>17 | 476<br>216/<br>31.0<br>5.20<br>16 | | ശ്രീ.<br>സജീ<br>വ്<br>സാഹു<br>(PWK<br>Gr.II) | | 109 | | | | ശ്രീമ<br>തി.<br>അപർ<br>ണ്ണ.<br>എസ്,<br>മകൾ | 30223<br>5/- |
| 4 | 102<br>5/<br>16-<br>17 | 653<br>322<br>0/<br>03.0<br>9.16 | A8/1358<br>/16<br>KHRW<br>S<br>31.8.16 | | 13891/<br>-<br>(കുടി<br>ശ്ശിക) | | 5237/- | 94458<br>0/- | 9584<br>71/- | ശ്രീമ<br>തി.<br>ലിസി,<br>ഭാര്യ | 30223<br>5/- |
| 5 | 102<br>6/16<br>-17 | 653<br>221/<br>03.0<br>9.16 | | | | | | | | ശ്രീമ<br>തി<br>.അപർ<br>ണ്ണ.<br>എസ്,<br>മകൾ | 30223<br>5/- |
| 6 | 128<br>8/16<br>-17 | 653<br>411/<br>15.1<br>0.16 | A8/1358<br>/16<br>KHRW<br>S<br>15.10.16 | | | | | | | ശ്രീ<br>.അർ<br>ജ്ജുൻ,<br>മകൻ | 30223<br>3/- |
| 7 | 120<br>3/16<br>-17 | 653<br>342/ | A8/109<br>8/15 | | 21135<br>4/- | 233-<br>180= 53 | 48076<br>/- | 514880<br>/- | 7262<br>34/- | ശ്രീ.<br>സു | 35688<br>1/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 03.10.2016 | KHRWS 20.9.16 | ശ്രീമതി. വത്സല. കെ (PWA) | | | | | | ബൈർ ഖാൻ, ഭർത്താവ് | |
| 8 | 1204/16-17 | 653343/ 03.10.16 | A8/1098/15 KHRWS 20.9.16 | | | | | | | ശ്രീമതി .സുബി. വി .എസ്, മകൾ | 356881/- |
| 9 | 1206/16-17 | 653345/ 03.10.16 | A8/2885/15 KHRWS 20.9.16 | ശ്രീ. പി. പ്രേമരാജൻ (PWA) | 382200/- | 300 – 180 = 120 | 152880/- | 743540/- | 1125740/- | ശ്രീമതി. സതി. കെ, ഭാര്യ | 281435/- |
| 10 | 1207/16-17 | 653346/ 03.10.16 | A8/2885/15 KHRWS 20.9.16 | | | | | | | ശ്രീ .നിമേഷ്.കെ മകൻ | 281435/- |
| 11 | 1208/16-17 | 653347/ 03.10.16 | | | | | | | | ശ്രീമതി. ഷമന. കെ മകൾ | 281435/- |
| 12 | 1209/16-17 | 653348/ 03.10.16 | | | 1062206 | | | | | ശ്രീമതി. സരോജിനി. പി അമ്മ | 281435/- |
| | | | | | **ആകെ** | | 377712 | 2203000 | 3265206 | | |

ക്രമ നം. 4 (col. No.IV) ൽ, ആകെ തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ രൂപ 51,770/- കുറവ് വരുത്തി ആദായ നികുതി വകുപ്പിൽ ഒടുക്ക് വരുത്തിയതായി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ വൗച്ചറിൽ ലഭ്യമല്ല.

ക്രമ നം.7 ലെ ആകെ തുകയിൽ നിന്നും രൂപ 12,472/- കുറവ് തുകയ്ക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒടുക്കിയതായി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 11.05.2022 ന നൽകിയ ഓഡിറ്റ് എൻക്വയറി നം.23/2016-17 മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ, ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ 28,87,494/- രൂപ തടസ്സപ്പെടുത്തുകയും, 180 ദിവസത്തെ പരിധിയിൽ കൂടുതൽ TSEL ഇനത്തിൽ അനുവദിച്ച ₹377712/- നിരാകരിയ്ക്കുകയും ചെയ്യുന്നു. ഈ തുക (₹3,77,712/-) അനുവദിച്ച മാനേജിംഗ് ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 3.6 ആർജ്ജിതാവധി ടെർമിനൽ സറണ്ടർ അനുവദനീയ പരിധിയിൽ കൂടുതൽ നൽകി - തുക നിരാകരിക്കുന്നു. - ₹ 6,78,088/-

G.O.(MS) No.200/90/H &FWD, dtd-01.11.90 പ്രകാരം പുറപ്പെടുവിച്ച സൊസൈറ്റി ജീവനക്കാരുടെ സർവ്വീസ് ചട്ടം 55(b)ൽ ആർജ്ജിതാവധി 180 ദിവസമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൊസൈറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഈ പരിധിയിൽ കൂടുതൽ ആർജ്ജിതാവധി ടെർമിനൽ സറണ്ടറുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ചെക്ക് നം./ തീയതി | ഉത്തരവ് നം./ തീയതി | ജീവനക്കാരുടെ പേരും തസ്തികയും | ആകെ TSEL അനുവദിച്ച ദിനങ്ങൾ | തുക (₹) | അർഹതപ്പെട്ട തുക (₹) | കൂടുതലായി അനുവദിച്ച തുക (₹) |
|---|---|---|---|---|---|---|---|---|
| 1 | 13/16 - 17 | 750969 1.4.2016 | A.8/2124/15 KHRWS 1.4.16 | ശ്രീ.വി. ഉണ്ണികൃഷ്ണൻ - PWK Gr.III | 258 | 433681 | 302568 | 131113 |
| 2 | 426/16 - 17 | 476204 26.5.16 | A.8/3367/15 KHRWS 18.5.16 | ശ്രീ. ഫാലോചനൻ നായർ. ഫ്യൂമിഗേഷൻ അറ്റൻഡർ | 222 | 201413 | 163308 | 38105 |
| 3 | 2061/16 - 17 | 54438 22.2.17 | A.8/2931/16 | ശ്രീമതി. റ്റി.ലതാംബിക, | 246 | 318955 | 233382 | 85573 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | KHRWS 20.2.17 | ക്ലീനർ | | | | |
| 4 | 2129/16 -17 | 882970 10.3.17 | A.8/3679/ 13 KHRWS 9.3.2017 | ശ്രീ.കെ.എസ്. രാധാകൃഷ്ണൻ നായർ, ജൂനിയർ അസിസ്റ്റന്റ് | 268 | 333097 | 223722 | 109375 |
| 5 | 2145/16 -17 | 882986 .3.2017 | A.8/3235/ 15 KHRWS | ശ്രീമതി.മേരി വർഗ്ഗീസ്, PWK Gr.II | 300 | 492380 | 295428 | 196952 |
| 6 | 448/16-17 | 476211 30.5.16 | A.8/2123/ 15 KHRWS 9.5.16 | ശ്രീമതി. പി.എൻ. ഇന്ദിര കുമാരി PWK Gr.II | 244 | 275931 | 203556 | 72375 |
| 7 | 2165/16 -17 | 882996 .3.17 | A.8/2834/ 16 KHRWS 13.3.17 | ശ്രീമതി. കെ.ജെ. ത്രേസ്യാമ്മ PWK Gr.III | 216 | 267573 | 222978 | 44595 |
| **ആകെ** | | | | | | **2323030** | **1644942** | **678088** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21/2016-17, തീയതി 09.05.2022) യ്ക്ക് മറുപടിയായി 'നിലവിൽ TSEL 180 ദിവസമായി പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും, സർവ്വീസ് റൂൾസിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും ഈ വിഷയം സംബന്ധിച്ച് തീരുമാനത്തിനായി 133-മത് ഗവേണിംഗ് ബോഡിയിൽ സമർപ്പിച്ചിട്ടുള്ളതാകുന്നുവെന്നും' കത്ത് നം. എ.8/ 2249/22/കെ.എച്ച്.ആർ.ഡബ്ല്യു.എസ് തീയതി-04.06.2022 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളോ ഗവേണിംഗ് ബോഡി തീരുമാനമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി മേൽ പ്രകാരം ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ഇനത്തിൽ കൂടുതലായി രൂപ 6,78,088/- അനുവദിച്ചത് അംഗീകരിക്കുന്നില്ല. തുക (₹6,78,088/-) അനുവദിച്ച മാനേജിംഗ് ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 3.7 പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം ₹ 3,12,039/-

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി).നം.13/2012/PWD, തീയതി 01.02.2012 - പാർട്ട് II സെക്ഷൻ 2112.1 പ്രകാരം പൂർത്തീകരണ കാലാവധി

ദീർഘിപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% വരെ ദീർഘിപ്പിച്ച നൽകാവുന്നതും പി.എ.സിയുടെ 1% തുക (മിനിമം 1000/-രൂപ, മാക്സിമം 50,000/-രൂപ) പിഴയായി ഈടാക്കേണ്ടതുമാണ്. വീണ്ടും ദീർഘി പ്പിക്കുന്നതിന് (പരമാവധി കരാർ ഉടമ്പടി ചെയ്ത സമയത്തിന്റെ 50%) പി.എ.സിയുടെ 2% തുക(മിനിമം 2000/-രൂപ, മാക്സിമം 1,00,000/-രൂപ) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ച നൽകിയതുവഴി കെ.എച്ച്.ആർ.ഡബ്ല്യു.എസിന് 3,12,039/- രൂപ നഷ്ടമായിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടം വന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ഫയൽ നം. | കരാറുകാരൻ, എം.ബുക്ക്, കൈപ്പറ്റ് തുക , ചെക്ക് നം./ തീയതി | വർക്ക് ഏറ്റെടുത്ത തീയതി പി.എ.സി തുക (രൂപ) | എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി | പിഴ തുക (രൂപ) |
|---|---|---|---|---|---|
| 1 | മെയിന്റൻസ് പേവാർഡ്, MCH കോട്ടയം DB2-637/15-16 | ശ്രീ.കെ.ജെ.ജോസഫ് 265/14 547237 391206/27.5.16 | 15.04.2016 7,92,780 | 01.06.2016 30.6.2016 | 23783 (3% of PAC) |
| 2 | ഡീലക്സ് പേവാർഡ് റീ വയറിംഗ്, തിരുവനന്തപുരം EL - 1051/1516 | ശ്രീ.രാധകുമാർ.എസ് 68/2016 1237754 718953/13.2.17 | 22.06.16 24,21,786 | 22.08.16 17.09.16 | 72654 (3% of PAC) |
| 3 | പേവാർഡ് മെയിന്റനൻസ്, താലൂക്ക് ആശുപത്രി, ചേർത്തല DB2-2013/15-16 | ശ്രീ.മഹാദേവൻ 63/16 1378551 391204/24.5.16 | 27.01.16 13,15,692 | 26.04.16 13.05.16 | 39471 (3% of PAC) |
| 4 | മെയിന്റനൻസ് ഡീലക്സ് പേവാർഡ് MCH തിരുവനന്തപുരം | ശ്രീ.ശിവൻകുട്ടി നായർ 317/15 7656250 718950/2.2.17 | 25.5.16 86,02,187 | 24.8.16 8.10.16 | 1,50,000 (മാക്സിമം) |
| 5 | മെയിന്റനൻസ് ജനത പേവാർഡ് GH,നെയ്യാറ്റിൻകര DB2-1146/15-16 | ശ്രീ.ശിവൻകുട്ടി നായർ 312/15 1064256 391201/19.5.16 | 18.1.16 1170442 | 17.3.16 4.4.16 | 11704 (1% of PAC) |

| | | | | | |
|---|---|---|---|---|---|
| 6 | പേവാർഡ് മെയിന്റനൻസ് താലൂക്കാശുപത്രി, തൃപ്പൂണിത്തുറ DB2-1887/16-17 | ശ്രീ,സാൽബി 161/14 438633 718966/27.3.17 | 13.12.16 480910 | 12.1.17 25.1.17 | 14427 (3% of PAC) |
| **ആകെ** | | | | | **₹ 312039/-** |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി 20.04.2022-ൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എം.ഡി യ്ക്ക് ഓഡിറ്റ് എൻക്വയറി നം.12 നൽകിയിരിക്കുന്നു.

കരാറുകാരന്റെ അപേക്ഷയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്ത പ്രകാരമാണ് ഫൈൻ ഒഴിവാക്കിയത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വന്നാൽ പിഴ ഈടാക്കണം. പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് മേൽ ന്യായീകരണം അംഗീകരിക്കാനാകില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3.8 പി.ഡബ്ല്യു.ഡി. മാന്വലിനു വിരുദ്ധമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കി - പിഴയിനത്തിൽ ₹ 2,52,714 നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി).നം.13/2012/PWD, തീയതി 01.02.2012 പാർട്ട് II സെക്ഷൻ 2112.1 പ്രകാരം പ്രവർത്തിപൂർത്തീകരിക്കുന്നതിന് അധികം സമയം വേണ്ടി വന്നാൽ ആദ്യതവണ യഥാർത്ഥ സമയത്തിന്റെ 25% (പരമാവധി 6 മാസം)വും പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികമാകരുത് എന്നും. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ലാത്തതും ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നല്കാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 50% വരെ ദീർഘിപ്പിക്കുന്നതിനായി ആദ്യതവണ പി.എ.സി.യുടെ 1% തുകയും ശേഷം 2% തുകയും പിഴയായി ഈടാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധനകളൊന്നും പാലിക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകു കയും പിഴ ഇനത്തിലെ തുക ഈടാക്കാതിരിക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ഫയൽ നം. പി.എ.സി തുക | കരാറുകാരന്റെ പേര്/ എം. ബുക്ക് നം./ കൈപ്പറ്റ് തുക ചെക്ക് നം./ തീയതി | വർക്ക് ഏറ്റെടുത്ത തീയതി, പൂർത്തീകരി ക്കേണ്ട തീയതി പൂർത്തീകരിച്ച തീയതി | ദീർഘിപ്പിച്ചു നല്കാവുന്ന പരമാവധി സമയം, അധികം അനുവദിച്ച സമയം | അനുവദനീയമായ സമയം മാത്രം അധികമായി നല്കിയിരുന്നെങ്കിൽ ഈടാക്കേണ്ട പിഴ തുക (രൂപ) @ 3% of PAC | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പേ വാർഡ് നിർമ്മാണം, ആയുർവേദ | ശ്രീ.രാജീവൻ 290/14 1418446 | 14.12.15 13.5.16 206.17 | 2 1/2 മാസം, 1 വർഷവും 1 1/2 മാസവും | 95165/- രൂപ | 16542/- രൂപ ഈടാ |

| | | | | | | |
|---|---|---|---|---|---|---|
| | ആശുപത്രി, പരിയാരം DB.2-585/15-16 31,72,162 | 391173/5.4.16 | | | | ക്കി |
| 2 | മെയിന്റനൻസ് പേ വാർഡ് ജില്ലാശുപത്രി, മാനന്തവാടി DB.2-661/15-16 9,72,058 | ശ്രീ.പി.അജിത്ത് 297/14 1000065 391211/27.5.16 | 10.2.16 9.4.16 20.5.16 | 1 മാസം 1 മാസം 12 ദിവസം | 29162 | |
| 3 | പേവാർഡ് മെയിന്റനൻസ് താലൂക്ക് ആശുപത്രി, തളിപ്പറമ്പ് DB.2-2966/15-16 687992 | ശ്രീ.രാജീവൻ.പി 294/14 603611 391254/3.9.16 | 26.4.16 25.6.16 1.8.16 | 1 മാസം 1 മാസം 8 ദിവസം | 20640 | |
| 4 | പേവാർഡ് മെയിന്റനൻസ് W&CH കോട്ടപ്പറമ്പ് കോഴിക്കോട് DB.2-281/15-16 5930756 | ശ്രീ.പി.സജി 184/14 500000 391270/5.11.16 | 25.4.16 9.6.16 20.7.16 | 3/4 മാസം 1 മാസം 12 ദിവസം | 17792 | |
| 5 | പേവാർഡ് മെയിന്റനൻസ് MCH , തിരുവനന്തപുരം DB.2-3187/14-15 3549886 | ശ്രീ. പ്രസന്നകുമാർ.വി 303/15 3405213 391172/5.4.16 | 16.4.15 15.6.15 22.2.16 | 1 മാസം 8 മാസം 7 ദിവസം | 106497 | |
| | | | | **ആകെ** | **₹ 252714 /- രൂപ** | |

20.04.2022 ലെ ഓഡിറ്റ് എൻക്വയറി നം.12 പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് എം.ഡിയോട് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു.

കരാറുകാരന്റെ അപേക്ഷയിൻമേൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തതു പ്രകാരമാണ് കരാർ നീട്ടി നൽകുകയും ഫൈൻ ഒഴിവാക്കിയതും എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളിൽ കർശനമായി പാലിക്കേണ്ട വ്യവസ്ഥകളാണ് പി.ഡബ്ല്യൂ.ഡി മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളത്. ടി വ്യവസ്ഥകൾ നിരന്തരം ലംഘിച്ച് പ്രവൃത്തികൾ

ചെയ്യുന്നത് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്. ആയത് ന്യായീകരിക്കാനാവില്ല. മേൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പി.ഡബ്ല്യൂ.ഡി. മാന്വൽ അനുസരിച്ച് പ്രവർത്തിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

### 3.9 കരാർ വയ്ക്കുന്നതിന് കാലതാമസം - PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല – നഷ്ടം 29,027/- രൂപ

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി).നം.13/2012/PWD, തീയതി 01.02.2012 പാർട്ട് II സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി ആയത് കൈപ്പറ്റിയ തീയതിയായി കണക്കാക്കി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. (ഇക്കാര്യം സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കണം). 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാത്തപക്ഷം PAC തുകയുടെ 1% തുക (മിനിമം -1,000/- രൂപ – മാക്സിമം - 25,000/- രൂപ) പിഴയായി ഈടാക്കി 10 ദിവസം കൂടി കരാർ വയ്ക്കാൻ അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെ അധികദിനം അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ഫയൽ നം. പി.എ.സി. തുക (രൂപ) | കരാറുകാരൻ കൈപ്പറ്റിയ തുക ചെക്ക് നം./ തീയതി | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ വയ്ക്കേണ്ട തീയതി, കരാർ വച്ച തീയതി | ഈടാക്കേണ്ട പിഴ (രൂപ) |
|---|---|---|---|---|---|
| 1 | റീ വയറിംഗ് ഡീലക്സ് പേവാർഡ്, തിരുവനന്തപുരം EL – 1051/15-16 2421789 | ശ്രീ.രാധകുമാർ 10,00,000 391280/7.12.16 | 31.5.2016 | 14.6.16 22.6.16 | 24218 |
| 2 | മെയിന്റനൻസ് പേവാർഡ്, തൃപ്പൂണിത്തുറ DB2-1887/16-17 480910 | ശ്രീ.സാൽബി 4,38,633 718966/27.3.17 | 17.10.16 | 31.10.16 7.11.16 | 4809 |
| ആകെ | | | | | ₹ 29, 027 |

ഓഡിറ്റ് എൻക്വയറി നം. 12/20.4.2022 ന നല്കിയ മറുപടിയിൽ ജനുവരി 2022 മുതൽ കരാറുവയ്ക്കാൻ താമസം വന്നാൽ പിഴ ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

നിയമം അനുസരിക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരിൽ നിന്നും വന്നിട്ടുള്ള വീഴ്ച ചെറുതായി കാണാനാകില്ല. 29,027/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3.10. കരാർ വയ്ക്കുന്നതിന് കാലതാമസം - PWD മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല - പിഴ ഇനത്തിലെ നഷ്ടം - 64,214/- രൂപ

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, ജി.ഒ.(പി).നം.13/2012/PWD, തീയതി 01.02.2012 പാർട്ട് II സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കി 14 ദിവസത്തിനകം കരാർ വയ്ക്കണമെന്നും ആയതിനു കഴിയുന്നില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി 10 ദിവസം കൂടി അനുവദിക്കണമെന്നും , ടി 24 ദിവസത്തിനുള്ളിൽ കരാർ വച്ചില്ലെങ്കിൽ ടിയാളെ കരാറിൽ നിന്നും ഒഴിവാക്കി ഇ.എം.ഡി. കണ്ടുകെട്ടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ 24 ദിവസത്തിനു ശേഷവും പിഴ ഈടാക്കാതെ കരാർ വയ്ക്കാൻ അനുവദിച്ചതായി കാണുന്നു. ഇത് 2012 ലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. പിഴ ഇനത്തിൽ ഈടാക്കാവുന്ന തുക കൂടി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ഫയൽ നം. പി.എ.സി. തുക (രൂപ) | കരാറുകാരൻ കൈപ്പറ്റിയ തുക ചെക്ക് നം./തീയതി | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ വയ്ക്കേണ്ട തീയതി, കരാർ വച്ച തീയതി | 24 നേക്കാൾ അധികരിച്ച നൽകിയ ദിവസങ്ങൾ | നിയമാനുസൃതമായി 24 ദിവസത്തിനുള്ളിൽ കരാർ വച്ചിരുന്നെങ്കിൽ ഈടാക്കേണ്ട പിഴ തുക (രൂപ) |
|---|---|---|---|---|---|---|
| 1 | മെയിന്റനൻസ് പേവാർഡ്, MCH, കോട്ടയം DB.2-637/15-16 792780 | ശ്രീ.കെ.ജെ. ജോസഫ് 547237 391206/27.5.16 | 19.3.16 | 2.4.16 15.4.16 | 3 | 7928 |
| 2 | മെയിന്റനൻസ് പേവാർഡ്, THQH, നോർത്ത് പറവൂർ DB.2-1869/15-16 628591 | ശ്രീ.വി.ഒ.ജോസ് 619819 391205/24.5.16 | 2.3.16 | 16.6.16 5.4.16 | 10 | 6286 |
| 3 | മെയിന്റനൻസ് ഡീലക്സ് പേവാർഡ്, MCH , തിരുവനന്തപുരം DB.2-3187/14-15 8602187 | ശ്രീ.ശിവൻകുട്ടി നായർ 7656250 718950/2.2.17 | 28.3.16 | 11.4.16 27.4.16 | 6 | 25000 (മാക്സിമം) |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെയിന്റനൻസ് ഓൾഡ് പേവാർഡ്, MCH, തിരുവനന്തപുരം DB.2-3187/14-15 3549886 | ശ്രീ.പ്രസന്നകുമാർ 3405213 391172/5.4.16 | 11.3.15 | 25.3.15 7.4.15 | 3 | 25000 (മാക്സിമം) |
| ആകെ | | | | | | ₹ 64214 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് എം.ഡിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 12/20.04.2022 ന 'ഇനി വരുന്ന പ്രവൃത്തികളിൽ മേൽ നിയമം അനുസരിച്ച് പിഴ ഈടാക്കുന്നതാണ് ' എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി. നിയമങ്ങൾ അറിഞ്ഞിരിക്കുകയും അത് പാലിക്കുകയും ചെയ്യേണ്ട ഒരു എഞ്ചിനീയർ വരുത്തിയ വീഴ്ച അംഗീകരിക്കാവുന്നതല്ല. മേൽ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പി.ഡബ്ല്യൂ.ഡി മാന്വൽ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

### 3.11 എസ്റ്റിമേറ്റ് നിരക്കിൽ മാറ്റം വരുത്തി അധിക തുക കരാറുകാരന് നല്കി - നഷ്ടം - ₹ 83,062

പരിയാരം ആയുർവേദ ആശുപത്രി പേവാർഡ് നിർമ്മാണത്തിന് അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവയിലെ ഇനം-16 ലെ നിരക്കായ ₹502.48/കി.ഗ്രാം യിൽ മാറ്റം വരുത്തി ₹1081.35/കി.ഗ്രാം നിരക്ക് നല്കിയതു വഴി 83,062/-രൂപ അധികചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | - | പേവാർഡ് നിർമ്മാണം, ആയുർവേദാശുപത്രി, പരിയാരം |
| ഫയൽ നമ്പർ | - | DB.2-585/15-16/KHRWS |
| എസ്റ്റിമേറ്റ് തുക | - | ₹33,04,335 |
| കരാറുകാരൻ | - | ശ്രീ.പി.രാജീവൻ (4 % കുറവ്) |
| കരാർ തുക | - | 3172162 |
| എം.ബുക്ക് നമ്പർ | - | 290/2014 |
| നൽകിയ തുക | - | 1418446/- (ചെക്ക് നം. 391173/05.04.16)<br>1300000/- (ചെക്ക് നം. 900408/26.07.17) |

എസ്റ്റിമേറ്റ് പ്രകാരം ഇനം - 16: Providing and fixing aluminium work for doors, windows ventilators and partitions with extruded built up standard tubular section/appropriate sections and other sections of approved make conforming to

IS:733 and IS:1285, fixing with dash fasteners..............polyster powder Coated aluminium *(DSR Code No.21.2.1.3).*

| | | |
|---|---|---|
| എസ്റ്റിമേറ്റ് പ്രകാരം ഇനം.16 ന് | | |
| വകയിരുത്തിയ തുക | - | 200 kg @ 502.48/kg - ₹ 100496 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം | - | 149.47kg @ 502.48 - ₹75106/- |
| എം.ബുക്ക് പ്രകാരം ഇനം. 16 ന് | | |
| ആകെ ചെയ്ത പ്രവൃത്തിയുടെ അളവ് | - | 149.47 kg |
| എഗ്രിമെന്റ് പ്രകാരം കരാറുകാരന് | | |
| നല്കേണ്ട തുക | - | 149.47 @ 502.48 /kg-₹75106/- |
| ബിൽ പ്രകാരം നൽകിയ തുക | - | 149.47@ 1081.35 /kg-₹161629/- |
| അധികം നൽകിയ തുക | - | 161629 - 75106 = ₹ 86523/- |
| ടെണ്ടർ കിഴിവ് (4%) | - | ₹ 3461 |
| | | ------------- |
| | | ₹ 83062/- |
| | | (നികുതികൾ ഉൾപ്പെടെ) |

എം.ബുക്കിൽ ആദ്യം തയ്യാറാക്കിയ ബില്ലിൽ 149.47 @ 502.48//kg ₹75106/- എന്നാണ് ചേർത്തിരുന്നത്. ആയത് തിരുത്തി 149.47 @ 1081.35/kg ₹161629/- എന്നാക്കിയശേഷമാണ് ബിൽ തുക അനുവദിച്ചത്. കോൺട്രാക്ട് ബില്ലിൽ ഇത്തരത്തിൽ തിരുത്തൽ വരുത്തിയിരുന്നില്ല.

ഈ വിഷയത്തിൽ 20.04.2022 ന് ഓഡിറ്റ് എൻക്വയറി നം.11/16-17 ലൂടെ വിശദീകരണം ആവശ്യപ്പെട്ടതിന് 'എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ടെണ്ടർ വിളിച്ചപ്പോൾ ഒരു ഇനം ഒഴിവാക്കിയതിനാൽ ക്രമ നമ്പരുകൾ തമ്മിൽ മാറിപ്പോകുകയും എഗ്രിമെന്റ് ഷെഡ്യൂൾ റേറ്റുകൾ മാറിപ്പോകുകയും ചെയ്തതിനാലാണ് വ്യത്യാസം വന്നത് ' എന്നാണ് മറുപടി നൽകിയത്. ക്രമനമ്പർ മാറിപ്പോയാലും മേൽ ഇനം, DSR കോഡ് 21.1.1.3 നാണ് 1081.35/kg നിരക്ക് നല്കിയിട്ടുള്ളത്. (റിവൈസ്ഡ് എസ്റ്റിമേറ്റ്, എം.ബുക്ക്, കോൺട്രാക്ട് ബിൽ എന്നിവയിൽ നിന്നും) 21-1.1.3 എന്ന ഐറ്റത്തിന് 502.48/കി.ഗ്രാം നിരക്ക് മാത്രമാണ് നല്കാവുന്നത് എന്ന് DSR ൽ വ്യക്തമായിരിക്കെ മേൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3.12 സ്റ്റാർട്ടർ കിറ്റ് - സ്റ്റോക്കിലെടുത്തതിൽ കുറവ് നഷ്ടം ₹33,600/-

കോഴിക്കോട് ACR ലാബിലേക്ക് ELNQCS HEALTH CARE എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. EH/2015-16/B/0571 തീയതി 30.12.2015 പ്രകാരം STARTER KIT 6 എണ്ണം 50,400/ രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് സർട്ടിഫിക്കറ്റിൽ സ്റ്റോക്ക് രജിസ്റ്റർ B – പേജ് നമ്പർ 180-ൽ ചേർത്തിട്ടുള്ളതായി കാണിച്ചിരുന്നു. സ്റ്റോക്ക് രജിസ്റ്റർ

പരിശോധിച്ചതിൽ ടി ഇൻവോയ്സ് പ്രകാരം 2 എണ്ണം മാത്രമേ ചേർത്തിട്ടുള്ളതായി ബോധ്യപ്പെട്ടുള്ളൂ. സ്റ്റാർട്ടർ കിറ്റ് ഒന്നിന് 8,000 രൂപയും 5% നികുതിയും ഉൾപ്പെടെ 8400/- രൂപയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ ചീഫ് ലാബ് ടെക്നീഷ്യനോട് - ഓഡിറ്റ് എൻക്വയറി നമ്പർ 7/14.01.22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 25.01.2022-ൽ നിലവിലെ ചീഫ് ലാബ് ടെക്നീഷ്യൻ നൽകിയ മറുപടിയിൽ അന്നത്തെ (30.12.15-ലെ) ചീഫ് ലാബ് ടെക്നീഷ്യനായ അനുഷ.കെ.യ്ക്കു മാത്രമേ വിശദീകരണം നൽകാൻ സാധിക്കൂ എന്നാണ് അറിയിച്ചിരിക്കുന്നത്.

സ്റ്റോക്കിൽ എടുക്കാതിരുന്ന 4 എണ്ണത്തിന്റെ വിലയായ 33,600/- രൂപ ബന്ധപ്പെട്ട ചീഫ് ലാബ് ടെക്നീഷ്യനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3.13 Unicel Dxi Wash buffer – നീക്കിയിരിപ്പിൽ കുറവ് - നഷ്ടം - ₹27,048/-

കോഴിക്കോട് ACR ലാബിൽ സ്റ്റോക്ക് രജിസ്റ്റർ B – പേജ് നമ്പർ 105-ൽ Unicel Dxi Wash buffer ന്റെ വിനിയോഗം രേഖപ്പെടുത്തിയതിൽ 27.07.2015-ൽ 26 എണ്ണം നീക്കിയിരിപ്പ് ഉള്ളതും 01.08.2015 ൽ ഇൻവോയ്സ് നം.1310/15-16, തീയതി 27.07.2015 പ്രകാരം 10 എണ്ണം ലഭിച്ചിട്ടുള്ളതുമാണ്. നീക്കിയിരിപ്പായി 36 എണ്ണം ഉണ്ടാകേണ്ടതാണ്. എന്നാൽ 30 എണ്ണം മാത്രമാണ് ചേർത്തിട്ടുള്ളത്. (ടി തീയതിയിൽ വിതരണം നടത്തിയിട്ടില്ല.) ഇൻവോയ്സ് പ്രകാരം 10 എണ്ണമുള്ള ഒരു പായ്ക്കറ്റിന് 45,080/ രൂപയാണ് നൽകിയിട്ടുള്ളത്. കുറവ് വന്ന 6 എണ്ണത്തിന്റെ വില 27,048/- രൂപ കെ.എച്ച്.ആർ.ഡബ്ല്യു. എസ്-ന് നഷ്ടമായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/14.02.2022 നൽകിയിരുന്നു. ടി കാലയളവിലെ ചീഫ് ലാബ് ടെക്നീഷ്യൻ ശ്രീമതി. അനുഷ.കെ യ്ക്ക് മാത്രമേ വിശദീകരണം നല്കാനാവൂ എന്നാണ് നിലവിലെ ലാബ് ടെക്നീഷ്യൻ മറുപടി നൽകിയിട്ടുള്ളത്. നഷ്ടതുക ബന്ധപ്പെട്ട ചീഫ് ലാബ് ടെക്നീഷ്യനിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

### 3.14 സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല – തടസ്സം ₹ 3,82,205/-

കോഴിക്കോട് ACR ലാബിലേക്ക് ഇൻവോയ്സ് നമ്പർ 564/29.02.16 പ്രകാരം 364424.55/-രൂപയുടെ സാധനങ്ങൾ BIOCARE DIAGNOSTICS എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് സർട്ടിഫിക്കറ്റ് പ്രകാരം ടി സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ - B യിൽ 76,22,16,10,34,28,88,94,232,226 എന്നീ പേജുകളിൽ ഉൾപ്പെടുത്തിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ - B യുടെ പ്രതിപാദ്യ പേജുകളിൽ ആയവ ഉൾപ്പെടുത്തിയിട്ടില്ല. EH/B/645/29.1.16 പ്രകാരം 7805.70/- രൂപയുടെ MAGLUMI PRG, 9,975/- രൂപയുടെ AFP എന്നിവ B രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിരുന്നെങ്കിലും അവയും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് 14.01.2022-ന് ഓഡിറ്റ് എൻക്വയറി-7 ലൂടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 9975/- രൂപയുടെ AFP രജിസ്റ്റർ B യിൽ ചേർത്തിട്ടില്ല. എന്നാൽ 7805.70 - രൂപയുടെ maglumi പേജ് 206 ൽ

ചേർത്തിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. 36,44,424.55- രൂപയുടെ സാധനങ്ങളുടെ കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ മൊത്തം തുക 3,82,205/- രൂപ തടസ്സം ചെയ്യുന്നു. സ്റ്റോക്ക് സംബന്ധിച്ച് വ്യക്തത വരുത്താത്തപക്ഷം മേൽ തുക ബന്ധപ്പെട്ട ചീഫ് ലാബ് ടെക്നീഷ്യന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

### 3.15 HEPACARD സ്റ്റോക്കിലെടുത്തില്ല - ₹ 34,209/- തടസ്സപ്പെടുത്തുന്നു

കോഴിക്കോട് ACR ലാബിൽ Hepatitis B Surface antigen (HBSAg) in Human Serum or Plasma എന്ന ടെസ്റ്റിനുപയോഗിക്കുന്ന HEPACARD, സ്റ്റോക്ക് രജിസ്റ്റർ A യിൽ പേജ് നം.252 ൽ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടു ത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പേജിലോ സ്റ്റോക്ക് രജിസ്റ്ററിലോ ആയതിന്റെ സ്റ്റോക്ക് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ആകെ എണ്ണം | തുക (₹ ) | ഇൻവോയ്സ് നമ്പർ | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|
| 3000 | 34209 | 4617 | ടൈകോർ മെഡിക്കൽ സിസ്റ്റംസ്, തിരുവനന്തപുരം -1 |

ഓഡിറ്റ് വേളയിൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8, തീയതി 14.01.2022) യ്ക്ക് മറുപടിയായി, ഇവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ലെന്ന് ചീഫ് ലാബ് ടെക്നീഷ്യൻ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഇവയുടെ വിനിയോഗം, അതിന്മേൽ സ്ഥാപനത്തിന് ലഭിച്ച വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക ₹34,209/-തടസ്സപ്പെടുത്തുന്നു.

### 3.16 BGA മെഷീന്റെ വാടക വിവരങ്ങൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു - ₹ 4,03,200/-

കോഴിക്കോട് ACR ലാബിൽ ഉപയോഗിച്ചിരിക്കുന്ന Blood Gas Analyser (BGA) മെഷീന്റെ വാടക തുക ഇനത്തിൽ J.K.Medical Systems Pvt.Ltd, Chennai എന്ന സ്ഥാപനത്തിന് പ്രതിമാസം ₹33,600 (Central ST@5% ഉൾപ്പെടെ), നിരക്കിൽ ആകെ ₹4,03,200/- നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ലാബിൽ ഇൻവോയ്സ് ലഭിച്ച തീയതി |
|---|---|---|
| 1 | 2283/04.02.13 | 24.02.13 |
| 2 | 2528/09.03.13 | 13.05.13 |
| 3 | 29/04.04.13 | 13.05.13 |

| | | |
|---|---|---|
| 4 | 318/15.05.13 | 30.05.13 |
| 5 | 513/10.6.13 | 30.06.13 |
| 6 | 709/03.07.13 | 31.07.13 |
| 7 | 945/03.8.13 | 31.08.13 |
| 8 | 1158/03.09.13 | 30.09.13 |
| 9 | 1366/03.10.13 | 30.11.13 |
| 10 | 1663/09.11.13 | 30.11.13 |
| 11 | 1836/02.12.13 | 31.12.13 |
| 12 | 2100/03.01.14 | 31.01.14 |

പ്രസ്തുത മെഷീൻ വാടകയ്ക്ക് എടുക്കാനിടയായ സാഹചര്യം , ടി കമ്പനിയുമായി എഴുതിയുണ്ടാക്കിയ കരാർ വിവരങ്ങൾ, കരാർ കാലാവധി, ക്വട്ടേഷൻ/ടെണ്ടർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10, തീയതി 14.01.2022) നൽകിയിരുന്നെങ്കിലും ഈ രേഖകളും വിവരങ്ങളും ലാബിൽ ലഭ്യമല്ലായെന്നും പകരം ഹെഡ് ഓഫീസിൽ നിന്നുമാണ് ലഭിക്കുക എന്നും ചീഫ് ലാബ് ടെക്നീഷ്യൻ രേഖാമൂലം മറുപടി നൽകി. ഈ അപാകത ഉൾപ്പെടുത്തി കെ.എസ്.എ.കെ.എച്ച്.ആർ. 34/എസ്.2/2022, തീയതി 07.04.2022 പ്രകാരം ഓഡിറ്റ് നോട്ട് പുറപ്പെടുവിച്ചതിന് ഹെഡ്ഓഫീസിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഈയിനത്തിലെ ₹ 4,03,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3.17 EPF/ESI തുകകൾ ഒടുക്കിയതിന്റെ ചെലാനുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. - തുക തടസ്സപ്പെടുത്തുന്നു - ₹ 3,72,945/-

EPF/ESI തുകകൾ ജീവനക്കാരുടെ ശമ്പളം/കുടിശ്ശികയിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തിയതിന്റെ ചെലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (₹) | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 678/16-17 | 608135/13.7.16 | 22,272 | 3/16 - 5/16 | ശ്രീ.രഘുകുമാറിന്റെ EPF അക്കൗണ്ടിലേക്ക് ഒടുക്കിയ തുക |
| 2 | 1772/16-17 | 868998/10.1.17 | 18,673 | | ശ്രീ.ഷാജി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | EPF അക്കൗണ്ടിലേക്ക് ഒടുക്കിയ തുക |
| 3 | 1991/16-17 | 869158/14.2.17 | 3,32,000 | 1/17 | ജീവനക്കാരുടെ ESI തുക ഒടുക്കിയത് |
| **ആകെ** | | | **3,72,945** | | |

ചലാനുകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.41/2016-17, തീയതി -15.6.2022 നൽകിയിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രതിപാദിച്ചിട്ടുള്ള ഇനത്തിൽ ചെലവഴിച്ച ആകെ തുക ₹ 3,72,945/- തടസ്സപ്പെടുത്തുന്നു.

## 3.18 വൈദ്യുതിചാർജ്ജ് കുടിശ്ശിക – ഒറ്റത്തവണ തീർപ്പാക്കൽ രേഖകൾ ലഭ്യമല്ല - ₹ 80,31,584/- തടസ്സപ്പെടുത്തുന്നു

കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ 5 യൂണിറ്റുകളുടെ വൈദ്യുതി ചാർജ് കുടിശ്ശികയും പലിശയും ഉൾപ്പെടെ 4.72 കോടി രൂപ കെ.എസ്.ഇ.ബിയുടെ 03.02.2018 ലെ B.O.(F.T.D)NO.280/2015(ACC/AEE/KHRWS/2014-15) പ്രകാരം 03/2015 മുതൽ 16 തവണകളായി ഒടുക്കുന്നതിന് അനുമതി നൽകിയിരുന്നു. അത് പ്രകാരം 4 സ്ഥാപനങ്ങളുടെ അവസാന 3 ഗഡുക്കൾ 2016-17 വർഷം ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | സ്ഥാപനം | ചെക്ക് നം., തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 8757 | കാത്ത് ലാബ്, തിരുവനന്തപുരം | 751019/ 15.04.2016 | 19,50,000 | 14-ാം തവണ (04/2016) |
| 2 | 3594 | എ.സി.ആർ.ലാബ്, തിരുവനന്തപുരം | 751020/ 15.04.2016 | 7,30,000 | |
| 3 | 10151 | പേ വാർഡ്, GH, ആലപ്പുഴ | 751021/ 15.04.2016 | 2,20,000 | |
| 4 | 4742 | പേ വാർഡ്, W&C, ആലപ്പുഴ | 751022/ 15.04.2016 | 32,000 | |
| 5 | 8757 | കാത്ത് ലാബ്, തിരുവനന്തപുരം | 476139/ 19.05.2016 | 19,50,000 | 15-ാം തവണ (05/2016) |
| 6 | 3594 | എ.സി.ആർ.ലാബ്, തിരുവനന്തപുരം | 476140/ 19.05.2016 | 7,30,000 | |
| 7 | 10151 | പേ വാർഡ്, GH, | 476141/ | 1,96,984 | |

| | | | | | |
|---|---|---|---|---|---|
| | | ആലപ്പുഴ | 19.05.2016 | | |
| 8 | 4742 | പേ വാർഡ്, W&C, ആലപ്പുഴ | 476142/ 19.05.2016 | 59,600 | |
| 9 | 3594 | എ.സി.ആർ.ലാബ്, തിരുവനന്തപുരം | 476251/ 19.05.2016 | 4,32,000 | 16-ാം തവണ (06/2016) |
| 10 | 8757 | കാത്ത് ലാബ്, തിരുവന്തപുരം | 476252/ 19.05.2016 | 17,31,000 | |
| | | **ആകെ** | | **₹ 80,31,584** | |

തുക ഒടുക്കിയത് സംബന്ധിച്ച് വൗച്ചർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട A.1-81/15/KHRWS നമ്പർ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് 27.04.2022-ന് ഓഡിറ്റ് റിക്വിസിഷൻ-03 നൽകിയിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ 80,31,584 / രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

### 3.19 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 23,150/- രൂപ തടസ്സപ്പെടുത്തുന്നു.

2016-17 വർഷം ചുവടെ ചേർത്തിട്ടുള്ള ചെലവുകൾക്ക് ആധാരമായ രേഖകൾ ശരിയായി പരിപാലിച്ചിട്ടില്ലായെന്ന് ഓഡിറ്റിൽ കണ്ടെത്തി. ചെലവ് വൗച്ചറുകൾക്കൊപ്പം ബില്ലുകൾ അനുബന്ധരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾ അംഗീകരിക്കത്തക്കതാണോയെന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1549/16-17 | 901835/ 30.11.2016 | 8200 | ACRL, തിരുവനന്തപുരം പ്രിന്റർ വാങ്ങിയത് | ബില്ലിന്റെ പകർപ്പിൽ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 1922/16-17 | 869114/ 03.02.2017 | 1000 | KL 01 BJ 7669- ഡീസൽ ചാർജ് | ബില്ല് ഹാജരാക്കിയിട്ടില്ല. |
| 3 | 2064/16-17 | 544541/ 22.02.2017 | 3500 | KL 01 BJ 7669- ഡീസൽ ചാർജ് | ബില്ലുകൾ ഹാജരാക്കിയിട്ടില്ല. |
| 4 | 2268/16-17 | 658497/ 28.03.2017 | 10450 | ആയുർവേദാശുപത്രി നെയ്യാറ്റിൻകര- പേവാർഡ് - ബെഡ് കവറുകൾ | സ്റ്റോക്ക് വിവരം ലഭ്യമല്ല. |
| **ആകെ** | | | **₹23,150/-** | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 23,150/- രൂപ തടസ്സപ്പെടുത്തുന്നു.

## 3.20 രേഖകളില്ലാതെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിച്ച - 1,04,148/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ പറഞ്ഞിരിക്കുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകളിൽ ആവശ്യമായ മെഡിക്കൽ രേഖകളോ ബിൽ പകർപ്പുകളോ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആവശ്യമായ രേഖകൾ പരിശോധിക്കാതെ തുക അനുവദിക്കുന്നത് തെറ്റായ പ്രവണതയാണ്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 26 തീയതി 12.05.22 നൽകിയെങ്കിലും, നാളിതുവരെ യാതൊരു വിശദീകരണവും നൽകുകയോ തുക അനുവദിക്കാനാവിശ്യമായ മെഡിക്കൽ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 1,04,148/-രൂപ തടസ്സപ്പെടുത്തുന്നു.

| നം. | വൗച്ചർ നം. | ജീവനക്കാരന്റെ പേര് | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|---|
| 1 | 238/16-17 | ശ്രീമതി.പി.പി.ഇന്ദിര | 476068 | 04.05.16 | 4880 |
| 2 | 915/16-17 | ശ്രീമതി.സ്മിത | 996966 | 19.08.16 | 3979 |
| 3 | 916/16-17 | ശ്രീമതി.സ്മിത | 996967 | 19.08.16 | 6535 |
| 4 | 920/16-17 | ശ്രീമതി.ലീലാമ്മ | 996971 | 22.08.16 | 3039 |
| 5 | 978/16-17 | സഫിയാ ബീവി | 653186 | 26.08.16 | 4527 |
| 6 | 1022/16-17 | പി.വത്സലാ ദേവി | 653217 | 01.09.16 | 9157 |
| 7 | 1485/16-17 | ശ്രീ.ടി.കൃഷ്ണൻ | 901792 | 19.11.2016 | 8807 |
| 8 | 1593/16-17 | ശ്രീ.അശോക് ലാൽ.ജി | 901861 | 03.12.2016 | 7669 |
| 9 | 1416/16-17 | ശ്രീമതി.രജ്ജല | 901817 | 09.12.16 | 16060 |
| 10 | 1915/16-17 | ശ്രീമതി.സാലമ്മ.എഫ് | 869006 | 31.01.2017 | 25,280 |
| 11 | 1929/16-17 | ശ്രീമതി.ഗീതാകുമാരി | 869117 | 04.02.17 | 3353 |
| 12 | 1930/16-17 | ശ്രീമതി.ഗീതാകുമാരി | 869118 | 04.02.17 | 3489 |
| 13 | 1992/16-17 | ശ്രീ.ടി.കൃഷ്ണൻ | 869159 | 14.02.17 | 7373 |
| ആകെ | | | | | ₹1,04,148 |

## 3.21 ടെൻഡർ ക്ഷണിക്കാതെ ബൾക്ക് പർച്ചേസ് ₹1,79,550/- തടസ്സപ്പെടുത്തുന്നു

2016-17-ലെ വൗച്ചർ നം.888/16-17 (ഉത്തരവ് നം.എ-10/2519/13/ കെ.എച്ച്.ആർ. ഡബ്ല്യു.എസ്, തീയതി 08.08.2016) പ്രീമിയർ പേപ്പേഴ്സ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും 1,79,550/- രൂപയുടെ പേപ്പർ റീട്ടെയിൽ വിലയ്ക്ക് വാങ്ങിയതായും ആയതിനുള്ള പണം

എസ്.ബി.ടി ചെക്ക് നം.233108 (തീയതി 16.08.2016) മുഖാന്തിരം നൽകിയതായും കാണുന്നു. ആയതു് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.15 തീയതി 22.04.22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ യാതൊരു വിശദീകരണവും നൽകുകയോ, തുക അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി 1,79,550/- രൂപ തടസ്സപ്പെടുത്തുന്നു. ടി സ്ഥാപനവുമായി ഏതെങ്കിലും തരത്തിലുള്ള റേറ്റ് കോൺട്രാക്ട് നിലവിൽ ഉണ്ടോയെന്ന ഓഡിറ്റ് അന്വേഷണത്തിനും തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ഉയർന്ന തുകകൾക്കുള്ള ബൾക്ക് റീട്ടെയിൽ പർച്ചേസുകൾ കർശനമായും നിരുത്സാഹപ്പെടുത്തേണ്ടത് സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന് അനിവാര്യമായ ഘടകമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ ഇനത്തിലെ 1,79,550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.22 വാർഷിക കണക്കുകളുടെ ഓഡിറ്റ് - ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. ₹ 1,70,000/-

2011-12. 2012-13 വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് ചെയ്തതിന് M/S ബിജു & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം | ചെക്ക് നം. തീയതി | ആകെ തുക ₹ | TDS ₹ | അനുവദിച്ച തുക | ഓഡിറ്റ് വർഷം |
|---|---|---|---|---|---|---|
| 1. | 423/16-17 | 476201<br>25.05.16 | 85000 | 8500 | 76500 | 2011-12 |
| 2. | 2220/16-17 | 883039<br>22.03.17 | 85000 | 8500 | 76500 | 2012-13 |
| ആകെ തുക | | | ₹1,70,000 | | | |

ഇതു സംബന്ധിച്ച ക്വട്ടേഷൻ/ടെണ്ടർ രേഖകൾ, വർക്ക് ഓർഡർ, സ്ഥാപനവുമായി എഴുതിയുണ്ടാക്കിയ കരാർ വിവരങ്ങൾ, ഓഡിറ്റ് പൂർത്തീകരിച്ച തീയതി, ബന്ധപ്പെട്ട ഫയൽ (നം.A9/2388/2015 KHRWS) എന്നിവ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം. 24/16-17 തീയതി 12.05.2022) നല്കിയിരുന്നുവെങ്കിലും മറുപടി നല്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. TDS ഒടുക്കിയതിന്റെ ചലാനും വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 1,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3.23 ജീവനക്കാരുടെ LIC പ്രീമിയം ഒടുക്കിയത് - രസീതുകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു ₹ 6,47,791/-

ജീവനക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം തുക ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ ഒടുക്കിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തീയതി | ചെക്ക് നം. തീയതി | തുക | തുക ഈടാക്കിയ മാസം |
|---|---|---|---|---|
| 1. | 109/16-17 | 475986/ 18.04.16 | 56230 | 3/16 |
| 2. | 348/16-17 | 476143/ 19.05.16 | 55364 | 4/16 |
| 3. | 496/16-17 | 476246/ 20.06.16 | 57514 | 5/16 |
| 4. | 775/16-17 | 996880/ 22.07.16 | 55309 | 6/16 |
| 5. | 925/16-17 | 996976/ 22.08.16 | 53869 | 7/16 |
| 6. | 1128/16-17 | 65328/ 23.09.16 | 53561 | 8/16 |
| 7. | 1354/16-17 | 653461/ 25.10.16 | 53422 | 9/16 |
| 8. | 1508/16-17 | 901798/ 24.11.16 | 53422 | 10/16 |
| 9. | 1693/16-17 | 901949/ 24.12.16 | 53251 | 11/16 |
| 10 | 1770/16-17 | 868996/ 10.01.17 | 54520 | 12/16 |
| 11 | 2076/16-17 | 544551/ 25.02.17 | 51866 | 1/2017 |
| 12. | 2250/16-17 | 658490/ 27.03.17 | 49463 | 2/17 |
| ആകെ തുക | | | **₹6,47,791** | |

രസീതുകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-42/തീയതി- 17.06.22-ന് മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ₹6,47,791 യുടെ ഒടുക്ക് സബന്ധിച്ച് കൃത്യത പരിശോധിക്കാനായില്ല. ഈ സാഹചര്യത്തിൽ LIC-യിൽ ഒടുക്കിയ ₹6,47,791/- തടസ്സപ്പെടുത്തുന്നു.

### 3.24. കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എയർ കണ്ടീഷണറുകളും അനുബന്ധ ഉപകരണവും വാങ്ങിയത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു - ₹3,30,750/-

കേരള സ്റ്റോർ പർച്ചേസ് മാന്വൽ (G.O(P) 3/2013 SPD Dtd. 21.06.13) ഖണ്ഡിക 6.1 പ്രകാരം സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേയ്ക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണണമെന്നും, ഒരു ലക്ഷം രൂപയ്ക്ക് മേൽ എസ്റ്റിമേറ്റ് തുകയുള്ള സ്റ്റോറുകൾ വാങ്ങുമ്പോൾ ടെണ്ടർ ക്ഷണിക്കണമെന്നും (ഖണ്ഡിക 7.7). ആയതിൽ ഖണ്ഡിക 7.33-ൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ പേ വാർഡിലേയ്ക്ക് വേണ്ടി എയർ കണ്ടീഷണറുകൾ വാങ്ങിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (₹) | ഇനം | പോരായ്മകൾ |
|---|---|---|---|---|---|
| 1. | 1612/16-17 | 391281/ 08.12.16 | 2,31,000 | 1.5 T 3 Star AC with V Guard Stabilizer (7 എണ്ണം) | ടെണ്ടർ ക്ഷണിച്ചിട്ടില്ല. പകരം ക്വട്ടേഷൻ |
| 2. | 1771/16-17 | 868997 | 99,750 | Voltas 1.5T Split AC (3 എണ്ണം) | ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല |
| **ആകെ തുക** | | | **₹3,30,750** | | |

വൗച്ചറുകളോടൊപ്പം ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരം 3 Star AC കളാണ് വാങ്ങിയിരിക്കുന്നത്. വൈദ്യുത ഉപയോഗം കുറവുള്ള 4 or 5 star AC വാങ്ങുന്നതിന് ശ്രദ്ധിച്ചില്ല.

ഇവ സംബന്ധിച്ചും, ക്രമനം. 2-ലെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണം (നം. 37/2016-17 തീയതി 09.06.2022)യ്ക്ക് മറുപടി നല്കുകയോ ഫയൽ (നം. A10/2759/ 2016/KHRWS) ഹാജരാക്കുകയോ ചെയ്തിട്ടില്ല.

കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മേൽ പ്രകാരം എയർ കണ്ടീഷണറുകൾ വാങ്ങിയതിന് ചെലവഴിച്ച ആകെ തുക ₹3,30,750/- തടസ്സപ്പെടുത്തുന്നു.

### 3.25 ACR ലാബിലേക്ക് പേപ്പറുകൾ വാങ്ങിയത് - കരാർ അസാധു - ചെലവ് തുക തടസ്സപ്പെടുത്തുന്നു - ₹ 3,01,214/-

ACR ലാബുകളിലെ കമ്പ്യൂട്ടറുകളിലെ ഉപയോഗത്തിനായി വിവിധതരം പേപ്പറുകൾ വാങ്ങുന്നതിന് ടെണ്ടർ നം.A3/1433/2015/KHRWS തീയതി 18.09.2015-ലെ വ്യവസ്ഥകൾ അനുസരിച്ച് Lions Computer Form, Pettah Thiruvananthapuram – 24 എന്ന

സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ, KHRWS മാനേജിംഗ് ഡയറക്ടർ എന്നിവർ ചേർന്ന് 15.02.2016-ൽ കരാറിലേർപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുണ്ടായ അപാകതകളും പിഴവുകളും ചുവടെ ചേർക്കുന്നു.

1. കരാറിൽ KHRWS മാനേജിംഗ് ഡയറക്ടർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
2. കരാർ കാലാവധി പ്രതിപാദിച്ചിട്ടില്ല.
3. വിതരണം ചെയ്യപ്പെടേണ്ട പേപ്പറുകളുടെ വിവരണം, വില എന്നിവയെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ളതലില്ല. പകരം A3/1433/15 KHRWS തീയതി 04.02.2016-ലെ വിതരണ ഉത്തരവ് (കരാറിലേർപ്പെടുന്നതിന് മുമ്പുള്ളത്) ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ ₹301214/-യുള്ള പേപ്പറുകൾ ചുവടെ പറയും പ്രകാരം ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (₹) |
|---|---|---|---|
| 1. | 381/16-17 | 568847/24.05.16 | 95,250/- |
| 2. | - | 28414/15.07.16 | 30,020 |
| 3. | 1068/16-17 | 568908/07.09.16 | 31,750, |
| 4. | - | 56886/21.10.16 | 81,495 |
| 5. | - | 596952/05.01.17 | 33,400 |
| 6. | - | 596993/10.02.17 | 29,299 |
| | | **ആകെ തുക** | **₹3,01,214/-** |

ഇത് സംബന്ധിച്ച് വിശദീകരണം നല്കുന്നതിനും, ടെണ്ടർ ഫയൽ (A3/1433/15 KHRWS) ഹാജരാക്കുന്നതിനുമായി നല്കിയ ഓഡിറ്റ് എൻക്വയറി (നം.36,തീയതി 09.06.2022)യ്ക്ക് മറുപടി നല്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇതുകാരണം ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കരാറിൽ മാനേജിംഗ് ഡയറക്ടർ ഒപ്പ് രേഖപ്പെടുത്താത്തതിനാൽ ആയത് അസാധുവാണ്. അതുകൊണ്ട് തന്നെ ടി സ്ഥാപനവുമായി എന്തെങ്കിലും തരത്തിൽ തർക്കങ്ങൾ ഉണ്ടായിരുന്നെങ്കിൽ കോടതി നടപടികളിലൂടെ പരിഹരിയ്ക്കാനാവില്ല.

ഈ സാഹചര്യത്തിൽ പേപ്പറുകളുടെ വിലയിനത്തിൽ Lions Computer Forms-ന് നല്കിയ തുക ₹ 3,01,214/- തടസ്സപ്പെടുത്തുന്നു.

### 3.26 ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ - ബന്ധപ്പെട്ട അധികാര സ്ഥാപനത്തിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു - ₹ 4,54,233/-.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൊസൈറ്റിയിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥർക്ക് ആർജ്ജിതാവധി സറണ്ടറുകൾ അനുവദിച്ചിട്ടുണ്ട്. (V. No.35/2016-17, ചെക്ക് നം.750986 തീ. 06.04.16). നോൺ ഗസറ്റഡ് ജീവനക്കാർക്ക് സറണ്ടർ അനുവദിച്ചുകൊണ്ട് അവരുടെ മാതൃവകുപ്പ്/സ്ഥാപനം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഗസറ്റഡ് ജീവനക്കാർക്ക് അക്കൗണ്ടന്റ് ജനറൽ നല്കിയിട്ടുള്ള സ്ലിപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. സറണ്ടർ ചെയ്തിട്ടുള്ള ആർജ്ജിതാവധികൾ അവരവരുടെ ലീവ് അക്കൗണ്ടിൽ നിന്നും കറവ് വരുത്തിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | തുക ₹ |
|---|---|---|
| 1. | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ | 1,02,080/- |
| 2. | ശ്രീ.എസ്.മുരളീധരൻ, അഡ്. ഓഫീസർ | 65,914/- |
| 3. | ശ്രീ. മോഹനൻ.എസ്, ഫിനാൻസ് ഓഫീസർ | 65,914/- |
| 4. | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ | 87,850/- |
| 5. | ശ്രീ.ബൈജുമാത്യു, സീനിയർ സൂപ്രണ്ട് | 43,046/- |
| 6. | ശ്രീ. ശിവദാസൻ നായർ, സീനിയർ അസിസ്റ്റന്റ് | 42,150/- |
| 7. | ശ്രീമതി. ശ്രീദേവി.എം, ജൂനിയർ അസിസ്റ്റന്റ് | 23696/- |
| 8. | ശ്രീമതി. എം.ജയ, ജൂനിയർ അസിസ്റ്റന്റ് | 23,583/- |
| | **ആകെ** | **₹4,54,233/-** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/2016-17 തീയതി 11.04.2022) യ്ക്ക് മറുപടിയായി ഗസറ്റഡ് ഉദ്യോസ്ഥർക്ക് AG ഓഫീസിൽ നിന്നും ലഭിക്കുന്ന ലീവ് സറണ്ടറിന്റെ സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ ELS അനുവദിച്ചിട്ടുണ്ടെന്നും, പ്രസ്തുത ഉദ്യോഗസ്ഥർ വിടുതൽ ചെയ്യുന്ന സമയത്ത് അവരുടെ LPC-യിൽ അവധി നീക്കിയിരിപ്പ് രേഖപ്പെടുത്താറുണ്ടെന്നും നോൺ ഗസറ്റഡ് ഉദ്യോസ്ഥരുടെ കാര്യത്തിൽ അവരുടെ മാതൃ വകുപ്പിലേയ്ക്ക് ELS അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ അയച്ചുകൊടുക്കുകയാണ് ചെയ്യുന്നതെന്നും കൂടാതെ, അവരും വിടുതൽ ചെയ്യുന്ന സമയത്ത് LPC-യിൽ രേഖപ്പെടുത്താറുമുണ്ടെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രേഖാമൂലം മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് AG ഓഫീസിൽ നിന്നും ELS അനുവദിച്ചുകൊണ്ടുള്ള സ്ലിപ്പുകൾ നോൺ ഗസറ്റഡ് ജീവനക്കാരുടെ മാതൃവകുപ്പിൽ/സ്ഥാപനത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ സറണ്ടർ ചെയ്ത ആർജ്ജിതാവധി ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവ് വരുത്തിയ വിവരം പരിശോധിയ്ക്കാൻ സാധിയ്ക്കാത്തതിനാൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന മേൽ ഉദ്യോഗസ്ഥർക്ക് ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക, ₹454233/- തടസ്സപ്പെടുത്തുന്നു.

### 3.27. സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിഡ്കോയിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങി - തുക തടസ്സപ്പെടുത്തുന്നു - ₹36,746/-

സ്റ്റോർ പർച്ചേസ് മാന്വൽ (G.O.(P) No. 3/2013/SPD Dt. 21.06.2013) ഖണ്ഡിക 9.22 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ആയത് ഉത്പാദിപ്പിയ്ക്കാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാമെന്നും വില നെഗോസിയേഷനിലൂടെ നിശ്ചിക്കണമെന്നും, വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉദ്പാദിപ്പിച്ചതാണെന്ന് പർച്ചേസ് ഓഫീസർ ഉറപ്പ് വരുത്തണമെന്നും (ഖണ്ഡിക 9.24) വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ കോഴിക്കോട് RM ഓഫീസിലേയ്ക്ക് ₹36746 യ്ക്ക് Desktop Computer, UPS എന്നിവ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി നല്കിയിരിക്കുന്നു. (വൗച്ചർ നം. 2248/16-17/ചെക്ക്നം.658488/27.03.17) ബന്ധപ്പെട്ട ഫയൽ A10/2948/2016/ KHRWS ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ, (നം.4,തീയതി 07.05.2022) ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.42/2016-17 തീയതി 17.06.2022) എന്നിവ നൽകിയിരുന്നെങ്കിലും മറുപടി നല്കുകയോ, ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വലിനു വിരുദ്ധമായി Intel കമ്പനി ഉല്പാദിപ്പിച്ച കമ്പ്യൂട്ടർ SIDCO-യിൽ നിന്നും വാങ്ങിയതിനാൽ ചെലവ് തുക ₹ 36,746/- തടസ്സപ്പെടുത്തുന്നു.

### 3.28. വിവിധ ഉപകരണങ്ങൾ വാങ്ങിയത് - ഫയലുകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു - ₹ 20,49,273/-

സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്കായി ചുവടെ പറയുന്ന വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. തീയതി | തുക (₹) | ഉപകരണങ്ങളുടെ വിവരം | സ്ഥാപനം | ഫയൽ നം. |
|---|---|---|---|---|---|---|
| 1. | 1591/ 16-17 | 596942 05.12.16 | 885904 | കളർ ഡോപ്ലർ ഡിസ്ക് | തിരുവനന്തപുരം MCH USS യൂണിറ്റ് | A10-731/16/ KHRWS |
| 2. | 2167/ 16-17 | 597027 15.03.17 | 590603 | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | 1592/ 16-17 | 596943 05.12.16 | 47000 | UPS | ” | ” |
| 4. | 54/ 16-17 | 751005 07.04.16 | 120538 | കമ്പ്യൂട്ടറുകൾ | ACRL പേരൂർക്കട | A9/2749/ 13 /KHRWS |
| 5. | 107/ 16-17 | 751044 18.04.16 | 19958 | പ്രിന്ററുകൾ | ആസ്ഥാന കാര്യാലയം - 1 (സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല) ACRL TVM-1, RMO, കോട്ടയം -1 | A9/2749/ 13 /KHRWS |
| 6. | 266/ 16-17 | 476081 06.05.16 | 49407 | കമ്പ്യൂട്ടർ | | ” |
| 7. | 197/ 16-17 | 476043 02.05.16 | 241075 | കമ്പ്യൂട്ടർ -7 പ്രിന്റർ -1 | | ” |
| 8. | 1364/ 16-17 | 653471 26.10.16 | 27788 | പ്രിന്ററുകൾ - 3 | RMO Tvm-2 ACRL പേരൂർക്കട-1 | ” |
| 9. | 307/ 16-17 | 476109 13.05.16 | 67000 | 3KV UPS | ACRL പേരൂർക്കട | ” |
| **ആകെ തുക** | | | **20,49,273** | | | |

പ്രസ്തുത ഫയലുകൾ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നം.IV തീയതി 07.05.2022 നൽകിയിരുന്നെങ്കിലും നാളിതുവരെയും ഹാജരാക്കിയിട്ടില്ല. ആകയാൽ അതാത് സ്ഥാപനങ്ങളുമായി എഴുതിയുണ്ടാക്കിയ കരാർ, സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ, ടെണ്ടർ, ക്വട്ടേഷൻ വിവരങ്ങൾ എന്നിവ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽപ്രകാരം ചെലവഴിച്ച ആകെ തുകയായ ₹20,49,273/- തടസ്സപ്പെടുത്തുന്നു.

### 3.29. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് തുക അനുവദിയ്ക്കുന്നത് - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു - ₹ 8,51,850/-

ACR ലാബുകളിൽ ചെയ്യാൻ കഴിയാത്ത വിവിധ ടെസ്റ്റുകൾ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ (RGCB) നടത്തുന്നതിന്റെ തുക ടി സ്ഥാപനത്തിന് നൽകി വരുന്നു.

ഓഡിറ്റ് കാലയളവിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./തീയതി | ആകെ തുക | RGCB യ്ക്ക് നൽകിയ തുക | മാസം |
|---|---|---|---|---|---|
| 1. | 34/16-17 | 750984/ 06.04.16 | 182300 | 146350 | 1/2016 |
| 2. | 260/16-17 | 284096/ 06.05.16 | 119900 | 95200 | 2/2016 |
| 3. | 456/16-17 | 568853/ 31.05.16 | 92200 | 74550 | 3/2016 |

| | | | | | |
|---|---|---|---|---|---|
| 4. | 612/16-17 | 284107/ 29.06.16 | 74700 | 61100 | 4/2016 |
| 5. | 774/16-17 | 284131/ 22.07.16 | 159500 | 129100 | 5/2016 |
| 6. | 930/16-17 | 284166/ 23.08.16 | 88700 | 69100 | 6/2016 |
| 7. | 1037/16-17 | 284168/ 03.09.16 | 48000 | 39100 | 7/2016 |
| 8. | 1372/16-17 | 568848/ 26.10.16 | 66000 | 54300 | 8/16 |
| 9. | 1574/16-17 | 568898/ 02.12.16 | 52800 | 42700 | 9/16 |
| 10 | 1826/16-17 | 596958/ 17.01.2017 | 92700 | 75600 | 10/16 |
| 11 | 2153/16-17 | 597022/ 13.03.17 | സ്റ്റേറ്റ്മെന്റ് ലഭ്യമല്ല | 64750 | 12/16 |
| **ആകെ തുക** | | | | **₹8,51,850** | |

രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി എഴുതിയുണ്ടാക്കിയ കരാർ പത്രം ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (നം.4, തീയതി-07.05.2022) കൈപ്പറ്റ് രസീതുകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 42/2016-17 തീയതി 17.06.2022) എന്നിവ നല്കിയിരുന്നെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് ടെസ്റ്റുകൾ നടത്തിയതിന് നല്കിയ പ്രതിഫല തുക ₹ 8,51,850/- തടസ്സപ്പെടുത്തുന്നു.

### 3.30 ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള റിക്കവറി തുകകൾ ഒടുക്കിയതിന്റെ ചെലാനുകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു - ₹ 30,33,383/-

KHRWS-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും കുറവ് വരുത്തിയ തുകകൾ ഒടുക്കിയതിന്റെ ചലാനുകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | തുക (₹) | കുറവ് വരുത്തിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1. | 22/16-17 | 750975/ 05.04.16 | 48,873/- | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ MD യുടെ 3/2016-ലെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക |
| 2. | 23/16-17 | 750976/ 05.04.16 | 2,000/- | Smt.Jaya, UDC ( Jr. Asst.)-ന്റെ 3/2016-ലെ CPF വിഹിതം |
| 3. | 24/16-17 | 750977 / 05.04.16 | 1,30,932/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക |
| 4. | 210/16-17 | 47605/ 03.05.16 | 2,000/- | Smt.Jaya, UDC Jr. Asst. KHRWS-ന്റെ 4/2016-ലെ CPF വിഹിതം. |

| | | | | |
|---|---|---|---|---|
| 5. | 211/16-17 | 475056 / 03.05.16 | 1,38,456/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 4/16-ലെ ശമ്പള റിക്കവറി |
| 6. | 212/16-17 | 475057 / 03.05.16 | 52028/- | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ 4-/2016-ലെ ശമ്പള റിക്കവറി |
| 7. | 471/16-17 | 476224/ 06.06.16 | 2000/- | Smt.Jaya, UDC 5/2016-ലെ CPF വിഹിതം |
| 8. | 472/16-17 | 476225/ 06.06.16 | 1,39,456/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 5/16-ലെ ശമ്പള റിക്കവറി |
| 9. | 503/16-17 | 476253/ 21.06.16 | 1,633/- | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ 01.01.16 – 30.04.16 വരെയുള്ള DA കുടിശ്ശികയിൽ നിന്നും ഈടാക്കിയ EPF വിഹിതം |
| 10. | 504/16-17 | 476254/ 21.06.16 | 5,80,595/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ വിഹിതത്തിന്റെ കുടിശ്ശിക (01.07.14 മുതൽ വിവിധ കാലയളവുകളിലുള്ള പെൻഷൻ കുടിശ്ശിക) |
| 11 | 654/16-17 | 996796/ 13.07.16 | 2,000 | Smt.Jaya, UDC 6/2016-ലെ CPF വിഹിതം |
| 12 | 655/16-17 | 996797/ 13.07.16 | 130907 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 6/2016-ലെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക |
| 13. | 786/16-17 | 996886/ 25.07.16 | 1,633 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 01.01.16 – 30.04.16 വരെയുള്ള DA കുടിശ്ശികയിൽ നിന്നും ഈടാക്കിയ EPF വിഹിതം |
| 14. | 806/16-17 | 996895 / 30.07.16 | 2,19,415/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 2009 ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് ഈടാക്കിയ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക. |
| 15. | 867/16-17 | 996929/ 10.08.16 | 2,000/- | Smt.Jaya, UDC 7/2016-ലെ EPF വിഹിതം |
| 16. | 868/16-17 | 996930/ 10.08.16 | 1,06,327/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 7/16-ലെ ശമ്പള റിക്കവറി |
| 17. | 850/16-17 | 996947/ 16.08.16 | 47,439/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 01.01.16 മുതൽ 30.04.16 വരെയുള്ള കാലയളവിലെ DA കുടിശ്ശിക. |
| 18. | 1053/16-17 | 653227/ 05.09.16 | 2,000 | ശ്രീമതി. എം.ജയ 8/16-ലെ EPF വിഹിതം |
| 19. | 1054/16-17 | 653228/ 05.09.16 | 1,86,689/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 8/16-ലെ ശമ്പള റിക്കവറി |
| 20. | 1122/16-17 | 653279 / 22.09.16 | 93,316/- | ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ച് ശ്രീ.ബൈജു മാത്യു. എസ്.എസ്.ന്റെ |

| | | | | |
|---|---|---|---|---|
| | | | | 01.06.16-31.07.16 വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക. |
| 21. | 1181/16-17 | 653330 30.09.16 | 15,190/- | ശ്രീ.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ 17.08.16 - 31.08.16 വരെയുള്ള ശമ്പളത്തിൽ നിന്നും ഈടാക്കിയ EPF വിഹിതം (Employers share ഉൾപ്പെടെ) |
| 22. | 1192/16-17 | 653340/ 01.10.16 | 1,591/- | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ 01.07.15 - 30.11.15 വരെയുള്ള കാലയളവിലെ കുടിശ്ശിക തുകയിൽ നിന്നും ഈടാക്കിയ EPF വിഹിതം |
| 23. | 1210/16-17 | 653349/ 04.10.16 | 2,000 | ശ്രീമതി.എം.ജയ 9/16-ലെ CPF വിഹിതം |
| 24 | 1211/16-17 | 653350 / 04.10.16 | 154015 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 9/16-ലെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക |
| 25. | 1212/16-17 | 653351/ 04.10.16 | 58844 | ശ്രീ.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ 9/16– ലെ ശമ്പള റിക്കവറി |
| 26. | 1398/16-17 | 901717 / 05.11.16 | 2,000 | ശ്രീമതി.എം.ജയ LIDC CPF 10/16 |
| 27. | 1399/16-17 | 901718 05.11.16 | 154015 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 10/16-ലെ ശമ്പള റിക്കവറി |
| 28. | 1400/ 16-17 | 901719 / 05.11.16 | 58844 | ശ്രീ.അശോക് ലാൽ (മാനേജിംഗ് ഡയറക്ടർ) 10/16-ലെ ശമ്പള റിക്കവറി |
| 29. | 1570/ 16-17 | 901856 / 06.12.16 | 154015 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 11/16-ലെ ശമ്പള റിക്കവറി |
| 30. | 1571/ 16-17 | 901857 / 01.12.16 | 2,000 | ശ്രീമതി.എം.ജയ UDC CPF 11/16 |
| 31. | 1572/ 16-17 | 901858 / 01.12.16 | 58844 | ശ്രീ.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ 11/16-ലെ ശമ്പള റിക്കവറി |
| 32. | 1669/ 16-17 | 901926/ 21.12.16 | 4,000 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ബനഫിറ്റ് ഒടുക്കിയത് |
| 33. | 1772/ 16-17 | 868998 / 10.01.2017 | 18673 | ശ്രീ.എസ്.ഷാജി 12/16-ലെ EPF വിഹിതം Kerala Electrical & Allied Energy Co. Ltd. ൽ ഒടുക്കിയത് |
| 34. | 1823/16-17 | 869045/ 16.01.17 | 843 | അശോക് ലാൽ EPF Administrative charges & Inspection charges |
| 35. | 1934/16-17 | 869120 07.02.17 | 106955 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 1/2017-ലെ ശമ്പള റിക്കവറി |
| 36. | 1935/16- | 869121 | 2,000 | ശ്രീമതി.എം.ജയ UDC - 1/2017-ലെ |

| | | | | |
|---|---|---|---|---|
| | 17 | 07.02.17 | | CPF |
| 37. | 1936/16-17 | 869122 07.02.17 | 60070 | ശ്രീ.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ 1/17-ലെ ശമ്പള റിക്കവറി |
| 38. | 1983/16-17 | 869156 13.02.17 | 19285 | ശ്രീ.ഷാജി EE - EPF for 1/2017 |
| 39. | 2057/ 16-17 | 544537 20.02.17 | 59086 | ശ്രീ.അശോക് ലാൽ ശമ്പള റിക്കവറി 12/16 |
| 40. | 2162/ 16-17 | 882993 13.03.17 | 60070 | ശ്രീ.അശോക് ലാൽ ശമ്പള റിക്കവറി 02/17 |
| 41. | 2223/16-17 | 883042 22.03.17 | 2000 | ശ്രീമതി.എം.ജയ UDC EPF വിഹിതം |
| 42. | 2224/16-17 | 883042 22.03.17 | 14,73,44/- | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 2/17-ലെ ശമ്പള റിക്കവറി |
| **ആകെ** | | | **₹30,33,383/-** | |

ചെലാനകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻIV, തീയതി - 07.05.2022 നല്കിയിരുന്നെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ തുക 30,33,383/- രൂപ തടസ്സം ചെയ്യുന്നു.

### 3.31 ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിച്ച രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു - ₹ 8,87,864/-

G.O(P)No.7/2016/Fin Dt. 20.01.2016 പ്രകാരം ചുവടെ പറയുന്ന ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ കുടിശ്ശിക തുക പലിശ ഉൾപ്പെടെ അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ശമ്പളം നിർണ്ണയിച്ച് അക്കൗണ്ടന്റ് ജനറൽ നല്കിയ Pay slip (ഗസറ്റഡ് ഉദ്യോഗസ്ഥർ)മാതൃവകുപ്പിൽ/സ്ഥാപനത്തിൽ നിന്നും നല്കിയ ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റുകൾ (നോൺ-ഗസറ്റഡ്) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | ജീവനക്കാരുടെ പേരും തസ്തികയും | അനുവദിച്ച തുക (₹) | കാലയളവ് |
|---|---|---|---|---|---|
| 1. | 1787/16-17 | 869012/ 11.01.2017 | ശ്രീ.എസ്.മുരളീധരൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 104944 | 29.01.15 - 31.01.16 |
| 2. | ” | ” | ശ്രീ.എസ്.മോഹനൻ ഫിനാൻസ് ഓഫീസർ | 68853 | 11.05.15- 31.01.16 |

| | | | | | |
|---|---|---|---|---|---|
| 3. | ” | ” | ശ്രീ.ബൈജു മാത്യു സീനി. സൂപ്രണ്ട് | 48178 | 11.06.15 - 31.01.16 |
| 4. | ” | ” | ശ്രീമതി.പി.ഷാനി, ജൂനിയർ അസിസ്റ്റന്റ് | 25794 | 25.07.15 - 31.01.16 |
| 5. | ” | ” | ശ്രീമതി.എൻ.ശ്രീദേവി ജൂനിയർ അസിസ്റ്റന്റ് | 57882 | 01.07.14 - 31.01.16 |
| 6. | ” | ” | ശ്രീ.ഇ. സഹീദ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 71279 | 01.07.14 - 26.01.15 |
| 7. | ” | ” | ശ്രീ.വി.അജയകുമാർ Finance Officer | 106824 | 01.07.14 - 07.04.15 |
| 8. | ” | ” | Dr.നവീൻ.കെ.ജോസ് റേഡിയോളജിസ്റ്റ് | 85787 | 01.07.14 - 31.01.2016 |
| 9. | 1788/16-17 | 869013/ 11.01.19 | ശ്രീ.എസ്.സുരേഷ്കുമാർ, സീനിയർ അസിസ്റ്റന്റ് | 32224 | 01.07.14 - 15.03.15 |
| 10 | 1787/16-17 | 869012/ 11.01.2017 | ശ്രീ.റ്റി.എസ്.മദന മോഹനൻ സീനിയർ സൂപ്രണ്ട് | 60702 | 01.07.14 - 24.02.15 |
| 11 | 1789/16-17 | 869014 / 11.01.17 | ശ്രീമതി.എം.ജയ സീനിയർ അസിസ്റ്റന്റ് | 26032 | 19.04.15 - 31.01.16 |
| 12. | 1786/16-17 | 869011 / 11.01.17 | ശ്രീ.ശിവദാസൻ നായർ . സി, സീനിയർ അസിസ്റ്റന്റ് | 68055 | 03.02.15 - 31.01.16 |
| 13. | 1169/16-17 | 653322/ 29.09.16 | ശ്രീ.കെ.ആർ. ഹരീന്ദ്രകുമാർ മാനേജിംഗ് ഡയറക്ടർ | 25790 | 01.02.16 - 31.03.16 |
| 14. | 276/16-17 | 476089 10.05.16 | ശ്രീ.എസ്.മുരളീധരൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 8138 | 2/16 |
| 15. | 276/16-17 | 476089 10.05.16 | ശ്രീ.എസ്.മോഹനൻ ഫിനാൻസ് ഓഫീസർ | 8138 | 2/16 |
| 16. | 980/16-17 | 653188 27.08.16 | ശ്രീ.ബൈജു മാത്യു സീനിയർ സൂപ്രണ്ട് | 51233 | 01.02.16 - 31.07.16 |
| 17. | 980/16-17 | 653188 27.08.16 | ശ്രീ.പി.ഷാനി ജൂനിയർ അസിസ്റ്റന്റ് | 20021 | 01.02.16 - 31.05.16 |

| | | | | | |
|---|---|---|---|---|---|
| 18. | 980/16-17 | 653188<br>27.08.16 | ശ്രീമതി.ശ്രീദേവി<br>ജൂനിയർ അസിസ്റ്റന്റ് | 17990 | 01.02.16 -<br>31.05.16 |
| **ആകെ തുക** | | | | **₹8,87,864** | |

മേൽ പ്രതിപാദിച്ച രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (No. 5, തീയതി- 07.06.2022) നല്കിയിരുന്നുവെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ അനുവദിച്ച തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

ഈ സാഹചര്യത്തിൽ, ശമ്പള കുടിശ്ശിക ഇനത്തിൽ അനുവദിച്ച തുക, 8,87,864/- രൂപ തടസ്സപ്പെടുത്തുന്നു.

### 3.32 വൈദ്യുതിചാർജ് കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ-രേഖകൾ ഹാജരാക്കിയില്ല - ₹ 71,66,925/- തടസ്സപ്പെടുത്തുന്നു.

കോഴിക്കോട് മെഡിക്കൽകോളേജിലെ KHRWS യൂണിറ്റിന്റെ (കൺസ്യൂമർ നം. LCN 29/2929) 1999 ജൂലായ് മുതൽ 2008 മാർച്ച് വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശികയായ 43,42,452/- രൂപയും പലിശയായ 28,24,473/- രൂപയും ചേർത്ത് 71,66,925/- രൂപ 2016-17 വർഷത്തിൽ ഒടുക്കിയിട്ടുള്ളതായി ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

KHRWS മാനേജിംഗ് ഡയറക്ടർ 02.04.2016-ലെ A1-578/10/KHRWS നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 06/2016 മുതൽ 11/2016 വരെയുള്ള 6 തവണകളായി കുടിശ്ശിക ഒടുക്കുന്നതിനാണ് KSEB സ്പെഷ്യൽ ഓഫീസർ (റവന്യൂ) 13.05.2016-ലെ SOR/AMU/HTB-29/2929/2016-17/21 നമ്പർ കത്തുപ്രകാരം അനുമതി നൽകിയിട്ടുള്ളത് തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | കുടിശ്ശിക ചാർജ്ജ് | പലിശ (6% Pa) | ആകെ തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|---|
| 1. | 06/2016 | 0 | 12,92,800 | 12,92,800 | 996768/29.06.2016 |
| 2. | 07/2016 | 0 | 12,92,800 | 12,92,800 | 996843/20.07.2016 |
| 3. | 08/2016 | 10,85,700 | 2,07,105 | 12,92,805 | 996974/22.08.2016 |
| 4. | 09/2016 | 10,85,585 | 1,6,060 | 11,01,645 | 653278/22.09.2016 |
| 5. | 10/2016 | 10,85,585 | 10,350 | 10,95,935 | 653462/26.10.2016 |
| 6. | 11/2016 | 10,85,582 | 5,358 | 10,90,940 | 901791/18.11.2016 |
| **ആകെ** | | **43,42,452** | **28,24,473** | **71,66,925** | |

ഇതുമായി ബന്ധപ്പെട്ട ഫയൽ (A1-578/10/KHRWS) ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷനും (3/27.04.2021) 1999 മുതൽ 2008 വരെ പ്രസ്തുത യൂണിറ്റിന്റെ വൈദ്യുതി ചാർജ് കുടിശ്ശിയാകാനുള്ള കാരണം, പലിശ ഒടുക്കിയതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണവും (നം.39/10.06.2022) നൽകിയിരുന്നെങ്കിലും ഫയലും മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ആകെ ചെലവായ 71,66,925/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

യൂണിറ്റുകളുടെ വൈദ്യുതി ചാർജ് യഥാസമയം ഒടുക്കാതെ ദീർഘകാലം കുടിശ്ശിക വരുത്തിയ ശേഷം, പലിശ ഉൾപ്പെടെ വൻ തുക ഒടുക്കേണ്ടി വരുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് നന്നല്ല. ഇപ്രകാരം കുടിശ്ശിക വരുത്തിയതിന് പ്രസ്തുത കാലയളവിൽ ചുമതല വഹിച്ചിരുന്ന മേഖലാ മാനേജർമാരും മാനേജിംഗ് ഡയറക്ടർമാരും തുല്യ ഉത്തരവാദികളാണ്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണതലത്തിൽ അന്വേഷണവും തുടർനടപടികളും സ്വീകരിക്കാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

### 3.33 പേവാർഡ് വാടകയ്ക്ക് എടുത്ത വ്യക്തിക്ക് സേവനവും സൗകര്യവും ഉറപ്പാക്കാൻ കഴിഞ്ഞില്ല - ഉപഭോക്തൃ ഫോറത്തിന്റെ വിധിയിൽ ₹13,000/- പിഴ നൽകി

ശ്രീ.കെ.പ്രകാശൻ കരിങ്ങാട്ട് ഹൗസ്, പടിഞ്ഞാറ്റം കൊഴുവല്, നീലേശ്വരം എന്ന വ്യക്തി കാഞ്ഞങ്ങാട് ജില്ലാ ഗവൺമെന്റ് ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേ വാർഡ് 7-ാം നമ്പർ ഡീലക്സ് റൂം ടിയാന്റെ അപേക്ഷ പ്രകാരം പ്രതിദിനം, 800/- രൂപ ഫീസ് ഈടാക്കി 28.09.2013-ൽ വാടകയ്ക്ക് നൽകി. ടിയാന് അനുവദിച്ച മുറിയിൽ ആവശ്യത്തിന് സൗകര്യങ്ങളില്ലെന്നും, ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും, ബാത്ത്റൂം ശോചനീയമായ അവസ്ഥയിലായിരുന്നെന്നും, കുടിവെള്ളം ലഭ്യമാക്കിയിരുന്നില്ലെന്നും നേഴ്സ്, വാച്ചർ എന്നിവരുടെ സേവനം ലഭിച്ചില്ലെന്നും കാണിച്ച് ഉത്തരവാദപ്പെട്ടവർക്ക് പരാതി നൽകിയിരുന്നു. പരാതി പരിഹരിക്കപ്പെടാത്തതിനെതുടർന്നുള്ള മാനസികവ്യഥയ്ക്കും ധനനഷ്ടത്തിനും നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് 29.10.2013-ൽ CCNo.250/13 ആയി കാസറഗോഡ് ജില്ല ഉപഭോക്തൃഫോറത്തിൽ പരാതി ബോധിപ്പിച്ചു.

ഉപഭോക്തൃ ഫോറം പരാതിക്കാരനേയും KHRWS-ന്റെയും വാദങ്ങൾ വിശദമായി കേട്ട് പരാതി 29.09.2016-ൽ അന്തിമ വിധി പുറപ്പെടുവിച്ചു. കുടിവെള്ളമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിഷേധിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയ ഉപഭോക്തൃഫോറം പരാതിക്കാരനുണ്ടായ മാനസിക വ്യഥയ്ക്കും ബുദ്ധിമുട്ടുകൾക്കുമുള്ള നഷ്ടപരിഹാരമായി 10,000/- രൂപയും വ്യവഹാര ചെലവായി 3000/- രൂപയും ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് ഉത്തരവായി. ഇതിൻ പ്രകാരം 27.12.2016-ലെ KHRWS എം.ഡി-യുടെ ഉത്തരവ് നമ്പർ 3241/16/KHRWS പ്രകാരം 13,000/- രൂപ (വൗച്ചർ നമ്പർ 1728/16-17 ചെക്ക് നം. 901980/28.12.2016) പരാതിക്കാരന് നൽകി. 21.06.2022-ൽ ഓഡിറ്റ് അന്വേഷണം-43 പ്രകാരം എം.ഡിയോട് ഈ

വിഷയത്തിൽ എന്തെല്ലാം തുടർനടപടി കളെടുത്തുവെന്നും കാസറഗോഡ് ജില്ലാ ഉപഭോക്തൃഫോറത്തിന്റെ വിധിയിന്മേൽ അപ്പീൽ നൽകാത്തതെന്താണെന്നും ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേവാർഡുകളിൽ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഉറപ്പാക്കാത്തതിന്റെ ഫലമായിട്ടാണ് ഇത്തരം വ്യവഹാരങ്ങളുണ്ടാവുന്നതും അതിന്മേൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് നഷ്ടപരിഹാരം നൽകേണ്ട അവസ്ഥയുണ്ടാകുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഭരണപരമായ ജാഗ്രത പുലർത്താൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

### 3.34 വിവിധ വിഭാഗം ജീവനക്കാർ സൊസൈറ്റിയിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരവരുടെ കർത്തവ്യത്തിൽപ്പെടുന്ന ജോലികൾ സ്വകാര്യ സ്ഥാപനങ്ങൾ വഴി നടത്തി - ₹3,12,776 തടസ്സപ്പെടുത്തുന്നു

വിവിധ വിഭാഗത്തിലുള്ള ജീവനക്കാർ സൊസൈറ്റിയിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരവരുടെ കർത്തവ്യത്തിൽപ്പെടുന്ന വിവിധ ജോലികൾ, M/S രത്നം & മൂർത്തി ചാർട്ടേഡ് അക്കൗണ്ടന്റ്സ്, തിരുവനന്തപുരം എന്ന സ്വകാര്യ സ്ഥാപനത്തെ ഏല്പിച്ചു വഴി ആകെ ₹ 3,12,776/- ചെലവായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### I. വാർഷിക കണക്കുകൾ തയ്യാറാക്കിയതിന് ചെലവ്- ₹ 1,47,588/-

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൊസൈറ്റിയിൽ നിയമിക്കപ്പെട്ടിട്ടുള്ള ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരുടെ ചുമതലയിൽ അക്കൗണ്ട്സ് സെക്ഷൻ പ്രവർത്തിച്ചു വരുന്നു. ഓരോ വർഷത്തെയും വാർഷികകണക്കുകൾ ഇവരുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണെങ്കിലും മേൽ സ്വകാര്യ സ്ഥാപനം വഴി ചെയ്യിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. തീയതി | ചെലവിന്റെ വിവരം | TDS | നല്കിയ തുക | ആകെ തുക (₹) |
|---|---|---|---|---|---|---|
| 1. | 422/16-17 | 476200 25.05.16 | 2011-12 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയതിനുള്ള അനുവദിച്ച പ്രതിഫലം | 5750 | 75088 | 80838 |
| 2. | 222/16-17 | 883040 22.03.17 | 2012-13 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയതിനുള്ള പ്രതിഫലം | 4500 | 62250 | 66750 |
| ആകെ തുക | | | | | | 1,47,588/- |

## II. സാങ്കേതിക വിഭാഗം ജീവനക്കാരുടെ ചുമതലയിൽപ്പെട്ട പ്രവൃത്തികൾ - ചെലവ് ₹1,15,188/-

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ വിവിധ പ്രവൃത്തികൾ ഏകോപിപ്പിയ്ക്കുന്നതിന് സാങ്കേതിക യോഗ്യതയുള്ള മേഖലാമാനേജർ ഉൾപ്പെടെയുള്ള സാങ്കേതിക വിഭാഗം സൊസൈറ്റിയിൽ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ഇവരുടെ ചുമതലയിൽപ്പെട്ട വിവിധ പ്രവൃത്തികളും M/S രത്നം & മൂർത്തി ചാർട്ടേർഡ് അക്കൗണ്ടന്റ്സ്-ന് തന്നെ നല്കിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. തീയതി | പ്രവൃത്തി | TDS (₹) | നല്കിയ തുക (₹) | ആകെ തുക (₹) |
|---|---|---|---|---|---|---|
| 1. | 464/ 16-17 | 476218/ 31.05.16 | SAT, തിരുവനന്തപുരം വിവിധ മെഷീനുകൾ സ്ഥാപിച്ചതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനുള്ള പ്രതിഫലം | 3,750 | 39,188 | 42,938 |
| 2. | 442/ 16-17 | 391215/ 30.05.16 | പൂജപ്പുര പഞ്ചകർമ്മ ആയുർവേദ ആശുപത്രി-പേവാർഡ് നിർമ്മാണം | 2500 | 26125 | 28,625 |
| 3. | 768/ 16-17 | 996879 22.07.16 | Data Preparation filing | 2500 | 26125 | 28,625 |
| 4. | M/S രത്നം & മൂർത്തി യുടെ ബിൽ നം.435/ 10.10.12 പ്രകാരം മുൻകൂർ | | - | - | - | 17,500 |
| | ആകെ തുക | | | | | **1,17,688** |

പട്ടിക (I)-ലെ ചെലവുകൾ അനുവദിച്ച ഉത്തരവ് (No.A2/1836/2011/KHRWS Dt. 18.05.2016)-ൽ, സ്ഥാപനത്തിന്റെ ബിൽ നം.435/10.10.12 പ്രകാരം ₹17,500/- മുൻകൂറായി അനുവദിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## III. NABH കൺസൾട്ടൻസി ചാർജ്ജുകൾ അനുവദിച്ചത് - ചെലവ് ₹50,000/-

തിരുവനന്തപുരത്ത് റീജണൽ മാനേജർ, ചീഫ് ലാബ് ടെക്നീഷ്യൻ, ആസ്ഥാന കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സൂപ്രണ്ട്, വിവിധ ഓഫീസ് സെക്ഷനുകളിലായി 13 ജീവനക്കാരുടെ സേവനം ലഭ്യമാണെന്നിരിക്കെ ACRL, MCH TVM, Thycaud എന്നിവയുടെ NABH (National Accreditation Board for Hospitals & Healthcare Providers) അംഗീകാരത്തിനായി കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ ആകെ

₹50,000/- S.Q Global എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. (വൗച്ചർ നം. 2186/17-18 ചെക്ക് നം. 883010 തീയതി 21.03.2017)

ഇതു സംബന്ധിച്ച വിശദീകരണത്തോടൊപ്പം മേൽ പ്രവൃത്തികൾ ചെയ്യിപ്പിച്ചതിനോടനുബന്ധിച്ചുള്ള മറ്റ് നടപടിക്രമങ്ങൾ/വിവരങ്ങൾ ക്വട്ടേഷൻ/ടെണ്ടർ, വർക്ക് ഓർഡർ, ടി സ്ഥാപനവുമായി ഏർപ്പെട്ട കരാർ വിവരങ്ങൾ, പ്രവൃത്തി കൾ പൂർത്തീകരിച്ച തീയതി എന്നിവ കൂടി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.24/2016-17 തീയതി 12.05.2022) നല്കിയിരുന്നു. എന്നാൽ ഇതിന് മറുപടി നല്കു കയോ ആവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിയ്ക്കാൻ സാധിച്ചില്ല. മേൽ കാരണങ്ങളാൽ I,II,III ഇനങ്ങളിലായി ചെലവായ 3,12,776/- രൂപ തടസ്സത്തിൽ വയ്ക്കുന്നു, ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

### 3.35 കണ്ടിന്യൂസ് പേപ്പറിന്റെ ഉപയോഗം സ്ഥാപനത്തിന് നഷ്ടം

കെ.എച്ച്.ആർ.ഡബ്ല്യു.എസ് എ.സി.ആർ ലാബുകളിൽ പ്രിന്റിംഗിനായി ഡോട്ട് മെട്രിക് പ്രിന്ററുകളും, കണ്ടിന്യൂസ് പേപ്പറുകളുമാണ് ഉപയോഗിക്കുന്നത്. ഡോട്ട് മെട്രിക് പ്രിന്ററുകളുടെ പ്രവർത്തന ചെലവ് താരതമ്യേന കുറവ് ആണ് എങ്കിലും ആയതിൽ പ്രത്യേകം ഡിസൈൻ ചെയ്ത കണ്ടിന്യൂസ് പേപ്പർ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പേപ്പർ സാധാരണ എ.4 പേപ്പറിനേക്കാൾ വില കൂടിയതും, നിലവാരം കുറഞ്ഞതുമാണ്.

ഉദാഹരണമായി; കോഴിക്കോട് മെഡിക്കൽ കോളേജിലെ എ.സി.ആർ ലാബിൽ 2012 എപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ 1,50,000 ബിൽ പേപ്പറുകളും 1,50,000 റിപ്പോർട്ട് പേപ്പറുകളും ഉപയോഗിക്കുകയുണ്ടായി. ബിൽ പേപ്പറിന് 82 പൈസയും, റിപ്പോർട്ട് പേപ്പറിന് 63 പൈസയും നിരക്കിൽ യഥാക്രമം 1,24,158/- രൂപയും 94,349/- രൂപയുമാണ് ചെലവായത്. സാധാരണ A4 പേപ്പർ 40 പൈസ നിരക്കിൽ വിപണിയിൽ ലഭ്യമാണ്. മൂന്ന് ലക്ഷം പേപ്പറുകൾക്ക് 2,18,507/- രൂപ ചെലവിട്ടപ്പോൾ വിപണി വിലയിൽ വാങ്ങിയാൽ പോലും മൂന്ന് ലക്ഷം A4 പേപ്പറുകൾക്ക് 1,20,000/- രൂപ മതിയാകും. 98,507/- രൂപയാണ് ഈ ഇനത്തിൽ അധികമായി ചെലവഴിച്ചത്. മാത്രവുമല്ല, സ്വകാര്യ ലാബുകൾ നൽകുന്ന ലേസർ പ്രിന്റ് റിപ്പോർട്ടിനെ അപേക്ഷിച്ച് മങ്ങിയതും മാഞ്ഞ് പോകുന്നതുമായ റിപ്പോർട്ടുകളാണ് ഡോട്ട് മെട്രിക് പ്രിന്ററുകൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നത്. ഇക്കാര്യം പരിശോധിച്ച് ഇത്തരത്തിലെ നഷ്ടം ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3.36 സർക്കാർ നിർദ്ദേശം പാലിക്കാതെ അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത കൂടി കണക്കാക്കി ഡി.സി.ആർ.ജി നൽകുന്നു.

G.O.(MS)No.200/90/H&FWD,തീ.01.11.1990 പ്രകാരമാണ് കെ.എച്ച്. ആർ.ഡബ്ല്യു. എസ്-ന് ബാധകമായ സർവ്വീസ് റൂൾസ് നിലവിൽ വന്നത്. പ്രസ്തുത റൂൾസിലെ 7-ാം അദ്ധ്യായത്തിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസിലെ ജീവനക്കാർ വിരമിയ്ക്കുമ്പോൾ നൽകേണ്ട

ഡി.സി.ആർ.ജി ചട്ടങ്ങൾ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നു. ചട്ടം-73 അനുസരിച്ച് "Salary means basic Pay and does not include any allowance and denotes the average of monthly basic pay of the employee reckoned from the date of termination to the previous twelve months" .

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ 01.03.1997 പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച ഉത്തരവ് G.O.(P)No.3001/98/Fin, dtd-25.11.1998 ഖണ്ഡിക 15 പ്രകാരം വേതനത്തോടൊപ്പം ക്ഷാമബത്ത കൂടി കണക്കാക്കി ഡി.സി.ആർജി നൽകാൻ ഉത്തരവായി. തുടർന്ന് കെ.എച്ച്ആർഡബ്ല്യു എസ്-ന് 02.06.2007-ലെ സ.ഉ. (സാധാ)നം.1948/2007/H&FWD പ്രകാരം വേതനത്തോടൊപ്പം ക്ഷാമബത്ത കൂടി ഉൾപ്പെടുത്തി ഡി.സി.ആർ.ജി 01.03.2007 മുതൽ ഇപ്രകാരം നൽകാൻ അനുവാദം നൽകിയത് താഴെപ്പറയുന്ന, നിബന്ധനകൾ സ്പെഷ്യൽ റൂൾസ്/ബൈലോയിൽ ഉൾപ്പെടുത്തുന്നതിന് വിധേയമായിട്ടായിരുന്നു.

" (i) No posts shall be created by Kerala Health Research & Welfare Society without specific prior orders of the Government of Kerala.

(ii) Kerala Health Research & Welfare Society shall not make any appointment (regular, permanent, contract, provisional, casual or on daily wayes) Unless it is to a post duly created with the prior approval of the Government of Kerala.

(iii) No order of changing the pay and allowances and terms and conditions of its employees shall be issued by Kerala Health Research & Welfare Society with out specific prior approval of the Govenment of Kerala.

എന്നാൽ നാളിതുവരെ മേൽ സർക്കാർ നിർദ്ദേശംകെ.എച്ച്.ആർ.ഡബ്ല്യു.എസിന് ബാധകമാക്കി സർവ്വീസ് റൂൾസിലോ/ബൈലോയിലോ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല. ഓഡിറ്റ് ഇക്കാര്യം 14.03.2022-ലെ ഓഡിറ്റ് അന്വേഷണം പ്രകാരം കെ.എച്ച്.ആർ. ഡബ്ല്യു.എസ് ന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മാനേജിംഗ് ഡയറക്ടറുടെ 16.06.2022-ലെ എം.ഡി യുടെ കത്ത് നമ്പർ എ-8/1882/18/കെ.എച്ച്.ആർ.ഡബ്ല്യു.എസ് പ്രകാരം നൽകിയ മറുപടിയിൽ ഡി.സി.ആർ.ജി നൽകുമ്പോൾ ക്ഷാമബത്ത കൂടി നൽകുന്നുണ്ടെന്നും സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയില്ലെന്നും അറിയിച്ചു. സർക്കാർ നിർദ്ദേശം പാലിക്കാതെ DCRG നൽകുമ്പോൾ ക്ഷാമബത്ത കൂടി കണക്കാക്കി നൽകുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3.37 ഉപയോഗകാലയളവ് കുറവായ റിയേജന്റുകൾ വാങ്ങുന്നത് - സമയ പരിധിക്കുള്ളിൽ ഉപയോഗിക്കുന്നുവെന്ന് - പരിശോധിയ്ക്കാൻ കഴിഞ്ഞില്ല

KHRWS-ന്റെ ഉടമസ്ഥയിലുള്ള വിവിധ ACR ലാബുകളിൽ ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ റിയേജന്റുകൾ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് KHRWS വാങ്ങുന്നത്. 2016-17 കാലഘട്ടത്തിലെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ ഉപയോഗ

കാലപരിധി (expiry date) അവസാനിക്കാറായ വിവിധ റിയേജന്റുകൾ ACR ലാബുകളുടെ ഉപയോഗത്തിനായി വാങ്ങുന്നതായി ഓഡിറ്റ് കണ്ടെത്തി. പ്രസ്തുത വിവരം ഉദാഹരണ സഹിതം 31.05.2022-ലെ ഓഡിറ്റ് അന്വേഷണം നമ്പർ-28 പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ ശ്രദ്ധയിൽപ്പെടുത്തി. ഓഡിറ്റ് അന്വേഷണം-29/തീ.02.06.22 പ്രകാരം റിയേജന്റുകൾ സമയപരിധിക്കുള്ളിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിയ്ക്കാനായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിയ്ക്കുന്ന ACR ലാബിന്റെ റിയേജന്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

ഓഡിറ്റ് അന്വേഷണം 28/തീ. 31.05.2022-ന് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് 03.06.2023 ന് നൽകിയ മറുപടിയിൽ ഉപയോഗദൈർഘ്യം കുറവുള്ള (short expiry) റിയേജന്റുകൾ കാലദൈർഘ്യം (expiry date) ന് മുമ്പ് തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് അറിയിച്ചു. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടത് നാളിതുവരെ ലഭ്യമാക്കാത്തതിനാൽ 03.06.2022-ലെ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണങ്ങൾ അനുബന്ധം - 1ൽ ചേർത്തിട്ടുണ്ട്.

മേൽ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിയ്ക്കുന്നു.

### 3.38 റീയേജന്റുകൾ വാങ്ങുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

G.O.(MS) 03/2013/SPD Dtd. 21.06.13 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 7.6 പ്രകാരം എസ്റ്റിമേറ്റ് തുക 15,000 – ന് മുകളിൽ 1,00,000/- വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിയ്ക്കണമെന്നും, 7.7 പ്രകാരം ₹ 100001 – മുതൽ തുകയ്ക്കുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നും, ഇതിൽ ₹ 5,00,000/-ത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് G.O.(MS) 13/2015/ITD Dtd. 12.05.2015 പ്രകാരം e-procurement രീതി ബാധകമാക്കിയിട്ടുണ്ടെന്നും (ഖണ്ഡിക 1.9 മുതൽ 1.15 വരെ) ആയവയിൽ ഖണ്ഡിക 7.33 പ്രകാരമുള്ള നിബന്ധനകൾ പാലിയ്ക്കണമെന്നും, 7.34 അനുസരിച്ചുള്ള വിവരങ്ങൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തണമെന്നും, ഖണ്ഡിക 8.1 മുതൽ 8.5 വരെയായി KFC Vol.I Article 132(b)-ൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരം ടെണ്ടറുകളോടൊപ്പം എസ്റ്റിമേറ്റ് തുകയുടെ 1 % EMD ആയി ബാധകമാക്കിയിട്ടുണ്ടെന്നും 7.24 മുതൽ 7.32 വരെയുള്ള ഖണ്ഡികകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുപ്രകാരം ടെണ്ടർ ഫോമുകൾക്ക് വില ഈടാക്കണമെന്നും, 8.17 മുതൽ 8.20 വരെയായി പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് വിജയിയായ ടെണ്ടററിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ACR ലാബുകൾക്കാവശ്യമായ റീയേജന്റുകളും മറ്റ് സാധനങ്ങളും വാങ്ങുന്നതിൽ ഈ വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല. പകരം അതാത് കമ്പനികളുമായി നേരിട്ട് കരാറിലേർപ്പെട്ട് വില ഈടാക്കാതെ അവർ സ്ഥാപിച്ച

കൊടുക്കുന്ന മെഷീനുകളിൽ ഉപയോഗിയ്ക്കുന്നതിനായി അവർ നിശ്ചയിക്കുന്ന നിരക്കിൽ തന്നെ റീയേജന്റുകളും മറ്റ് സാധനങ്ങളും വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തു വരുന്നത്. ഈ വില സർക്കാരോ മറ്റ് സർക്കാർ ഏജൻസികളോ അംഗീകരിച്ച നല്കിയിട്ടുമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./ തീയതി | ഉത്തരവ് നം./ തീയതി | തുക (₹) | സ്ഥാപന ത്തിന്റെ പേര് |
|---|---|---|---|---|---|
| 1. | 114/16-17 | 284061/ 18.04.16 | A3/2832/16/ KHRWS തീയതി 15.04.16 | 17,89,395/- | Omkar Enterprises |
| 2. | 300/16-17 | 284098/ 12.05.16 | A3/72/11/ KHRWS തീയതി 05.05.16 | 11,95,601/- | Intel Trading Corporation |
| 3. | 301/16-17 | 284099/ 12.05.16 | A3/2182/11/ KHRWS തീയതി 05.07.16 | 26,47,533/- | Tricore Medical System |
| 4. | 684/16-17 | 284112 14.07.16 | A3/2182/17/ KHRWS തീയതി 05.07.16 | 30,17,253/- | Tricore Medical System |
| 5. | 1082/16-17 | 568910 09.09.10 | A3/2182/11 KHRWS തീയതി 29.08.16 | 20,73,463/- | Transasia |
| 6. | 611/16-17 | 284106/ 28.06.16 | - | 31,30,474/- | Tricore Medical System |
| 7. | 1250/16-17 | 568931/ 14.10.16 | A3/2182/13 KHRWS തീയതി 29.09.16 | 14,43,773 | Omkar Enterprises |
| 8. | 1409/16-17 | 568879/ 14.11.16 | A3/2832/11/ KHRWS തീയതി 01.11.16 | 22,50,297 | Tricore Medical System |
| 9. | 2056/16-17 | 597007/ 20.02.17 | A3/2182/11/ KHRWS തീയതി 04.02.17 | 19,09,847 | Tricore Medical System |
| 10 | 1876/16-17 | 596968/ 25.01.17 | A3/2182/11/ KHRWS തീയതി 18.01.17 | 25,09,879 | Tricore Medical System |

G.O.(P) No. 1/2019/SPD Dt. 21.01.19 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.51 ഭേദഗതി ചെയ്ത് ആരോഗ്യമേഖലയ്ക്കായി റീയേജന്റ് റെന്റൽ കോൺട്രാക്ട് (RRC) എന്ന പുതിയ വാങ്ങൽ രീതി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം രോഗ നിർണ്ണയ ത്തിനും ലബോറട്ടറി പരിശോധനകൾക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരുടെ ഉടമസ്ഥതയിൽ നിലനിർത്തുകയും ആവശ്യമായ റീയേജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാർ നടത്തേണ്ടതാണ് എന്ന നിബന്ധന ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിയ്ക്കുന്ന രീതിയാണ് RRC. ഇതുപ്രകാരം ഓരോ

പരിശോധനയ്ക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും, നടത്തുന്ന പരിശോധനയ്ക്കുമാത്രം നിരക്ക് നല്കേണ്ടതും, സാങ്കേതിക യോഗ്യതയുള്ളവരുടെ ടെണ്ടർമാത്രം പരിഗണിക്കേണ്ടതാണെന്നും സാങ്കേതിക വിദ്യ മാറുമ്പോൾ ഉപകരണം മാറ്റി സ്ഥാപിക്കേണ്ടതും, നൽകേണ്ട നിരക്കിൽ മാറ്റമില്ലാതെ കൃത്യമായ ഫലം ഉറപ്പാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 16/2016-17 തീ. 26.04.22)യ്ക്ക് മറുപടിയായി സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്നും RRC രീതി നിലവിൽ പിന്തുടരുന്നില്ലെന്നും ഫിനാൻസ് ഓഫീസർ രേഖാമൂലം മറുപടി നല്കിയിരിക്കുന്നു.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 1.8 പ്രകാരം അനുബന്ധം I (20)-ൽ ചേർത്തിട്ടുള്ള KHRWS-നും ഈ മാന്വലിലെ വ്യവസ്ഥകൾ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്റ്റോറുകൾ നിലവിലും വാങ്ങുന്നത് ഗൗരവമായി കാണുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3.39 ഇല്ലാത്ത തസ്തികയിൽ മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നടത്തി - ബഹു. ഹൈക്കോടതി വിധി യഥാസമയം പാലിച്ചില്ല - വിജിലൻസ് അന്വേഷണം അനിവാര്യം.

KHRWS സ്ഥിരം ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ തൃശ്ശൂർ മേഖലയിൽ എസ്. ദീപു എന്ന ജീവനക്കാരന്റെ തസ്തിക C/T (ക്ലർക്ക് കം ടൈപ്പിസ്റ്റ്) എന്ന് രേഖപ്പെടുത്തി 1992-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ നിരക്കിനുസരിച്ച് ₹ 950/- അടിസ്ഥാന ശമ്പളമായും, ക്ഷാമബത്ത ₹ 6489/-, HRA ₹50 എന്നിങ്ങനെ ആകെ ₹7489/- ആകെ ശമ്പളമായി അനുവദിച്ച് വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ബന്ധപ്പെട്ട ഫയൽ (A1/18/79/18/KHRWS) പരിശോധിച്ചതിൽ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് നം. A6/2086/08/KHRWS തീയതി 04.06.18 പ്രകാരം ടി ജീവനക്കാരനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉത്തരവ് നം. A2/7465/1989/KHRWS തീയതി 05.04.1995 പ്രകാരം ശ്രീ.എസ്.ദീപുവിനെ കോട്ടയം മെഡിക്കൽ കോളേജ് കാത്ത് ലാബിൽ ക്ലർക്ക് കം ടൈപ്പിസ്റ്റായി ₹950-1500 ശമ്പള നിരക്കിൽ നിയമിച്ചുവെന്നും അന്നേ ദിവസം തന്നെ അദ്ദേഹം ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർന്ന് 06.06.1995-ൽ കൂടിയ 76-ാം ഗവേണിംഗ് ബോഡി ടി നിയമനം ചുവടെ പറയുന്ന കാരണങ്ങളാൽ ക്രമവിരുദ്ധമാണെന്ന് കണ്ട് റദ്ദ് ചെയ്യാൻ തീരുമാനിച്ചിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

1. ക്ലർക്ക് കം ടൈപ്പിസ്റ്റ് തസ്തിക സൊസൈറ്റിയിൽ നിലവിലില്ല.
2. ഈ തസ്തികയ്ക്ക് ആവശ്യമായ ടൈപ്പ് റൈറ്റിംഗ് യോഗ്യത ടി ജീവനക്കാരനില്ല.
3. തസ്തികയിലെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് മതിയായ പരസ്യം

നൽകിയിട്ടില്ല.

4. ഒരേ ഒരു അപേക്ഷ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

തുടർന്ന് Governing Body-യുടെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം.A2/465/89/KHRWS തീയതി 24.07.1995 പ്രകാരം 24.07.1995 തീയതി മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുവെന്നും, ഇതിനെതിരെ ടി ജീവനക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ (OP.No.12227/95-ലെ CMP-21857/95) 02.01.1995-ലെ ഇടക്കാല ഉത്തരവനുസരിച്ച്, ടി ജീവനക്കാരനെ പിരിച്ചു വിട്ട നടപടി സ്റ്റേ ചെയ്യുവെന്നും, എന്നാൽ 02.11.1995-ലെ ഇതേ നമ്പർ കോടതി ഉത്തരവനുസരിച്ച് ക്ലർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിച്ച മാനേജിംഗ് ഡയറക്ടറുടെ നടപടിയ്ക്ക് Governing Body സാധൂകരണം നൽകിയിട്ടുണ്ടെന്ന വാദം അംഗീകരിച്ച് 02.08.1995-ലെ ഉത്തരവ് ബഹു. കോടതി സ്ഥിരത നൽകിയിരുന്നുവെന്നും എന്നാൽ ഇപ്രകാരം സംഭവിച്ചിട്ടില്ലായെന്ന് മാനേജിംഗ് ഡയറക്ടറുടെ എതിർവാദ പത്രികയുടെ അടിസ്ഥാനത്തിൽ 23.05.2007-ലെ ഉത്തരവനുസരിച്ച് OP No.12227/95 ബഹു. കേരള ഹൈക്കോടതി തള്ളിയെന്നും എന്നാൽ അതിനുശേഷം സൊസൈറ്റിയുടെ സ്റ്റാൻഡിംഗ് കൗൺസിലിന്റെ 03.03.2009-ലെ കത്ത് പ്രകാരമാണ് ഇതിന്റെ വിധിപകർപ്പ് ലഭിച്ചിരുന്നതെന്നും ആയതുപ്രകാരം A6/2086/2008/KHRWS തീയതി 05.04.2018 അനുസരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടി ജീവനക്കാരന് നൽകിയിരുന്നതിന് 10.05.18-ൽ മറുപടി ലഭിച്ചിട്ടുണ്ടെന്നും പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാലയളവിൽ ജോലി ചെയ്തിരുന്നതിനാൽ നാളിതുവരെയുള്ള ശമ്പളം തിരിച്ചുപിടിയ്ക്കേണ്ടതില്ല എന്നും മാനേജിംഗ് ഡയറക്ടറുടെ 04.06.18-ലെ പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്ത വ്യക്തിക്ക് ഇല്ലാത്ത തസ്തികയിൽ നിയമനം നൽകിയതും ടിയാനെ പിരിച്ചുവിട്ടശേഷവും കരാർ വ്യവസ്ഥയിൽ നിയമനം നൽകിയതും സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 45/2016-17 തീയതി 27.06.2022 ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 3.40 സേവന പുസ്തക പരിശോധന – കണ്ടെത്തിയ അപാകതകൾ

സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട് നിരവധി അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### I ശ്രീ.റ്റി.ആർ.ഉല്ലാസ്, പേവാർഡ് അസിസ്റ്റന്റ് ഗ്രേഡ് - I

ശ്രീ.റ്റി.ആർ.ഉല്ലാസിനെ ഉത്തരവ് നം.A6/147/2008/KHRWS തീയതി 28.07.10 പ്രകാരം ക്ലീനർ തസ്തികയിൽ നിന്നും ₹8730-13540/- ശമ്പള സ്കെയിലിൽ പേവാർഡ്

അസിസ്റ്റന്റ് ഗ്രേഡ് - II സ്ഥാനക്കയറ്റം നല്കി കോഴിക്കോട് മെഡിക്കൽകോളേജ് ഹോസ്പിറ്റൽ പേവാർഡിൽ നിയമിച്ചതിനെ തുടന്ന് 05.08.2010-ൽ ചാർജ്ജെടുത്തു. ആയതിനാൽ 05.08.2010 മുതലാണ് പുതിയ തസ്തികയിലെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും അർഹതയുള്ളത്.

എന്നാൽ സർവ്വീസ് ബുക്കിൽ ₹ 8730-13540 സ്കെയിലിൽ 28.07.2010 മുതൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതേ സമയം, നം.A6/1390 (10)/2015/KHRWS തീയതി 24.07.15 ഉത്തരവനുസരിച്ച് 2009 ശമ്പളപരിഷ്കരണം അനുവദിച്ചതിൽ 28.07.10 മുതൽ PWAGr.II തസ്തികയിൽ (₹8730- 13540) സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ടെന്നും അതനുസരിച്ച് 28.07.10 മുതൽ തന്നെ പുതുക്കിയ ശമ്പളം (₹10210) നിർണ്ണയിച്ച് നൽകുകയും 01.07.11 മുതൽ തുടർ ഇൻക്രിമെന്റുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 01.07.14 മുതൽ അനുവദിച്ചിട്ടുള്ള 2014 ശമ്പള പരിഷ്കരണത്തിലും ശമ്പളം 01.07.14 മുതൽ ₹ 23400 എന്ന് തെറ്റായി നിർണ്ണയിച്ച് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | അനുവദിച്ച ശമ്പളം (₹) | ശമ്പള സ്കെയിൽ (₹) | മറ്റ് വിവരങ്ങൾ | അർഹമായ ശമ്പളം (₹) | കൂടുതലായി അനുവദിച്ച ശമ്പളം (₹) | അർഹമായ ശമ്പള സ്കെയിൽ |
|---|---|---|---|---|---|---|---|
| 1. | 28.07.10 to 04.08.10 | 10210 | 8730 - 13500 | 2009 ശമ്പള പരിഷ്കരണം | 9690 | 520 | 8500-13200 |
| 2. | 05.08.10 to 30.06.11 | 10480 | ” | PWD Gr.II സ്ഥാനക്കയറ്റം | 10210 | 270 | 8730-13540 |
| 3. | 01.07.11 to 31.07.11 | 10480 | ” | - | 10210 | 270 | - |
| 4. | 01.08.11 to 04.08.11 | 1352 (10480 നിരക്കിൽ) | - | - | 1317 (10210 നിരക്കിൽ) | 35 | - |
| 5. | 05.08.11 to 30.06.12 | 10480 | - | - | 10480 | - | - |
| 6. | 01.07.12 to 31.07.12 | 10750 | - | ഇൻക്രിമെന്റ് | 10480 | 270 | - |
| 7. | 01.08.12 to | 10750 | - | - | 10750 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | 30.06.13 | | | | | | |
| 8. | 01.07.13 to 31.07.13 | 11020 | - | ഇൻക്രിമെന്റ് | 10750 | 270 | - |
| 9. | 01.08.13 to 30.06.14 | 11020 | - | - | 11020 | - | - |
| 10. | 01.07.14 to 31.07.14 | 23400 | 17000 – 37500 | 2014 ശമ്പള പരിഷ്കരണം | 22800 | 600 | 17000 – 37500 |
| 11. | 01.08.14 to 30.06.15 | 23400 | - | - | 23400 | - | - |
| 12. | 01.07.15 to 31.07.15 | 24000 | | ഇൻക്രിമെന്റ് | 23400 | 600 | - |
| 13. | 01.08.15 to 31.06.16 | 24000 | - | - | 24000 | - | - |
| 14. | 01.07.16 to 31.07.16 | 24600 | - | ഇൻക്രിമെന്റ് | 24000 | 600 | - |
| 15. | 01.08.16 to 30.06.17 | 24600 | - | - | 24600 | - | - |
| 16. | 01.07.17 to 31.07.17 | 25200 | - | ഇൻക്രിമെന്റ് | 24600 | 600 | - |
| 17 | 01.08.17 to 30.06.18 | 25200 | - | - | 25200 | - | - |
| 18. | 01.07.16 to 31.07.18 | 25850 | - | ഇൻക്രിമെന്റ് | 25200 | 650 | - |
| 19. | 01.08.18 to 30.06.19 | 25850 | - | - | 25850 | - | - |
| 20 | 01.07.19 to | 26500 | - | ഇൻക്രിമെന്റ് | 25850 | 650 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 31.07.19 | | | | | | |
| 21. | 01.08.19 to 25.03.20 | 25850 | - | - | 25850 | - | - |

മറ്റ് അപാകതകൾ .

1. 26.03.2020 മുതൽ അർഹമായ 15 വർഷത്തെ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടില്ല.
2. പൊതുമേഖലയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് G.O.(P) No.78/2020/Fin Dt. 10.06.2020 പ്രകാരം പിതൃത്വ അവധി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് തീയതിക്കു മുമ്പേ, 18.05.2018-27.05.18 വരെയുള്ള കാലങ്ങളിൽ ആയത് അനുവദിച്ചിട്ടുണ്ട്.

ശമ്പളനിർണ്ണയം സംബന്ധിച്ച പ്രതിപാദിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും അനുവദിച്ചിട്ടുള്ള പിതൃത്വ അവധി മറ്റ് അർഹതപ്പെട്ട അവധിയാക്കി മാറ്റേണ്ടതുമാണ്.

## II. ശ്രീ.സുബ്രമണ്യൻ, ടൈപ്പിസ്റ്റ് കം കാഷ്യർ

24.02.1993-ൽ കൂടിയ 69-മത് ഗവേണിംഗ്ബോഡി തീരുമാനമനുസരിച്ച് ശ്രീ.സുബ്രമണ്യനെ ടൈപ്പിസ്റ്റ് കം കാഷ്യർ തസ്തികയിൽ നിയമിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ സേവനപുസ്തകം പരിശോധിച്ചതിൽ Type Writing (H) എന്ന മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ G.O.(P)No.46/67/PD, തീയതി-02.02.1967 പ്രകാരം ടൈപ്പിസ്റ്റ് തസ്തികയ്ക്ക് മലയാളം ടൈപ്പ്റൈറ്റിംഗ് KGTE (Lower) യോഗ്യത നിർബന്ധമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.സുബ്രമണ്യനെ ടൈപ്പിസ്റ്റ് കം കാഷ്യർ തസ്തികയിൽ നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## II. ശ്രീ.വി.സ്മിത, വർക്കർ

G.O.(MS) No. 22/1990/H&FWD Dt. 01.11.1990 പ്രകാരം പുറപ്പെടുവിച്ച KHRWS ജീവനക്കാരുടെ സർവ്വീസ് റൂൾ (നം. 60) അനുസരിച്ച് മാതൃത്വ അവധി 90 ദിവസമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.വി.സ്മിത, വർക്കർക്ക് ഈ പരിധിയിൽ കൂടുതൽ അവധി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കാലദൈർഘ്യം | ആകെ ദിനങ്ങൾ |
|---|---|---|
| 1. | 02.11.99 - 15.03.2000 | 135 |
| 2. | 24.05.2002- 10.10.2002 | 140 |

| | | |
|---|---|---|
| 3. | 06.08.2003 മുതൽ (അവസാന ദിവസം രേഖപ്പെടുത്തിയിട്ടില്ല) | - |

ടിയാൾക്ക് 90 ദിവസത്തിൽ കൂടുതൽ അനുവദിച്ച മാതൃത്വ അവധി അർഹതപ്പെട്ട മറ്റ് അവധിയാക്കി ക്രമീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം നല്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.1,തീയതി-15.03.2022) നല്കിയിരുന്നുവെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല. പ്രതിപാദിച്ചിട്ടുള്ള മറ്റ് അപാകതകൾ നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള രീതിയിൽ പരിഹരിയ്ക്കേണ്ടതാണ്.

### 3.41 സ്റ്റൈപ്പൻഡ് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ ലഭ്യമാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ലാബ് അസിസ്റ്റന്റ് ട്രയിനികൾക്ക് സ്റ്റൈപ്പൻഡ് അനുവദിച്ചതായി കാണുന്നു. (ഫയൽ നം. എ 7/321/16/കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്) ഒരേ വിഭാഗത്തിൽ വരുന്ന ട്രെയിനികൾക്ക് രണ്ട് വിധത്തിൽ സ്റ്റൈപ്പൻഡ് അനുവദിച്ചതായി കാണുന്നു. ആയത് സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 14 തീയതി 24.04.2022 നൽകിയെങ്കിലും, നാളിതുവരെ യാതൊരു വിശദീകരണവും നൽകുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|---|
| 1. | ഏപ്രിൽ 2016 | 27/2016-17 | 750978 | 06.04.16 | 4,981,51 |
| 2. | മേയ് 2016 | 265/16-17 | 76080 | 06.05.16 | 4,90,145 |
| 3. | ജൂൺ 2016 | 469/16-17 | 476222 | 04.06.16 | 4,96,040 |
| 4. | ജൂലൈ 2016 | 650/16-17 | 996794 | 05.07.2016 | 4,95,181 |
| 5. | ആഗസ്റ്റ് 2016 | 855/16-17 | 996926 | 04.08.16 | 5,24,135 |
| 6. | സെപ്റ്റംബർ 2016 | 1027/16-17 | 653222 | 03.09.16 | 5,21,478 |
| 7. | ഒക്ടോബർ 2016 | 1184/16-17 | 653332 | 01.10.16 | 5,06,075 |
| 8. | നവംബർ 2016 | 1378/16-17 | 653482 | 01.11.16 | 5,50,975 |
| 9. | ഡിസംബർ 2016 | 1567/16-17 | 901853 | 01.12.2016 | 5,12,613 |
| 10 | ജനുവരി 2017 | 1737/16-17 | 901988 | 03.01.2017 | 5,06,053 |
| 11. | ഫെബ്രുവരി 2017 | 1923/16-17 | 869115 | 03.02.2017 | 5,12,705 |
| 12. | മാർച്ച് 2017 | 2114/16-17 | 882955 | 06.03.2017 | 4,81,829 |

മേൽ വിഷയം കെ.എച്ച്.ആർ.ഡബ്ല്യു.എസ്. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3.42 പോസ്റ്റ് പെയ്ഡ് മൊബൈൽ കണക്ഷനുകൾ ഉപയോഗിക്കുന്നു - അധിക ചെലവ്

സൊസൈറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിയ്ക്കുന്ന ACR ലാബുകളിൽ ഉപയോഗത്തിനായി സ്വകാര്യ ടെലികോം കമ്പനിയുടെ 23 മൊബൈൽ കണക്ഷനുകൾ ഉപയോഗിച്ചു വരുന്നു. ഈ ഇനത്തിൽ തൻ വർഷം ആകെ ₹1,45,339/- ചെലവഴിച്ചിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന നമ്പരുകളിൽ നിന്നും പ്രതിമാസം വളരെ ഉയർന്ന നിരക്ക് ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടു.

1. 9048505976
2. 9048505966
3. 9048505960
4. 8589015990
5. 9072574658
6. 8589939380

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി (നം.32/2016-17 തീയതി 06.06.22) യ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

പോസ്റ്റ് പെയ്ഡ് കണക്ഷനുകളേക്കാൾ കുറഞ്ഞ നിരക്കിലുള്ള താരിഫ് നിരക്കുകളാണ് പ്രീപെയ്ഡ് കണക്ഷനുകളിന്മേൽ ടെലികോം കമ്പനികൾ നിലവിൽ ഈടാക്കുന്നത്. ആകയാൽ മേൽ പ്രതിപാദിയ്ക്കപ്പെട്ടിട്ടുള്ള മൊബൈൽ കണക്ഷനുകൾ പ്രീപെയ്ഡ് ആക്കി മാറ്റി, ലാഭകരമായതും തടസ്സമില്ലാത്തുമായ സേവനം ലഭിയ്ക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.43 മുൻകൂർ അനുവദിച്ചത് - രജിസ്റ്റർ ഹജരാക്കിയില്ല - ക്രമീകരിച്ചതിൽ അപാകതകൾ

18.10.2016-ൽ നടത്തിയ 128-ാം ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ ചെലവുകൾക്കായി ഉത്തരവ് നം. A1/2743/12/KHRWS തീയതി 07.10.16 (വൗച്ചർ നം. 1253/16-17 ചെക്ക് നം. 653379/14.10.16) പ്രകാരം ₹ 10,000/- അനുവദിച്ചിരുന്നു. അഡ്വാൻസ് രജിസ്റ്റർ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നം-4 നല്കിയിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. തുക ക്രമപ്പെടുത്തിയതിൽ സംഭവിച്ച പിഴവുകൾ ചുവടെ ചേർക്കുന്നു.

1. മേൽ ആവശ്യത്തിനായി ആകെ ₹6,403/- ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ₹3,597/- തിരിച്ചടച്ചു. രസീത് (നം. 6316/02.10.16)

   സൊസൈറ്റിയ്ക്ക് അർഹമായ തുകകൾ വരവായി ലഭിയ്ക്കുമ്പോഴാണ് രസീത് നല്കേണ്ടത്. മുൻകൂറായി അനുവദിച്ച തുക (₹ 10,000/-) യിൽ ചെലവാകാതെ അവശേഷിച്ച തുക സൊസൈറ്റിയുടെ നീക്കിയിരിപ്പാണ്. ഈ തുക നേരിട്ട് പണമായി തന്നെ കൈമാറുകയോ അല്ലെങ്കിൽ സൊസൈറ്റിയുടെ ബാങ്ക്/അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയോ ക്യാഷ് ബുക്കിൽ വരവ് ഭാഗത്ത് രേഖപ്പെടുത്തണമായിരുന്നു. (Being the unspent balance of the advance amount sanctioned vide Vr. No. .............. cheque No. Dt. .........). ഇതിനുപകരം കൈപ്പറ്റ് രസീത് (നം.6316/02.10.16) നല്കിയതിനാൽ ബാക്കി തുക, ₹ 3597/- തിരികെ നല്കാത്തതായി കണക്കാക്കേണ്ടി വരും.

2. ചെലവായ തുകയുടെ ബില്ലുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, ഉത്തരവ് എന്നിവ ഉൾപ്പെടുത്തി പ്രത്യേകം വൗച്ചർ തയ്യാറാക്കിയിട്ടില്ല.

3. ശ്രീ.ജയൻ.എം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 01.12.2016 FN സൊസൈറ്റിയിൽ നിന്നും വിടുതൽ ചെയ്തിരുന്നു. ഓണം അഡ്വാൻസ് ഇനത്തിൽ അദ്ദേഹം₹ 9000-യ്ക്ക് ഇപ്രകാരം രസീത് (നം.6397/05.12.16) നല്കിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3.44 പഞ്ചകർമ്മ ആയുർവേദ ആശുപത്രി പേവാർഡ് നിർമ്മാണം - അപാകതകൾ

| | |
|---|---|
| ഫയൽ നം. | DB2 -3325/2013 |
| അംഗീകരിച്ച കരാർ തുക (സിവിൽ വർക്ക്) | ₹ 4,33,08,926 |
| കരാറുകാരൻ | ആസിഫ് കലാം |
| എം. ബുക്ക് നം. | 35/2012, 322/2015, 328/2015, 329/2015, 330/2015, 331/2015 |

### 2016-17 വർഷത്തിൽ കരാറുകാരന് നല്കിയ തുക

| ബിൽ തുക (₹)) | കരാറുകാരന് നല്കിയ തുക (₹) | ചെക്ക് നം. /തീയതി |
|---|---|---|
| 5183925 | 47,43,288 | 391210/27.05.2016 |
| മുൻകൂർ | 45,00,000 | 391251/30.08.2016 |

| | | |
|---|---|---|
| 7274625 | 21,56,294 | 391265/04.10.2016 |
| മുൻകൂർ | 10,00,000 | 391269/20.10.2016 |
| 3354339 | 20,69,213 | 391272/16.11.2016 |

പദ്ധതിയുടെ പ്രവർത്തനാരംഭം മുതൽ നിരവധി അപാകതകൾ ഉണ്ടായതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

i. കരാറുകാരൻ സമയ ബന്ധിതമായി കരാർ ചമച്ചില്ല. അനുവദനീയമായ സമയത്തിനു ശേഷം പിഴത്തുക ഈടാക്കാതെ കരാർ വയ്ക്കാൻ അവസരം നല്കി. (മുൻവാർഷിക റിപ്പോർട്ടിൽ വിവരങ്ങൾ ചേർത്തിട്ടുണ്ട്.)

ii. KHRWS-ന്റെ 1973-ലെ റൂൾസ് & റെഗുലേഷൻ സെക്ഷൻ 21 പ്രകാരം 10 ലക്ഷം രൂപയിൽ അധികരിച്ച് മൂലധന ചെലവുകൾ നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 6 കോടി (സിവിൽ + ഇലക്ട്രിക്കൽ + ലിഫ്റ്റ്) മൂലധന ചെലവ് വരുന്ന ഈ പ്രവൃത്തിക്ക് ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

iii. ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം ബാങ്ക് ലോൺ വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് പകരം കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ തനത് ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കി.

iv. പദ്ധതി നടത്തിപ്പിനായി ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

v. ഗവേണിംഗ് ബോഡി തീരുമാന പ്രകാരം ആദ്യഘട്ടത്തിൽ 30 പേവാർഡ് മുറികൾ പണിയാനാണ് പദ്ധതിയിട്ടത്. എന്നാൽ 40 മുറികൾക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കി നിർവ്വഹണം നടത്തിയത്.

vi. 15.10.2015-ൽ സൈറ്റ് കൈമാറുകയും 8 മാസക്കാലം പ്രവർത്തന കാലാവധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ടി കാലയളവിനുള്ളിൽ pile cap ഇടുന്ന പ്രവൃത്തി പോലും പൂർത്തീകരിക്കാൻ കരാറുകാരന് സാധിച്ചില്ല. കാരറുകാരന് പലതവണ കത്ത് നല്കിയിട്ടും ടിയാൾ കാര്യാമാക്കാതിരുന്നതായും കാണുന്നു.

vii. 02.03.2016-ൽ ആദ്യ പാർട്ട് ബിൽ സമർപ്പിച്ചതിൽ 5 എക്സ്ട്രാ ഇനങ്ങൾ ചെയ്തതായും, boring of pile 790 m എന്ന എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധികരിച്ച് 928.1 m ചെയ്തതായും, Earth work excavation 400 $m^3$ എന്ന എസ്റ്റിമേറ്റിൽ അധികരിച്ച് 602.843 $m^3$ ചെയ്തതായും കാണുന്നു.

viii. 14.06.2016-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി ആദ്യം 31.08.2016 വരെയും, ശേഷം 31.10.2016, 31.03.2017 പൂർത്തീകരണകാലാവധി വരെയും ദീർഘിപ്പിച്ചു നല്കി. ആയത് P.W.D മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

ix. 09.06.2017-നാണ് 7th and final bill സമർപ്പിച്ചത്. ആയതുപ്രകാരം ആകെ പ്രവർത്തിമൂല്യം 4,50,43,787/- രൂപയാണ്. ടെണ്ടർ കിഴിവ് കഴിച്ച് 4,11,24,977.59/- രൂപയാണ് ചെലവ് ആയതിന്റെ 5% തുക പിഴ ഈടാക്കാൻ തീരുമാനിക്കുകയും അത് 3% ആയി കുറവ് ചെയ്തു.

x. കരാർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായശേഷം കരാറുകാരന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ച് നല്കിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിന് 27.04.2022-ൽ ഓഡിറ്റ് എൻക്വയറി നം.17-ന് ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയായ 4,11,24,978/- രൂപയുടെ 5% തുക 5 മാസത്തെ കാലതാമസത്തിനുള്ള പിഴയായി ഈടാക്കിയിട്ടുണ്ടെന്നും പിന്നീട് 2 മാസത്തെ പിഴ 7,56,981/- രൂപ കിഴിവ് വരുത്തി 12,99,268/- രൂപ ഈടാക്കിയിട്ടുണ്ട് എന്നാണ് മറുപടി നല്കിയത്.

PWD മാന്വലിലെ വ്യവസ്ഥകളനുസരിച്ച് കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിന്റെ 50% മാത്രമേ പരമാവധി അധിക സമയം അനുവദിക്കാവൂ. മാത്രമല്ല അത്തരത്തിൽ അനുവദിക്കുമ്പോൾ ഈടാക്കാവുന്ന പരമാവധി പിഴ ആദ്യ ഘട്ടത്തിൽ 50,000/- രൂപയും ശേഷം 1,00,000/- രൂപയുമാണ്. ഈ വ്യവസ്ഥകളെല്ലാം ലംഘിച്ചാണ് മേൽ പദ്ധതി നടപ്പാക്കിയത്.

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.7% കിഴിവിൽ പ്രവൃത്തി ഏറ്റെടുക്കുകയും (2013-ലെ SOR) 2017-ൽ പൂർത്തീകരിക്കുകയും ആയതിൽ തന്നെ 12,99,268/- രൂപ പിഴ അടയ്ക്കുകയും ചെയ്ത സംഗതിയിൽ മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പണി പൂർത്തിയാക്കിയതിലും വൻ ക്രമക്കേടുകൾ നടന്നിട്ടുണ്ട് എന്ന വസ്തുത വളരെ വ്യക്തമാണ്. ഇത്തരം വലിയ പദ്ധതികളിൽ വൻ പാകപിഴകൾ സംഭവിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. ആയത് ഗൗരവമായി കാണേണ്ടതും സാമ്പത്തിക നഷ്ടം സംഭവിക്കാതെ പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3.45 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുന്നു - വ്യവസ്ഥകൾക്ക് വിരുദ്ധം

കരാറുകാരൻ സെലക്ഷൻ നോട്ടീസ് ലഭിച്ച കഴിഞ്ഞ് കരാർ ഉടമ്പടി വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, ജി.ഒ.(പി) നം. 13/2012/PWD തീയതി 01.02.2012 പാർട്ട്-II സെക്ഷന്-2009-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിച്ച സമയം ദീർഘിപ്പിച്ച നൽകുന്ന വേളയിൽ സപ്ലിമെന്ററി കരാർ വച്ച ശേഷം പ്രവൃത്തി തുടരാവുന്നതാണ്. എന്നാൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നല്കുന്നവയിൽ പ്രവൃത്തി പൂർത്തീ കരിച്ച ശേഷം സപ്ലിമെന്ററി

എഗ്രിമെന്റ് വച്ചാണ് ഫൈനൽ ബിൽ നല്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, ഫയൽ നം | കരാറുകാരൻ | അനുവദിച്ച സമയം, പൂർത്തീകരിക്കേണ്ട തീയതി/ പൂർത്തീകരിച്ച തീയതി | സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച തീയതി |
|---|---|---|---|---|
| 1. | റീ വയറിംഗ്, ഡീലക്സ് പേ വാർഡ് MCH, തിരുവനന്തപുരം (EL-1051/2015-16) | ശ്രീ.രാധകുമാർ.എസ് | 22.08.2016<br>17.09.2016<br>2 മാസം | 26.11.2016 |
| 2. | പേവാർഡ്നിർമ്മാണം, ആയുർവേദ ആശുപത്രി പരിയാരം ( DB2-585/15-16) | ശ്രീ.രാജീവൻ | 13.05.2016<br>20.06.2017<br>5 മാസം | 02.11.2017 |
| 3. | മെയിന്റനൻസ് ഡീലക്സ് പേവാർഡ് MCH,തിരുവനന്തപുരം (DB2-618/ 15-16) | ശ്രീ.ശിവൻകുട്ടി നായർ | 24.08.2016<br>08.10.2016<br>3 മാസം | 27.09.2017 |
| 4. | പേവാർഡ് മെയിന്റനൻസ് ജില്ലാശുപത്രി, മാനന്തവാടി (DB2-661/15-16) | ശ്രീ.പി.അജിത് കുമാർ | 09.04.2016<br>20.05.2016<br>2 മാസം | 27.05.2016 |

ഓഡിറ്റ് എൻക്വയറി നം. 17/27.04.2022 പ്രകാരം മേൽ അപാകതകൾക്ക് സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി നല്കിയിട്ടില്ല. ഇത്തരം അപാകതകൾ വരുന്നത് ഗൗരവമായി കാണുന്നു. പ്രവണത ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 3.46 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൃത്യത ഇല്ല – റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽ വ്യാപക വ്യതിയാനം വരുത്തി നിർവ്വഹണം.

PWD മാന്വൽ സെക്ഷൻ 1609.1.1 അനുസരിച്ച് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ബന്ധപ്പെട്ട എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് ആവശ്യകത മനസ്സിലാക്കുകയും സൈറ്റ് കണ്ടീഷൻ അനുസരിച്ച് ചെയ്യേണ്ട ഇനങ്ങൾ ഉൾപ്പെടുത്തി DSR നിലവിലുള്ള നിരക്കനുസരിച്ച് ആയിരിക്കണം. എന്നാൽ KHRWS-ന്റെ മിക്ക പ്രവൃത്തികളിലും ആദ്യം തയ്യാറാക്കി അംഗീകാരം വാങ്ങുകയും ടെണ്ടർ ഷെഡ്യൂളായി അംഗീകരിക്കുകയും ചെയ്ത എസ്റ്റിമേറ്റിൽ വ്യാപകമായ മാറ്റം വരുത്തിയാണ് നിർവ്വഹണം നടത്തുന്നത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ അളവുകളിൽ അധികരിച്ചുള്ള നിർവ്വഹണം, അംഗീകരിച്ച എസ്റ്റിമേറ്റിൽ പല ഇനങ്ങളും ഒഴിവാക്കി 10 മുതൽ 25 വരെ

ഇനങ്ങൾ എക്സ്ട്രായായി ചെയ്യുന്ന രീതിയാണ് അവലംബിച്ചു കാണുന്നത്.

ശരിയായ പഠനവും കൃത്യതയുമില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷം നിർവ്വഹണ ഘട്ടത്തിൽ എസ്റ്റിമേറ്റിൽ വ്യാപകമായ വ്യതിയാനം വരുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതുമൂലം വൻ സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടാകാൻ ഇടയുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. പേ വാർഡ് മെയിന്റനൻസ്, ജില്ലാ ആശുപത്രി. മാനന്തവാടി (DB2-661/15-16 )

| ഇനം | അംഗീകരിച്ച എസ്റ്റിമേറ്റ് അളവ് | യഥാർത്ഥത്തിൽ ചെയ്തതായി കാണിച്ചിട്ടുള്ള അളവ് |
|---|---|---|
| 8. 12mm Cement plaster 1:2 | 65m$^2$ | 103.09m$^2$ |
| 20. Wall painting with SE paint | 75m$^2$ | 276.39m$^2$ |
| 34. Wall painting with acrylic emulsion | 1200m$^2$ | 2226.81m$^2$ |
| 35. Aluminium Work | 220 kg | 429.99 kg |
| 45. Aluminium Work door | 10m$^2$ | 18.71m$^2$ |
| 49. Labour - Cleaning floor | 380m$^2$ | 648.99m$^2$ |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 11 ഇനങ്ങൾ ഒഴിവാക്കി 11 എക്സ്ട്രാ ഇനങ്ങൾ ചെയ്തിട്ടുണ്ട്.

### 2) പേ വാർഡ് മെയിന്റനൻസ്, വിക്ടോറിയ ഹോസ്പിറ്റൽ, കൊല്ലം - DB2-826/15-16

| ഇനം | അംഗീകരിച്ച എസ്റ്റിമേറ്റ് അളവ് | യഥാർത്ഥത്തിൽ ചെയ്തതായി കാണിച്ചിട്ടുള്ള അളവ് |
|---|---|---|
| 34. Providing and laying water proofing treatment | 40m$^2$ | 104m$^2$ |
| 19. P&L Ceramic glazed floor tiles in cm 1:4, 20mm | 40m$^2$ | 58.70 m$^2$ |
| 22. Removing dry or OBD, WPC by scrapping | 1250 m$^2$ | 3976m$^2$ |

| | | |
|---|---|---|
| 23. Applying priming coat on wall surface | 150m2 | 2541.49m2 |
| 33. P&F white vitrious closset fitting | 8 nos | 15nos<br>648.99m2 |
| 37. P&F white vitrious closset - CP brass long body bibcock | 30 nos | 51 nos |
| 65. Re constructions Sewerman hole | 5 nos | 8 nos |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ - 2012, ജി.ഒ (പി)13/2012/PWD തീയതി 01.02.2012 പാർട്ട് II സെക്ഷൻ 1601.1.6 അനുസരിച്ച് ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിചേർക്കലും, മാറ്റം വരുത്തലും ആവശ്യമായി വരുമ്പോഴും ഒറിജിനൽ എസ്റ്റിമേറ്റിൽ 5% അധികരിക്കുമ്പോഴും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് മിക്ക പ്രവൃത്തികളും നടപ്പാക്കുന്നത്.

27.04.2022-ന് ഓഡിറ്റ് എൻക്വയറി നം.17-ലൂടെ മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് റീജണൽ മാനേജർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. ഇത്തരം പ്രവണത പൂർണ്ണമായി ഒഴിവാക്കാൻ ഒഴിവാക്കേണ്ടതാണ്.

# ഭാഗം - IV

## 4.1 സാമ്പത്തിക നില

(2016-17 വർഷത്തെ രസീത് & പേയ്മെന്റ് അക്കൗണ്ട്സ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 112789228.84 |
| വരവ് | 500695619.81 |
| ആകെ | 613484848.65 |
| ചെലവ് | 564334162.94 |
| നീക്കിയിരിപ്പ് | 49150685.71 |

## 4.2 ഓഡിറ്റ് ചാർജ്

| | |
|---|---|
| ഓപ്പറേറ്റിംഗ് ഇൻകം (Direct Income) | 425893283.81 |
| അദർ ഇൻകം | 16309485.00 |
| ആകെ വരവ് | 442202768.81 |
| ഓഡിറ്റ് ചാർജ് @1% | 4422028 |
| കുടിശ്ശിക (31.03.2016 വരെ) | 17218959 |
| 31.03.2017 വരെയുള്ള ഒടുക്കാനുള്ള ആകെ ഓഡിറ്റ് ചാർജ് | 21640987 |

മേൽ തുക " 0070 – മറ്റ് ഭരണ ചെലവുകൾ- 60 - മറ്റ് വരവുകൾ -110-ഗവൺമെന്റ് ഓഡിറ്റിനായുള്ള ഫീസ് -99-ഓഡിറ്റ് ചാർജ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെല്ലാൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

## 4.3 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | 100905 |
| ചെലവിനങ്ങളിലെ നഷ്ടം | 2297469 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 2297469 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28760930 |

- **നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ:-**

### 4.3.1 വരവിനങ്ങളിലെ നഷ്ടം

| ഖണ്ഡിക | തുക | പേര്, ഒദ്യോഗിക പദവി |
|---|---|---|
| 2.1.1 | 2,500 | ശ്രീ.ഷാജി.എസ്, ലേ സെക്രട്ടറി & ട്രഷറർ ജില്ലാ ആശുപത്രി, കൊല്ലം |
| 2.2.1 | 1,500 | ശ്രീമതി.റാണി.എൻ.ആർ, ലേ സെക്രട്ടറി & ട്രഷറർ ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| | 500 | ശ്രീ. രാമഭദ്രൻ, ലേ സെക്രട്ടറി & ട്രഷറർ ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| 2.2.2 | 8,500 | ശ്രീ. രാമഭദ്രൻ, ലേ സെക്രട്ടറി & ട്രഷറർ ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| 2.5.3 | 87,905 | ശ്രീമതി.പി.സി.റസിയ, കാഷ്യർ, എ.സി.ആർ ലാബ്, കോഴിക്കോട് |
| **ആകെ** | **1,00,905** | |

### 4.3.2 ചെലവിനങ്ങളിലെ നഷ്ടം

| ഖണ്ഡിക | തുക | പേര്, ഒദ്യോഗിക പദവി |
|---|---|---|
| 3..1 | 63,840 | ശ്രീ.ജി.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ |
| 3.2 | 1,18,853 | ശ്രീ.ബി.മനു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 3.3 | 45,284 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| | 43,709 | ശ്രീ.ബി.മനു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | 1,01,206 | ശ്രീ.ജി.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ |
| 3.4 | 43,270 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| | 2,970 | ശ്രീ.ബി.മനു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | 20,833 | ശ്രീ.ജി.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ |
| 3.5 | 85,760 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| | 85,759 | ശ്രീ.എസ്.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | 1,03,097 | ശ്രീ.ജി.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ |
| | 1,03,096 | ശ്രീ.ജയൻ.എം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 3.6 | 1,20,797 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| | 1,20,796 | ശ്രീ.എസ്.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | 2,18,248 | ശ്രീ.ജി.അശോക് ലാൽ, മാനേജിംഗ് ഡയറക്ടർ |
| | 2,18,247 | ശ്രീമതി.ഇന്ദു.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |

| | | |
|---|---|---|
| 3.7 | 74,958 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 2,37,081 | ശ്രീ.ഷാജി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.8 | 2,52,714 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.9 | 24,218 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 4,809 | ശ്രീ.ഷാജി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.10 | 64214 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.11 | 83,062 | ശ്രീ.ഷാജി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.12 | 33,600 | ശ്രീമതി. അനുഷ.കെ, ചീഫ് ലാബ് ടെക്നീഷ്യൻ |
| 3.13 | 27,048 | ശ്രീമതി. അനുഷ.കെ, ചീഫ് ലാബ് ടെക്നീഷ്യൻ |
| **ആകെ** | **22,97,469** | |

നഷ്ടോത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസം രണ്ട് മാസത്തിനകം ലഭ്യമാക്കേണ്ടതാണ്.

### 4.3.3 തടസ്സപ്പെടുത്തിയ തുകയുടെ വിവരങ്ങൾ

| ഖണ്ഡിക | തുക |
|---|---|
| 3.3 | 99,640 |
| 3.5 | 28,87,494 |
| 3.14 | 3,82,205 |
| 3.15 | 34,209 |
| 3.16 | 4,03,200 |
| 3.17 | 3,72,945 |
| 3.18 | 80,31,584 |
| 3.19 | 23,150 |
| 3.20 | 1,04,148 |
| 3.21 | 1,79,550 |
| 3.22 | 1,70,000 |
| 3.23 | 6,47,791 |
| 3.24 | 3,30,750 |
| 3.25 | 3,01,214 |
| 3.26 | 4,54,233 |

| | |
|---|---|
| 3.27 | 36,746 |
| 3.28 | 20,49,273 |
| 3.29 | 8,51,850 |
| 3.30 | 30,33,383 |
| 3.31 | 8,87,864 |
| 3.32 | 71,66,925 |
| 3.34 | 3, 12,776 |
| **ആകെ** | **2,87,60,930** |

### 4.3.4 അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

| ക്രമ നം. | ഖണ്ഡിക നം. |
|---|---|
| 1 | 3.32 |
| 2 | 3.37 |
| 3 | 3.38 |
| 4 | 3.39 |

## 4.4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | വർഷം | നമ്പർ/തീയതി |
|---|---|---|
| 1. | 2005-06 | എൽ.എഫ്.എസ്.എ.റ്റി-എസ്2/37/2012 തീയതി 08.02.2012/16.04.2012 |
| 2. | 2010-11 | എൽ.എഫ്.എസ്.എ.റ്റി-എസ്2/99/2014 തീയതി 07.04.2015/12.06.2015 |
| 3. | 2011-12 | കെ.എസ്.എ-കെ.എച്ച്.ആർ.21/എസ്.2/2017 തീയതി 03.02.2017 |
| 4. | 2012-13 | കെ.എസ്.എ-കെ.എച്ച്.ആർ.102/എസ്.2/2017 തീയതി 17.07.2017 |
| 5. | 2013-14 & 2014-15 | കെ.എസ്.എ-കെ.എച്ച്.ആർ.122/എസ്.2/2020 തീയതി 15.03.2021/12.08.2021 |
| 6. | 2015-16 | കെ.എസ്.എ-കെ.എച്ച്.ആർ.197/എസ്.2/2021 തീയതി 04.05.2022 |

റിപ്പോർട്ടുകൾ തീർപ്പാക്കാനാവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം - 1**
**(ഖണ്ഡിക 3.37)**

| ക്രമ നം | വൗച്ചർ & ചെക്ക് നം./ തുക | ഇൻവോയിസ് നം./ തീയതി | KHRWS MD യുടെ ഉത്തരവ് | റീയേജന്റ് | നൽകിയ സ്ഥാപനം | എണ്ണം | വില | കാലാവധി തീരുന്ന തീയതി | ഉപയോഗിച്ച ACR ലാബ് |
|---|---|---|---|---|---|---|---|---|---|
| 1. | 106/2016-17 284061/ 18.04.2016 തുക: 26,05,129 | 4766/ 22.01.16 | 23.01.16 A3/296/ 16 KHRWS Dt.23.01.16 | AR FT3 CALIBARATOR , ABBOTT (Batch No. 53088-4100) | M/S TRICORE Medical System TVPM-1 | 1 | 590 | 03.02.16 | ACRL, MCH, തിരുവനന്തപുരം |
| 2. | 106/2016-17 284061/ 18.04.2016 തുക: 26,05,129 | 4855/ 29.01.16 | ” | ARC IPTHCAL ( ABBOTT) Batch No. 30151000 | ” | 1 | 590 | 09.02.16 | ” |
| 3. | 300/16-17 284098/ 12.05. 2016 തുക: 1195601 | ITC-3556-15-16 dt.27.02.16 | A3/634/ 16/ KHRWS dt.19.02.16 | Monitor (CZ 1259gn) 2x50T | Intech Trading Corporation Kottayam | 1 | 20127 | 31.03.16 | ” |
| 4. | 301/16-17 ചെക്ക് നം. 28099/ 12.05.16 തുക 2647533 | 5340/ 04.03.16 | A3/634/16/ KHRWS dt.19.02.16 | ARC HIV COMBO 500T ( ABBOTT) Batch No. 53114100 | Tricore Medical Systems Tvmp. -1 | 3 | 94500 | 21.03.16 | ACRL, MCH, തിരുവനന്തപുരം |
| 5. | 301/16-17 ചെക്ക് നം. 284099/ 12.05.16 തുക 2647533 | 5052/ 11.02.16 | A3/634/16/ KHRWS dt.19.02.16 | ARC HIV COMBO 500T ( ABBOTT) Batch No. 53114100 | Tricore Medical Systems Tvmp. -1 | 2 | 63000 | 21.03.16 | ” |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6. | 458/16-17 ചെക്ക് നം. 548889/ 31.05.16 തുക 548889 | B1-8B-1081/15-16 dt. 16.02.16 | ” | Sensor Casette: 600/15 with lotion pack Lot.217451 | Biowel inc Pattom, Tvmp. | 1 | 56070 | 13.03.16 | ” |
| 7. | 611/16-17 ചെക്ക് നം. 284106/ 28.06.16 തുക.3130474 | 5527/ 16.03.16 | A3/634/16/ KHRWS dt.19.02.16 | ARC HIV COMBO 500T ( ABBOTT) Batch No. 53114L100 | Tricore Medical Systems Tvmp. -1 | 2 | 63,000 | 21.03.16 | ” |
| 8. | 714/17 ചെക്ക് നം. 284125/ 16.07.16 തുക.927113 | A252/ 23.03.16 | A3 948/ 16/ KHRWS dt.18.03.16 | ARC HIV BA5C Cell control COMBO 500T ( 754700T) Batch No. 1028838K | B- Square Combines, Pettah Tvmp. | 1 | 20192.55 | 3/2016 | ” |
| 9. | 894/16-17 ചെക്ക് നം 284159/ 16.08.2016 തുക 14,89,295 | 32151/ 06.04.16 | A3 948/16 KHRWS dt.19.03.16 | HBs Ag 100T (Elecsys Roche) Batch No. 18770603, 04687787190 | Omkar enterprises Sasthamangalam , Tvmp. 10 | 2 | 4487 | 30.04.16 | ACRL MCH, കോട്ടയം |
| 10. | 894/16-17 ചെക്ക് നം 284159/ 16.08.2016 തുക 14,89,295 | 32332/ 13.04.16 | A3 .948/ KHRWS dt.18.03.16 | HBS Ag 100T Batch No. 18770603, 04687787190 | Omkar enterprises Sasthamangalam , Tvmp. 10 | 1 | 2243.85 | 30.04.16 | ACRL MCH, കോട്ടയം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | 1082/16-17 568910/ 09.09.16 തുക 2073463 | TMS/8B/ 16-17/ 0687 dt. 14.05.16 | A3/1609/16/ KHRWS dt.19.05.16 | ARC ANTI HCV RGT 500 TEST (ABBOTT) Batch No.56348L100 | Tricore Medical Systems Tvmp. -1 | 2 | 147000 | 03.06.16 | ACRL , തിരുവനന്തപുരം |
| 12 | 1260/16-17 568933/ 14.10.16 തുക 2160414 | TMS/8B/ 16-17 1048 dt. 07.06.16 | A3/1866/16 /KHRWS dt. 13.06.2016 | ARC HIV COMBO 500T ( ABBOTT) Batch No. 57030L100 | Tricore Medical Systems Tvmp. -1 | 3 | 94500 | 03.07.16 | ACRL , തിരുവനന്തപുരം |
| 13 | 1260/16-17 568933/ 14.10.16 തുക 2160414 | TMS/8B/ 16-17 1166/ dt. 15.06.16 | A3/1866/16 /KHRWS dt. 27.03.2016 | ARC ANTI HCV RGT 100T (ABBOTT) Batch No.57147L100 | Tricore Medical System, Tvmp. -1 | 2 | 29,400 | 17.06.16 | ACRL, KHRWS തിരുവനന്തപുരം |
| 14 | 1260/16-17 568933/ 14.10.16 തുക 2160414 | TMS/8B/ 16-17/ 1223 dt. 20.06.16 | A3/1866/16 /KHRWS dt. 23.03.2016 | VIDAS MYOGLOBINE 30T Batch No.10041900 | ” | 1 | 10,234.35 | 11.07.16 | ” |
| 15 | ” | TMS/8B/ 16-17 dt. 20.06.16 | A3/1866/16 /KHRWS dt. 13.03.2016 | ARC HIV COMBO 500T ( ABBOTT) Batch No. 57060L10010 | ” | 3 | 94,500 | 03.07.16 | ” |
| 16. | 2003/16-17 ചെക്ക്: 597000/ 16.02.2017 തുക 1423057 | 36300 dt. 04.10.16 | A3/3052/16/KHRWS dt. 18.10.2016 | HIV Combi 100T (Elecsys Roche) Batch No: 120952022 | Omkar enterprises Sasthamangalam Tvmp-10 | 1 | 3,970 | 31.10.16 | ACR MCH, തിരുവനന്തപുരം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 17. | 2056/16-17 ചെക്ക് നം : 597007/ 20.02.17 തുക 1909547 | TMS/8B/ 16-17 3200 dt. 20.10.16 | A3/3309/ 16/ KHRWS dt. 09.11.2016 | ARC Test Osterone ROGT 100T ( ABBOTT) Batch No. 10489UPOD | Tricore Medical System Tvmp. -1 | 1 | 7,350 | 08.11.16 | ACR LAB MCH, തിരുവനന്തപുരം |
| 18. | 2059/16-17 ചെക്ക്: 597007/ 22.02.17 തുക 144623 | 301/ 26.12.16 | A3/3726/16/KHRWS dt. 23.12.2016 | Maglumi - FT3 Batch No. 31512160 | 3 D Health care Solutions Palakkad | 2 | 7000 | 31.12.16 | ACR LAB MCH, കോഴിക്കോട് |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**